ഇതാ, നീ കൊതിച്ച പൂക്കാലം! നീ സൃഷ്ടിച്ച സ്വപ്നത്തിന്റെ വളപ്പൊട്ടുകൾ ചിതറിയ താഴ്‌വര! സ്വർണ്ണത്തുമ്പിയായി നീ പാറിനടക്കുന്ന മഞ്ഞത്താഴ്‌വര.


Best Compliments from:-

**THE CENTRAL AGENCIES**

(Agent for:- Godrej cattle feeds)

Market Road, THODUPUZHA

Ph: 2651

Res: 2851

Best Compliments from:-

**swapna agencies**

Market Road,

THODUPUZHA

**SHALIMAR TAILORS & DRY CLEANERS**

THODUPUZHA

for

Gents and Ladies

# കുഷ്ഠരോഗം-ആധുനികയുഗത്തിൽ

എസ്. ജി. നമ്പൂതിരി, I P D C

അയ്യായിരം വർഷങ്ങൾക്കു മുൻപു തന്നെ മനുഷ്യരാശിയുടെ മേൽ ആക്രമണം നടത്തിയിരുന്ന മഹാരോഗമാണ് കുഷ്ഠം. ഈ രോഗത്തെ ശാസ്ത്രീയമായ ചികിത്സാ രീതി മൂലം, നേരിടാൻ കഴിയുമെന്ന് മനസ്സിലാക്കിയിട്ട് ആറു വർഷങ്ങളേ ആയിട്ടുള്ളൂ. അതുവരെ ഈ രോഗത്തെക്കുറിച്ച് അതിശയോക്തി പരമായ പല അന്ധ വിശ്വാസങ്ങളും നില നിന്നിരുന്നു.

## അന്ധവിശ്വാസങ്ങൾ

ഈശ്വര കോപം കൊണ്ടും, മുൻജന്മ പാപം കൊണ്ടും, സർപ്പകോപം കൊണ്ടും മറ്റുമാണ് ഈ രോഗത്തിനു കാരണമെന്ന് ഉള്ള ധാരണ ഇന്നും സമൂഹത്തിൽ പ്രബലമായി ഉണ്ട്. ഇതു മൂലം കുഷ്ഠരോഗികൾക്ക് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ വേദനാജനകമാണ്. രോഗിയെ ജീവനോടെ കുഴിച്ചിട്ടാൽ രോഗം കുഴിയിൽ നിന്ന് രക്ഷപെടില്ല എന്ന തെറ്റിദ്ധാരണയിൽ രോഗികളെ ജീവനോടെ കുഴിച്ചിട്ടിരുന്നു. മരിച്ചുപോയ പിതാക്കളുടെ ആത്മശാന്തിയ്ക്കുവേണ്ടി നടത്തിയിരുന്ന പിതൃബലി നടത്താൻ ഭാരതത്തിലെ കുഷ്ഠരോഗികൾ വിലക്കപ്പെട്ടിരുന്നു.

ഇൻഡ്യയിൽ മാത്രമല്ല ഇതുപോലുള്ള ക്രൂര നിയമങ്ങൾ നില നിന്നിരുന്നത്. ജപ്പാനിലെ "ഷിന്റോ" പുരോഹിതന്മാരും കുഷ്ഠരോഗികളെ മത കർമ്മങ്ങളിൽ പങ്കെടുക്കാൻ അനുവദിച്ചിരുന്നില്ല. ചൈനീസ് ഗ്രാമങ്ങളിൽ രോഗികളെ ജീവനോടെ ചാക്കിൽ കെട്ടി കടലിലെറിഞ്ഞിരുന്നു. ഫ്രാൻസിൽ കുഷ്ഠരോഗികളെ തിരിച്ചറിയുവാൻ വേണ്ടി പ്രത്യേകതരം ഉടുപ്പണിയിച്ച് കഴുത്തിൽ മണികെട്ടുകയും ചെയ്തിരുന്നു. ഇൻഡോനേഷ്യയിൽ "സുമാത്ര" ദ്വീപിലെ ജനങ്ങൾ കുഷ്ഠരോഗികളുടെ ഭവനങ്ങൾ തീവെച്ചു നശിപ്പിച്ചിരുന്നു. ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാർ കുഷ്ഠരോഗികളെ ഒരു പെട്ടിയിലാക്കി നദിയിൽ ഒഴുക്കിയിരുന്നു.

അങ്ങനെ ക്ഷയം, മസൂരി, കോളറ തുടങ്ങിയ മഹാരോഗങ്ങളുടെ രോഗസംക്രമണ ശക്തിയെ അപേക്ഷിച്ച് ഇതു വളരെ നാവധാനം മാത്രം പകരുന്ന ഒരു രോഗമാണെങ്കിൽകൂടിയും, അതിന്റെ പേരിൽ രോഗികൾ ഇങ്ങനുള്ള തിക്താനുഭവങ്ങൾ സഹിക്കേണ്ടി വന്നിരുന്നു. മാത്രമല്ല ഇത് ഒരു പാരമ്പര്യ രോഗമായി വിശ്വസിച്ചു പോന്നു.

എന്നാൽ 1873-ൽ നോർവ്വെക്കാരനായ "ആർമൺ ഹാൻസൺ" കുഷ്ഠരോഗം പറഞ്ഞുന്നത്. "മൈക്രോബാക്ടീരിയ ലെപ്രെ" എന്ന പ്രത്യേകതരം അണുക്കളുടെ പ്രവർത്തനം മൂലമാണെന്നും ഇതൊരു പാരമ്പര്യ രോഗമല്ലെന്നും കണ്ടുപിടിച്ചതോടെ മുൻപറഞ്ഞ തെറ്റിദ്ധാരണകൾ നീങ്ങി. ഇതോടുകൂടിയാണ് കുഷ്ഠരോഗികളുടെ ക്ഷേമത്തിനായി മിഷണറിമാരും, സന്നദ്ധ സംഘടനകളും, ആരോഗ്യ പരിപാലകരും മുൻപോട്ടു വരുന്നത്.

ഒരു നോർവ്വീജിയൻ ശാസ്ത്രജ്ഞനായ "ദാനിയേൽസണും" (1817 - 1894), "ഹാൻസണും" (1841 - 1912) കുഷ്ഠരോഗികളെ സ്വസഹോദരരെപ്പോലെ സ്നേഹിച്ച് അവരെ പരിചരിച്ച്, അവരുടെ കൂടെ കഴിഞ്ഞ് അവസാനം ഇതേരോഗം പിടിപെട്ട് അന്തരിച്ച "ഫാദർ ഡാമിയനും" കുഷ്ഠരോഗ നിർമ്മാജ്ജനരംഗത്തെ ഉജ്ജ്വല താരങ്ങളാണ്.

## പ്രധാന ലക്ഷണങ്ങൾ

ശരീരത്തിൽ പലഭാഗങ്ങളിലായി കാണപ്പെടുന്ന ചുണങ്ങിനോടു സാദൃശ്യമുള്ള നിറ വ്യത്യാസങ്ങളാണ്. (നിറം മങ്ങിയ) ഇതിന്റെ പ്രാരംഭലക്ഷണം. ഈ ഭാഗത്ത് സ്പർശനശക്തി ഉണ്ടായിരിക്കില്ല. ഇതിനു പ്രധാന കാരണം രോഗാണുക്കൾ ത്വക്കിലെയും മറ്റും നാഡീ വ്യൂഹത്തെ ബാധിക്കുന്നതുകൊണ്ടാണ്.

കുഷ്ഠരോഗ ചികിത്സയിൽ ആധുനിക വൈദ്യശാസ്ത്രം പലതും സംഭാവന ചെയ്തിട്ടുണ്ടെങ്കിലും, ഈരോഗം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല മസൂരി, കോളറതുടങ്ങിയരോഗങ്ങളെപ്പോലെ കുഷ്ഠത്തിനു് പ്രതിരോധ കുത്തിവയ്പുകൾ ഒന്നും തന്നെയില്ല. കുഷ്ഠരോഗികളെ മുഴുവൻ കണ്ടുപിടിക്കുകയും അവരെയെല്ലാം പൂർണ്ണമായ ചികിത്സയ്ക്കു വിധേയരാക്കുകയും ചെയ്തില്ലെങ്കിൽ ലോകത്തിലെ കുഷ്ഠരോഗികളുടെ എണ്ണം 200 ലക്ഷത്തിലധികമാവുമെന്ന് W. H. O. മുന്നറിയിപ്പു നല്കുകയുണ്ടായി.

ചൈനയിലാണ് ഈ രോഗം ഏററവും കൂടുതൽഉള്ളത്. ഇൻഡ്യയിൽ ഏകദേശം 25 ലക്ഷം കുഷ്ഠരോഗികളുള്ളതായി ചില കണക്കുകൾ രേഖപ്പെടുത്തുന്നു. കേരളത്തിൽ ഇവരുടെ എണ്ണം 2 ലക്ഷമാണ്. തൃശ്ശൂർ ജില്ലയിലാണ് ഇതിൽ ഏററവും കൂടുതൽ.

## ചികിത്സിച്ച് മാററാവുന്ന രോഗം

ഈ രോഗത്തിന്റെ മൂർദ്ധന്യവസ്ഥയിൽ കൈകാൽ വിരലുകൾ അററുപോയി മററുപല അംഗവൈകല്യങ്ങളും ഉണ്ടാകുമെങ്കിലും, ആരംഭദശയിൽ തന്നെ കണ്ടു പിടിച്ച് ശാസ്ത്രീയമായി ചികിത്സിച്ചാൽ രോഗം അംഗവൈകല്യം കൂടാതെ പൂർണ്ണമായും നിയന്ത്രിക്കാം. കേരളത്തിൽ ഇതിനുവേണ്ടി സ്ഥാപിച്ചിരിക്കുന്നവയാണ് " സർവെ എഡ്യൂക്കേഷൻ & ട്രീററ്മെൻറ് സെൻററുകൾ" (S. E. T. സെൻറുകൾ). ഈ രംഗത്ത് ചില സാമൂഹികസംഘടനകൾ ചെയ്യുന്ന സേവനം സ്തുത്യർഹമാണ്, ഇതിനുദാഹരണമാണ് തൃശ്ശൂരിലുള്ള "ഡാമിയൻ ഇൻസ്റ്റിററ്യൂട്ട്".

ഈ രംഗത്ത് സാധാരണക്കാർക്ക് ചെയ്യാവുന്നത്, ത്വക്കിലെ എല്ലാ നിറവ്യത്യാസങ്ങളും, പാടുകളും, പരിശോധനയ്ക്കു വിധേയമാക്കി, രോഗം ഇല്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയാണ്. അങ്ങനെ ഈ സമൂഹത്തെ ഈ മാരകരോഗത്തിൽ നിന്ന് രക്ഷപെടുത്തുവാനുള്ള യജ്ഞത്തിൽ നാം പങ്കുചേരേണ്ടിയിരിക്കുന്നു.

# കായലും തീരവും

സത്യൻ എം. കെ., II P. D. C.

ഒഴുകുന്ന കുഞ്ഞലത്താരാട്ടിനൊപ്പം
ഒരു കായലെന്തു ചന്തം !
അവളുടെ മാറിലായ് കൊച്ചുവള്ളങ്ങൾ
മൃദുതാളമോടെ നീങ്ങുന്നു.
അമൃതകുംഭങ്ങൾ തൻ ഭാരവുംപേറി
ഹരിതാഭയോടെ കേരങ്ങൾ.
ഇരു തീരഭൂമിയിൽ നിൽക്കുന്നു തിങ്ങി
കുളിരാർന്ന തെന്നലിലാടിയാടി.

എവിടെയുമദ്ധ്വാന സംഗീത താളങ്ങൾ
ഉണരുന്നു രോമാഞ്ചമോടെ.
കയർ പിരിക്കുന്നവർ, തൊണ്ടുതല്ലീടുവോർ
അവരെത്രയുത്സാഹശീലർ !
ഒരു നല്ലനാളെയ്ക്കായ് കായലിൻ തീരം
കളമൊരുക്കീടുന്ന നേരം,
ഇവിടൊരു കവിയുടെ കരളിലൂടാരംഗം
കവിതയായ് വിരിയുന്നു മെല്ലെ!

# "ഒരു ഇൻഡ്യൻ പൗരന്റെ കഥ"

ചെറുതിരക്കഥ

ലിസി

സീൻ- 1

മധ്യാഹ്നം കത്തി ജ്വലിക്കുന്ന സൂര്യ ന്റെ ചുവട്ടിൽ ഉഷ്ണിക്കുന്ന പട്ടണം. ശൂന്യ മായ നിരത്ത്. (ലോങ്ങ് ഷോട്ടിൽ) അക ലെ ഒരു രൂപം. ക്രമേണ long ൽ നിന്നും Middle close ലേക്ക് ഇപ്പോൾ രൂപം കുറെ കൂടി വ്യക്തമാവുകയാണ്. അവശനായ ആ കെ തകന്ന ഒരു വൃദ്ധൻ. നരകയറിയ മുഖ ത്തും വിയർപ്പിന്റെ ചാലുകൾ.

സീൻ - 2

വൃദ്ധന്റെ മുഖം close up - ൽ കല ങ്ങിയ മങ്ങിയ മിഴികളിൽ ഹൃദയത്തിന്റെ ദൈന്യതയുടെ ഓളങ്ങൾ. വിണ്ടുകീറിയ ചു ണ്ടുകൾ. നരച്ച മലിമസമായ താടിരോമ ങ്ങൾ. ചാലുകൾ കീറിയ കവിൾ ത ടങ്ങൾ.........

സീൻ - 3

വൃദ്ധന്റെ പിൻ ഭാഗം .... നിരത്തി ലൂടെ വിറയലോടെ ചലിക്കുന്ന വൃദ്ധന്റെ നിഴൽ .....നിമിഷങ്ങളോളം ക്യാമറ നിഴ ലിനെ പിൻതുടരുന്നു.

സീൻ - 4

വഴിയോരത്തെ തെരുവു പൈപ്പ്.... ക്യാമറയുടെ കാഴ്ചപാടിലേക്ക് വൃദ്ധന്റെ നിഴൽ നടന്നു കയറുന്നു.

(Camera turn ചെയ്യുക) ഇപ്പോൾ വൃ ദ്ധന്റെ മുഖം കാണാം. വൃദ്ധന്റെ മിഴിക ളിൽ സന്തോഷം. അയാൾ മെല്ലെ പൈ പ്പിനെ സമീപിക്കുകയാണ്. വൃദ്ധന്റെ നിഴൽ പൈപ്പിൻ ചുവട്ടിൽ എത്തി. വിറ യാർന്ന കൈകൾ പൈപ്പിൽ സ്പർശിക്കുന്നു. മെല്ലെ ടാപ്പ് തിരിക്കുന്നു .....ഇല്ല. ഒരു തു ള്ളി വെള്ളം പോലും വരുന്നില്ല. അപ്പോൾ നിർവ്വചിക്കാനാവാത്ത ഒരു വികാ രം വിലയം ചെയ്യുന്ന വൃദ്ധന്റെ മുഖം close up ൽ

സീൻ - 5

വൃദ്ധൻ നടക്കുകയാണ്.........വിറയ ലോടെ നീങ്ങുന്ന അയാളുടെ നിഴൽ...... തിരക്കു കുറഞ്ഞ ഒരു ഹോട്ടലിനു മുന്നിൽ അയാൾ നിന്നുപോകുന്നു. വിറയലോടെ മു ഖം തിരിച്ച് ഹോട്ടലിലേക്കു നോക്കുമ്പോൾ ......കുറെ ചൂടുവെള്ളം അയാളുടെ മേൽ പ തിക്കുന്നു...... കൂടെ ശകാരവും ......"ഫാ തെണ്ടി...കടന്നുപോ"......പുളയുന്ന വേ ദനയോടെ അയാൾ കടന്നുപോകുന്നു.

സീൻ - 6

മധ്യാഹ്നത്തിലെ തിരക്കു കുറഞ്ഞ മുനിസിപ്പൽ ബസ്സ്റ്റാൻഡ്. Standനു പി ന്നിൽ വലിയ Drainage Pipe ...... പൈ പ്പിനുള്ളിലേയ്ക്ക് വൃദ്ധൻ ഇഴഞ്ഞു കയറി... തളർന്നിരിക്കവെ പൈപ്പിന്റെ അങ്ങേ ത ലയ്ക്കൽ ഒരപസ്വരം...മെല്ലെ പതിഞ്ഞ ശബ്ദം...... " ടോ...... ടോ......"

വൃദ്ധൻ തിരിഞ്ഞു നോക്കുമ്പോൾ പ്രാ കൃതയായ ഒരു സ്ത്രീയുടെ രൂപം അവ്യക്തമാ യി. ക്രമേണ ആ മുഖം Close up ൽ ...... ഒരു വികൃത ചിരിയോടെ ആ ചടച്ചമുഖം വികസിച്ചു നില്ക്കുന്നു അവൾ കൈനീട്ടി വൃദ്ധനത് കാണാനാവുന്നില്ല. അയാൾക്കെ ല്ലാം അവ്യക്തമാണ്.

സീൻ - 7

ക്യാമറ വൃദ്ധനു പിന്നിൽ...... വൃദ്ധ യ്ക്ക് പിന്നിൽ...... വൃദ്ധ നിരങ്ങി നീങ്ങുക യാണ്......വൃദ്ധൻ നിശ്ചലതയുടെ വലയ ങ്ങളിൽ......


സീൻ - 8

വൃദ്ധയുടെ വിറയാർന്ന കരങ്ങൾ, വൃ ദ്ധന്റെ മടി പരതുകയാണ്. ശൂന്യമായ മ ടി.. വൃദ്ധയുടെ മിഴികളിൽ നിരാശ പടര വേ വൃദ്ധന്റെ ചേതനയററ കൈകൾ വൃദ്ധ യുടെ മേൽ പതിച്ചു...

---

# തെയ്യം–തിറയാടുന്ന കോലത്തുനാടും തുളുനാടും

തുലാം പത്തു കഴിഞ്ഞാൽ പൊത്തിലിരിക്കണമെന്നാണ് കാ രണവന്മാരുടെ വാമൊഴി. അതൊ രു പഴമൊഴിയുമാണ്. പക്ഷേ വട ക്കെ മലബാറിനെ സംബന്ധിച്ചി ടത്തോളം തുലാം പത്തുകഴിഞ്ഞാൽ വഴിയോരങ്ങളിൽ അവരുണ്ടാകും - തെയ്യം – തിറയാടുന്ന ഗ്രാമീണ നാ ടോടി അനുഷ്ഠാന കലാകാരന്മാർ



കാട്ടിലെ അന്തേവാസിയായി രുന്ന മനുഷ്യൻ കാടിനേയും കാടി ന്റെ ഭീതിദമായ ഇരുട്ടിനേയും ഇ രുട്ടിലെ അസാധാരണ ശബ്ദങ്ങളേ യും വൻമരങ്ങളേയും ഭയപ്പെട്ടിരു ന്നുവല്ലോ. തീയും അവനു് ഉൾക്കി ടിലമുണ്ടാക്കിയിരുന്നു. അങ്ങനെ എന്തിനേയും ഭയന്നിരുന്ന കാടിന്റെ അഥവാ പ്രാചീന മനുഷ്യന്റെ മ നസ്സും ശരീരവും ബുദ്ധിയും വിക സിക്കുന്നതനുസരിച്ച് അവനറിയാ തെ തന്നെ അവന്റെയുള്ളിൽ വേ രു പിടിച്ച ആരാധനാ മനോഭാവം കാലാന്തരത്തിൽ ഭയഭക്തി ബഹു മാനാദരവുകളോടെയുള്ള ആരാധന ക്കു തുടക്കമിട്ടു എന്നാണ് കരുതപ്പെ ടുന്നതു്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും ജീവിത സാഹചര്യങ്ങൾ കൊ ണ്ടും സ്വന്തം വികാസപരിണാമങ്ങളിൽ പ്രാദേശികമായി ആരാധനാ രൂപങ്ങൾ ക്ക് മൂർത്തരൂപം കൈവന്നു. അങ്ങനെഗ്രാമ ഗ്രാമന്തരങ്ങളിൽ ഗ്രാമീണരുടെ മാനസിക വ്യാപാരവും ആരാധനയും താദാത്മ്യം പ്രാ പിച്ചതോടെ അനുഷ്ഠാനപരമായ കലകൾ ക്ക് ശക്തി പകർന്നു. അപ്രകാരം സാധാരണ ക്കാരായ ഗ്രാമീണരുടെ ആരാധനാസമ്പ്രദാ യങ്ങളിൽ കേരളത്തിൽ വടക്കെമലബാറിനു മാത്രം തനതായ പ്രാദേശിക അനുഷ്ഠാന ക ലയുണ്ടായി.

മൊത്തത്തിൽ അവയെ തെയ്യമെന്നും തിറയെന്നും പറയപ്പെടുന്നു. ജനസാമാന്യ ത്തിനു് ദൈവവിശ്വാസമുണ്ടാക്കുന്ന പ്രതി രൂപദർശനമായി ചലിക്കുകയും സംസാരി ക്കുകയും ചെയ്യുന്ന ദൈവങ്ങൾ മനുഷ്യനിൽ ദേവതാ സങ്കല്പം പൂർണ്ണമായി ആരോപിക്കു

നം. ഭക്തിയുടെ ലോകത്തേക്ക് സാധാരണക്കാരെ ആകർഷിക്കുന്നു.

നാടൻ ശീലുകളുടെ ഈണവും താളവും ഇടകലർന്ന ഗ്രാമീണ കേരളത്തിന്റെ ശാലീന ഭംഗി പകർത്താൻ ഗ്രാമീണ നർത്തനകലക്ക് രൂപവും ഭാവവും കൊടുത്ത പ്രപിതാമഹന്മാരുടെ അസാധാരണമായ കലാ പാടവമാണ് അനുഷ്ഠാന കലകളിലൂടെ പുനരാവർത്തനം ചെയ്തു കൊണ്ടിരിക്കുന്നത്.

വ്രതാനുഷ്ഠാനം, മന്ത്രാനുഷ്ഠാനം, തന്ത്രാനുഷ്ഠാനം, കർമ്മാനുഷ്ഠാനം തുടങ്ങിയ അനുഷ്ഠാന ഭേദങ്ങളും ശക്ത്യാരാധന, ശൈശവാരാധന, ഭൂതാരാധന, നാഗാരാധന വൈഷ്ണവാരാധന, ഗന്ധർവ്വാരാധന, മൃഗാരാധന, പ്രേതാരാധന, പൂർവ്വികാരാധന, വീരാരാധന തുടങ്ങിയ രൂപഭേദങ്ങളും ഉള്ള ഈ അനുഷ്ഠാന കലക്ക് കേരളത്തിലുടനീളം സാമ്യമുണ്ടെങ്കിലും തികച്ചും പ്രാചീന ഭീകര ബീഭത്സരൂപങ്ങളിലുള്ള മൂർത്തമായ കലാവിഷ്കരണം വടക്കേ മലബാറിനു മാത്രം അവകാശപ്പെട്ടതാണ്.

ദക്ഷിണ കേരളത്തിൽ കണ്ണകിയും കാളിയും മദ്ധ്യകേരളത്തിൽ കണ്ണകി, കാളി, നാഗങ്ങൾ എന്നിവയും പാലക്കാടൻ ഗ്രാമങ്ങളിൽ പാണ്ഡവൻ കഥയും നിഴൽക്കൂത്തും ഉത്തര കേരളത്തിൽ ദേവീദേവന്മാർ, യക്ഷഗന്ധർവ്വന്മാർ, ഭൂതപ്രേതങ്ങൾ എന്നിങ്ങനെയാണ് സാധാരണമായി കണ്ടുവരുന്ന അനുഷ്ഠാന വ്യത്യാസങ്ങൾ.

കാവുകളുടെ മതിൽക്കെട്ടിലൊതുക്കി സ്ഥിരമായി തെയ്യക്കോലം കെട്ടുക, അവർ തന്നെ വീടുകളിൽ വഴിപാടായി നടത്തുക ഇതൊക്കെ മലബാറിന്റെ മണ്ണിൽ നിത്യേനയുള്ള കാഴ്ചകളാണ്. ശക്തിയുടെ പ്രതീകമായിട്ടാണിവ കരുതപ്പെടുക. ഗ്രാമത്തിന്റെ വൈവിധ്യങ്ങൾ തെയ്യം തിറയിൽ കാണാം.

കാവിൽ നിന്നും അടുത്തകാലത്ത് മറ്റെല്ലാകലകളെയും പോലെ തെയ്യങ്ങളും സ്റ്റേജിലേക്ക് കയറിയതിന്റെ പിന്നിലും കഠിനമായ അധ്വാനത്തിന്റെ കഥയുണ്ട്. അപ്പോൾ മൗലികമായി മാറിയെന്ന പരാതിയുമുണ്ടാകാം.

വേഷം കെട്ടിയാൽ ഇഹലോക ബന്ധം വെടിഞ്ഞ് പ്രത്യേകമായ ഭാവം ഉളവാക്കുന്നു എന്നു വിശ്വസിക്കുന്ന ഗ്രാമീണൻ അക്ഷരാർത്ഥത്തിൽ ചലിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ദൈവമാകുകയാണ്. അപ്പോഴുള്ള അരുളപ്പാടിനും അനുഗ്രഹാശിസ്സുകൾക്കും പ്രത്യേക വില തന്നെ കല്പിക്കുന്നു.

നവ രസങ്ങൾ ചേർന്ന നൃത്ത കല എന്ന് ഒററ വാക്കിൽ പറയാമെങ്കിലും നൃത്തത്തിന്റെ പ്രാദേശിക ആട്ട പ്രകാരത്തിനു വ്യത്യാസമുണ്ട്. കഥകളിയിൽ തെക്കൻ ചിട്ട എന്നു പറയുംപോലെ വേഷം കെട്ടുന്നവരുടേയും താളക്കാരുടേയും മനോധർമ്മമനുസരിച്ച് താളമാററവും ചുവടുമാററവും ഉണ്ടാകും. അതിനർത്ഥം നിശ്ചിതമായ ലിഖിത നിയമങ്ങൾ ഇല്ലെന്നാണല്ലോ. തന്നെയുമല്ല കൊട്ടാരക്കെട്ടിലിരിക്കുന്ന തമ്പ്രാക്കന്മാരേയും തമ്പുരാട്ടിമാരേയും രസിപ്പിക്കാനുണ്ടായ കലകളിൽ പ്രമുഖ സ്ഥാനമുള്ള തെയ്യവും അവർണരെന്നു മുദ്രയടിക്കപ്പെട്ടവരുടെ അനുഷ്ഠാന കലയായി കരുതപ്പെട്ടിരിക്കുന്നു. എങ്കിലും ദൈവത്തിന്റെ പരിവേഷമണിഞ്ഞാൽ വണ്ണാനെയും പുലയനെയും മലയനെയും പൂവിട്ടു പൂജിക്കുന്ന വിചിത്രമായ സവർണ സങ്കല്പം ഒന്നുമാത്രമാണീ അനുഷ്ഠാന കലയുടെ അന്തസത്തയും.

തെയ്യക്കോലങ്ങളുടെ വേഷവിധാനങ്ങൾ, ചുട്ടി, ആടയാഭരണങ്ങൾ, നൃത്തനൃത്യങ്ങൾ, താളമേളങ്ങൾ, വാദ്യത്താരികൾ, തോററം പാട്ടുകൾ എന്നിവയിൽ പാണ്ഡിത്യമുള്ള അനുഷ്ഠാന കലാകാരന്മാരുടെ എണ്ണം ഇന്നും പരിമിതവും ആധുനിക പാശ്ചാത്യപൗരസ്ത്യ സമ്മിശ്ര കലാപ്രകടനങ്ങളുടെ അതിപ്രസരവും തെയ്യം തിറകളെ വഴിയോരങ്ങളിലും വയലേലകളിലും ഇളകിയാടാൻ വിട്ടിരിക്കുന്നു.

മൂന്നുവശവും കെട്ടിപ്പൊക്കി നിൽക്കാനൊരു തറയും അതിനൊരു മറയും ഉണ്ടെങ്കിൽ ഇന്ന് ഏതും കലയാക്കാം എന്നതിനു വിഭിന്നമായി പാഞ്ചാരി, ചെമ്പട, തൃപട താളങ്ങളിലൂടെ, തോററം പാട്ടുകളുടെ അകമ്പടിയോടെ, തെയ്യക്കോലങ്ങൾ ഇളകിയാടുന്ന മാമരങ്ങളുടെ ചുവട്ടിൽ നിൽക്കുമ്പോൾ ഗ്രാമീണ കേരളത്തിന്റെ ഉൾത്തുടിപ്പുകൾ ഏററു വാങ്ങുന്ന അനുവാചകനും ആസ്വാദകനും ദൈവീക പരിവേഷത്തിലെത്തിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

(അപൂർണ്ണം—)

അനുഷ്ഠാന കലകളെപ്പററി ശ്രീ. കരിങ്കന്നം രാമചന്ദ്രൻനായർ തയ്യാറാക്കുന്ന ഗവേഷണ പ്രബന്ധങ്ങളിൽ നിന്ന്

സമ്പാദകൻ: ശ്രീരമണൻ


## കോലാനി സർവ്വീസ് സഹകരണ ബാങ്ക്

(ക്ലിപ്തം) നമ്പർ 969.
തൊടുപുഴ P. O. ഇടുക്കി ജില്ല Phone: 2318.

"എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു"
"എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു"
"കാർഷിക കാർഷികേതര വായ്പകൾ"
"പ്രതിമാസ ലേലച്ചിട്ടികൾ"
"പ്രതിമാസ ലേലച്ചിട്ടികൾ"
"സ്വർണ്ണപ്പണയത്തിൻമേൽ വായ്പ"
സ്ഥിരനിക്ഷേപത്തിന് പ്രതിമാസം പലിശ നൽകുന്നു.
മേന്മയേറിയ എല്ലാവിധ തുണിത്തരങ്ങളും കൂടാതെ
എല്ലാവിധ വളങ്ങളും വിതരണം നടത്തുന്നു.

എം. എസ്. നാരായണപിള്ള
സെക്രട്ടറി.

കെ. എൻ. ശ്രീധരൻ പിള്ള
പ്രസിഡൻറ്.



ആശംസകളോടെ

## പുഷ്പാ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ & ഓട്ടോ കൺസൾട്ടിംഗ് സെൻറർ

പ്രൈവററ് ബസ്സ്റ്റാൻഡിനു സമീപം
തൊടുപുഴ.

## തരംഗിണി സെയിൽസ് ഏജൻസീസ്

(ശ്രീകൃഷ്ണാ തീയേറററിന് സമീപം)
തൊടുപുഴ.

എല്ലാ പ്രമുഖ കമ്പനികളുടേയും കാസററുകൾ ഇവിടെ ലഭ്യമാണ്.

---

*Best Compliments from:-*

**PRAKASH PHARMACEUTICALS**

Main Road, THODUPUZHA.

---

Photostat Copies in Automatic japanese Machine

★ **N. P. WORKS** ★

(TELEPHONE EXCHANGE JUNCTION)

THODUPUZHA

---

നിക്ഷേപങ്ങൾക്ക് ആകർഷണീയ പലിശ

★ വിശ്വസ്ത സേവനം ★

സമീപിക്കുക.

## ഷാലിമാർ ഫൈനാൻസിയേഴ്സ്

ജ്യോതി സൂപ്പർ ബസാർ, തൊടുപുഴ.


# കലാരംഗം



ആർട്ട്സ് ക്ലബ് ഉൽഘാടനം
പ്രശസ്ത സിനിമാതാരം
**രോഹിണി**
നിർവ്വഹിക്കുന്നു.

കലാസ്വാദകർക്ക് സ്വാഗതം - ഷാജി P. G.



കൃതജ്ഞത ഷീല N.



Rev. Sr. Ritty, Principal, Little Flower College Inaugurates'' Vanitha Sammelanam',



T. K. Vijayakumar
Ist in Elecution
(held by Forestry club)





Mathew Sebastian
Ist in English Elecution



Sasidharan Pillai S.
Ist in Drawing



Ambika U. A.
Ist in Malayalam Eassy

# നഷ്ടസ്മൃതി

ഡാർലി ജോസ്, II B. A. Economics

കുഞ്ഞിന്റെ കരച്ചിൽകേട്ട് അ
യാൾ മുഖം തിരിച്ചു. മുഖത്തു വീണ കമ്പി
ളിപ്പുതപ്പു മാററുവാൻ ശ്രമിച്ചിട്ട് കഴിയാ
ത്തതിൽ പ്രതിഷേധിച്ചു കരയുകയാണ
മൂന്നുവയസ്സുകാരൻ. അയാൾ തൊട്ടിലിനരി
കെ ചെന്നു് കുട്ടിയെ എടുത്തു. വീണ്ടും ജന
ലിനകരികിൽ വന്നുനിന്നു് പുറത്തെ കാഴ്ചകൾ
കാണുവാൻ തുടങ്ങി. തൊടിയിൽ പാട്ടു
പാടി പാറിനടക്കുന്ന ചിത്രശലഭങ്ങളെയും
തുമ്പികളെയും കണ്ടിട്ട് കുഞ്ഞിനു് ചിരി
വന്നു. പക്ഷെ! അയാൾക്ക്, ശ്രീകുമാറിനു്
ചിരിക്കുവാൻ കഴിഞ്ഞില്ല കേവലം ഏഴ
ദിവസം കൊണ്ടു് ശ്രീകുമാർ ചിരിക്കുവാൻ
മറന്നു പോയിരുന്നു. ഏഴുദിനങ്ങൾ അയാ
ളിൽ വരുത്തിയ മാററങ്ങൾ. ശാരീരിക
മായും മാനസികമായും അയാൾ തളർന്നി
രുന്നു. എണ്ണമയം ലേശവുമില്ലാത്ത മുടിയി
ഴകൾ. ഷേവുചെയ്യാത്ത മുഖം. മുഷിഞ്ഞ
മുണ്ടും ജൂബയും. ശ്രീകുമാറിന്റെ മുഖത്തു്
അൽപംപോലും സന്തോഷമില്ലായിരുന്നു.

ശ്രീകുമാർ വേദനയോടെ ഓർക്കുവാൻ
ശ്രമിച്ചു. രേണുകയുണ്ടായിരുന്നുവെങ്കിൽ.
എങ്കിൽ ഒരിക്കലുമിങ്ങനെ മുഷിഞ്ഞ വ
സ്ത്രങ്ങളുമായി നടക്കുവാൻ അനുവദിക്കുകയി
ല്ലായിരുന്നു. തനിക്ക് രേണുകയുടെ കാര്യ
ത്തിൽ യാതൊരു താൽപര്യമോ ശ്രദ്ധയോ
ഇല്ലായിരുന്നുവെങ്കിൽപോലും അവൾക്ക്
തന്റെ കാര്യങ്ങളിൽ എന്തു ശ്രദ്ധയായി
രുന്നു. ഉൽക്കണ്ഠയായിരുന്നു. ശ്രീയേട്ടൻ കു
ളിച്ചോ? ഊണു കഴിച്ചോ? ഇന്നു് ഏതു ഷ
ർട്ടാണു് ധരിക്കുന്നതു്? എന്നിങ്ങനെയുള്ള
അവളുടെ ചോദ്യങ്ങൾ, പക്ഷെ അവളുടെ
നിഷ്കളങ്കമായ മനസ്സിനെ കണ്ടെത്താൻ
വൈകിപ്പോയി. രേണുക തനിക്ക് ഒരു
സഹോദരിയും അമ്മയും ഭാര്യയും എല്ലാമെ
ല്ലാമായിരുന്നു. പക്ഷെ അവളുടെ സ്നേഹം
ആത്മാർത്ഥത ഒന്നും മനസ്സിലാക്കുവാൻ സാ
ധിച്ചില്ല. സ്നേഹിക്കാൻ മാത്രമറിയാവുന്ന
നിഷ്കളങ്കയായ പെൺകുട്ടി. തങ്ങളുടെ
മകനെ തന്റെ കൈകളിൽ ഏൽപ്പിക്കണ
മെന്നുള്ള രേണുകയുടെ അന്ത്യാഭിലാഷം
പോലും താൻ നിറവേററിക്കൊടുത്തില്ല.
ശ്രീകുമാറിനു് സ്വയം അവജ്ഞ തോന്നി.

"അച്ഛാ, അമ്മ ചിരിക്കുന്നല്ലോ." കു
ഞ്ഞിന്റെ വാക്കുകൾ ശ്രീകുമാറിനെ ദുഃഖ
സ്മൃതികളുടെ ലോകത്തുനിന്നുമുണർത്തി.
മകൻ കൈചൂണ്ടിക്കാണിച്ചിടത്തേക്ക് ശ്രീ
കുമാർ നോക്കി. തന്റെയും രേണുകയുടെയും
വിവാഹഫോട്ടോ. മകൻ പറഞ്ഞതു് ശരി
യാണെന്നയാൾക്കു തോന്നി. രേണുക തന്നെ
നോക്കി ചിരിക്കുകയാണു്. തന്നെ തോൽ
പിച്ചതിനു് പരിഹസിച്ചു ചിരിക്കുകയാ
ണവൾ. ശ്രീകുമാറിനു് ഉറക്കെ, ദിഗന്ത
ങ്ങൾ പൊട്ടുമാറുച്ചത്തിൽ കരയണമെന്നു
തോന്നി. വേദനകൾക്കിടയ്ക്കും ചിരിക്കുവാൻ
മാത്രമറിയാവുന്ന പെൺകുട്ടിയായിരുന്നു രേ
ണുക. തുളസിക്കതിർപ്പോലെ പരിശുദ്ധ
യായ ഒരു ഗ്രാമീണ കന്യക. പക്ഷെ തനിക്ക
വളെ; അവളുടെ പരിശുദ്ധിയെ പുച്ഛമായി
രുന്നു. ശ്രീകുമാർ എന്ന തത്വജ്ഞാനി
ഇഷ്ടപ്പെടാത്ത പരിശുദ്ധിയും വെൺമയും
നിറഞ്ഞുനിന്ന പുൽക്കൊടിത്തുമ്പിലെ തു
ഷാരബിന്ദുവായിരുന്നു രേണുക. അമ്മയുടെ
നിർബന്ധത്തിനു വഴങ്ങിയാണു് പരിഷ്
കാരിയായ താൻ പരിഷ്കാരം എത്തി
നോക്കിയിട്ടില്ലാത്ത ഗ്രാമത്തിൽ നിന്നും ഗ്രാ
മീണ കന്യകയെ വിവാഹം ചെയ്തതു്. വി

വാഹത്തിനു പ്രേരിപ്പിച്ച അമ്മയോടുള്ള ദേഷ്യം മുഴുവനും രേണുകയോടായിരുന്നു തീർത്തു്. എങ്കിലും എല്ലാ വേദനകളും ദുഃഖങ്ങളും ഒരു പുഞ്ചിരിയിൽ ഒളുക്കിനിർത്തിയിരുന്ന നിഷ്കളങ്കയായ പെൺകുട്ടി. അവസാനം മാരകമായ ല്യൂക്കീമിയായുടെ കരാളഹസ്തങ്ങളിലമർന്നിട്ടും കരയാനറിയാതെ, നിരാശപ്പെടാതെ, ചിരിക്കുവാൻ മാത്രമറിയാവുന്ന അവളെ ശുശ്രൂഷിക്കുവാൻ, ഒരു സ്വാന്തന വാക്കു പറയുവാൻ തനിക്കു കഴിഞ്ഞില്ല.

അച്ഛാ പൂവു വേണം. കുഞ്ഞുമോൻ തൊടിയിലേക്കു നോക്കി കരയുവാൻ തുടങ്ങി. അച്ഛന്റെ നിസ്സംഗതാഭാവം കണ്ടിട്ടാവണം കുഞ്ഞു് അയാളെ പിച്ചാനും മാന്താനും തുടങ്ങി. അയാൾ കുട്ടിയുടെ ശാഠ്യം മാറുവാനായി തൊടിയിലേക്കിറങ്ങി. കുഞ്ഞിനെ തറയിൽ നിറുത്തി പൂവു പറിക്കുവാനായി ചെടിയുടെ സമീപത്തേക്കു നീങ്ങിയപ്പോൾ കുഞ്ഞു് അയാളുടെ കൈ വിടുവിച്ചു് അപ്പോൾ കണ്ടതുമ്പിയുടെ പിറകെ ഓടിത്തുടങ്ങി. കുട്ടിയുടെ സാമീപ്യം ഗ്രഹിച്ചെന്നപോലെ തുമ്പി ഓരോ ചെടിയേയും പിന്നിട്ടു് മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. അവസാനം തുമ്പിയെ പിടികിട്ടാത്തതിൽ ശാഠ്യം പിടിച്ചുകരയുന്ന കുഞ്ഞിന്റെ ആഗ്രഹം സാധിച്ചുകൊടുക്കുവാൻ വേണ്ടി അയാളും ഒരു കൊച്ചുകുഞ്ഞായി, പതുങ്ങി പതുങ്ങി തുമ്പിയുടെ പുറകെ നടപ്പായി. 'ഹായ് കിട്ടിപ്പോയി.' മകൻ ആർത്തുവിളിച്ചു. ഒപ്പം അയാളും. നൂലിൽ കെട്ടിത്തരുച്ഛാ, മകൻ പറഞ്ഞു. പക്ഷെ, ഒരുനിമിഷം. കൈയിലിരുന്നു് പിടയുന്ന തുമ്പിയെ കണ്ടപ്പോൾ അയാൾക്കു് ആ സാധുജീവിയെ മകനു് കളിപ്പാട്ടമായി. കൊടുത്താൽ ഒരു പക്ഷേ ഇതിന്റെ ഇണയും തന്നെപ്പോലെ വിരഹവേദനയുടെ തീച്ചൂളയിൽ വെന്തുരുകേണ്ടിവരും. വേണ്ട, അതുവേണ്ട. അയാൾ തുമ്പിയെ വിട്ടശേഷം മകനെ വാരിയെടുത്തു മാറോടണച്ചു തന്റെ പ്രിയപ്പെട്ടവളുടെ കുഴിമാടത്തിലേക്കു് ഒരു കമ്പിൾപ്പൂവുമായി നടന്നു.

*Best Wishes:-*

For Radio Spares, Musical Instruments and Audio Cassette

**BOM BEAT**

**THODUPUZHA**

## ഓർമ്മയിലൂടെ

വിജയമ്മ ആർ. IInd P D C

പറയാത്ത വാക്കുകൾക്കപ്പുറം–ഹൃദയത്തി–
ലൊരു പാട്ടുമുറിവുകൾകണ്ടു.
മുറിവിലൂടൊഴുകുന്ന രക്തത്തിലങ്ങിങ്ങു
ശിഥില ബന്ധങ്ങളും കണ്ടു.
വരളുന്ന കണ്ണിന്റെ അടിവേരുകൾ തെല്ലു
തെളിനീരു തിരയുന്ന കണ്ടു
കണ്ണുനീർ പൂക്കളായതിനെ വിരിയിച്ചു
കുളിരുവാൻ വെമ്പുന്ന കണ്ടു.
ഓമ്മതൻ ചെപ്പിലായ് സൂക്ഷിക്കുവാനൊരു
ചുടുചുംബനത്തിനായ് വെമ്പി
വിറയുന്ന ചുണ്ടുകൾ ചിറകാൻ നഷ്ടമാം
ഒരു സ്വപ്ന ലോകം ശമിക്കാൻ
വെറുതെയീമോഹങ്ങളെന്നറിയുന്നു നീ–
ന്നരികെ ഞാനണയുന്നു മന്ദം
നിന്നെയെൻ മടിയിൽ കിടത്തിയാ നെററിയിൽ
മുകരുവാനുണരുന്ന ദാഹം
വിരലുകൾ തലയിലൂടൊഴുകുന്നു വദനത്തിൽ–
വിരിമാറിലെത്തി നിൽക്കുന്നു
ഇവിടെ നിൻകൈകൾ വന്നെന്റെ കൈപൊതിയുന്നു
ഹൃദയമിതു നിന്റേതാണെന്ന മൊഴി
തുടികൊട്ടി അറിയിച്ചുനില്ക്കുന്നു; പിന്നെ;-

## വർണ്ണനൃത്തം

ഷാനവാസ് പി. എ., II P D C

കറുപ്പിൽ മനസ്സിന്റെ
ദുഃഖം ഞാനർപ്പിക്കുന്നു
ചുവപ്പിൽ മനോഹര-
രാഗവുമർപ്പിക്കുന്നു
വെള്ളയിൽ വിശുദ്ധിയും
പച്ചയിലെൻ മോഹവും,
ഉള്ളിന്റെ മാലിന്യം ഞാൻ
നീലത്തിലർപ്പിക്കുന്നു

ചാരവർണ്ണത്തിൽ തനി
വെറുപ്പും. പീതത്തിലെൻ
ചാരു ശൈശവസ്വപ്ന
ഭംഗിയുമർപ്പിക്കുന്നു.
മാരിവില്ലുകൾക്കുള്ളിൽ
ഞാനൊളിച്ചിരിക്കുമ്പോൾ
ഞാനില്ലെന്നരുളുവാ-
നേതൊരു നാവിന്നാവും?

# വസന്തശ്രീ

വിൻസി, II Zoology

മാനവമാനസ പൂങ്കാവനങ്ങളി-
ലാനന്ദ സൂനം വിടർത്തിട്ടമാ-
രാഗവർണ്ണങ്ങളാൽ സൗന്ദര്യസാന്ദ്രയായ്
വാസന്ത ദേവിയും വന്നണഞ്ഞു.

മന്ദാനിലനൊന്നു വീജനം ചെയ്യവെ,
മന്ദത്തിലാടുന്ന കർണ്ണികകൾ
പൂമണം തത്തിക്കളിക്കുന്നിതെങ്ങെങ്ങും,
പൂന്തെന്നലിന്നൊരകമ്പടിയായ്.

പുഞ്ചിരി തൂകുന്ന പുല്ലേപ്പൂവുക-
ളഞ്ചിതമാർന്നങ്ങു കൊഞ്ചീടുന്നു
റാണി പദമേന്തി മേവുന്ന റോസിന്റെ
ഭാവഹാവാദികൾ ചിത്രം ചിത്രം!

പിച്ചകം, ചെമ്പകം, തെച്ചി, മുക്കുറ്റിയു
മെച്ചത്തിൽ നിൽക്കുമാ ഇമ്പപ്പൂവും,
പൂമണം തൂകുന്ന പാരിജാതപ്പൂവും,
വാസന്തറാണി തൻ സമ്പത്തല്ലേ?

ആദിത്യനാകാശദേശേയുദിക്കുമ്പോൾ
പാദം വിടരുന്ന പങ്കജങ്ങൾ
താരകൾ നാഥനാമിന്ദുവുദിക്കവെ
ശ്വേതകുമുദം മിഴി തുറക്കും.

ഝംകാരനാദമുതിർക്കുമളികളും
വർണ്ണാഭകോലും പൂമ്പാറ്റകളും
പൂന്തേൻ നുകർന്നുകൊണ്ടാനന്ദമത്തരായ്
പാറിക്കളിക്കുന്നു പൂവാടിയിൽ.

ഭാവോത്തരംഗയായ്, ജീവിതരംഗത്തിൽ
ശീതളാനന്ദസന്ദായകിയായ്
മാരിവിൽ പൂമ്പട്ടുചേലയുടുത്തെത്തും
മാധവലക്ഷ്മി, നീ പോവരുതേ!

# TIME TO BID FAREWELL

Let not the waves of the sea separate us now,
And the years we have spent together become a memory,
Special friends you always were,
And your smiles have always lit up my face.

Much have I loved you, dear ones of Newman,
But speechless was our love,
And with Veils had it been Veiled,
Yet now it cries aloud unto you and would stand
revealed before you,
And ever has it been that love knows not its own
depths
Until the hour of separation.

At this moment of separation
When much in our hearts remain unsaid,
The depth of our love tells me,
That the best thing I can do for you.
Is to wish and pray for you,
That god be good to you in all your days,
Send light to you the clouds between,
Bless everything that fills your life,
Be with you in your heart and mind
And guide you to the end.

One final thing my friends before we part,
Know that "Love's a one way street,
Ever moving away from the self in the direction
of the other,"

Smile ! my dear,
You will ever be in my heart.

Symon J. Nedumkallel
III B. Com

Estd. 1967

Phone: 2407 2674

**ഇൻസ്ട്രക്ഷൻ സെൻറർ**

**തൊടുപുഴ ഈസ്റ്റ്**

(Approved by State & Central Govt.)

Courses

**M. A. (Eng), M. A. (Eco), M. Com, B. Com, B. A., P. D. C. & S. S. L. C.**

I. T. I. ട്രേഡുകൾ. Automobile Engineering, Stenography, Secretariate Practice.

# I. C. വനിതാ കോളേജ്

(പെൺകുട്ടികൾക്കുമാത്രം)

S. S. L. C., P. D. C., B. A., B. Com., M. A. & M. Com.

കോളേജ് വിദ്യാർത്ഥികൾക്ക് ട്യൂഷൻ ക്ലാസുകൾ തുടങ്ങിയിരിക്കുന്നു.

**Lab & Library Attached**

Director M. M. Mathew, Rtd. R. D. D.

ശാരീരിക സൗന്ദര്യം ലഭിക്കുന്നതിന്

**'ശക്തി ജിം'** ൽ ചേരുക

# ON WITH HOPE

HARK the winds of wicked cheer,
See the reign of brutish law;
How shall we live ? Tell me dear,
There are snares and many a foe.

"Be not stirred and moved with thought,
Watch the splendid globe HE made;
See the countless planets wrought,
And know the care and price HE pai .

That our Supreme omnipotent,
Caused all things, we live unthorned:
See every where we order, arrangement,
Know this my Reen HE is concerned.

HE made earth His best of all links,
Wrought it fittest, graced HER blessed;
But now, see dear this worldly things,
Reign of brutish law more pressed.

Take heart my dear, we'll shape our hearth,
We will make Her, bliss-land, His land:
Striving, straining, causing nice earth,
We will reach our goal with band.

Ghostly tempests may kill our heyle,
And cause lot of pain in our brain;
At times it may make us rile,
But be on with struggle and strain.

Day is dawning, darkness fleeing,
O we shall live in bliss unseen:
Two serpents dead: hark my pleading,
One in Arctic, the other by north Green.

War and blood-shed, no more will be,
Earth will look as HE had made Her:
Tears and pain, those of old shall be,
HE will reign and we shall prosper.

LOVE ALL FROM NOW, see all as set,
With your soothing words, soothe this mob;
Pray Him, hark Him, be His good pet,
If you do so, you've a fine job.

Same I bid you, all my dear ones,
Do in your span, come forth triumphant;
Doubt not, stop not, on with good pace,
FOR OUR LIFE IS AS WE SHAPE IT.

Mathew Sebastian,
III B.A. Litt.

സൈക്കിളുകൾക്കും ബേബി
സൈക്കിളുകൾക്കും

നെല്ലിക്കൽ
സൈക്കിൾസ്
(മാതാ ഷോപ്പിംഗ് ആർക്കേഡ്)
തൊടുപുഴ.



ആധുനിക യുഗത്തിൽ അച്ചടി
ഒരു കലയാണ്

നിങ്ങളുടെ നൂതന ഭാവനക്കൊത്ത വിധം
എല്ലാവിധ അച്ചടി ജോലികൾക്കും അതുപോലെ റബർ സീലുകൾ, മെററൽ സീലുകൾ, ബ്ലോക്കുകൾ, പ്ലാസ്ററിക് ബോർഡുകൾ, നമ്പർ പ്ലേററുകൾ, കീ ടോക്കണുകൾ എന്നിവക്കും സമീപിക്കുക.

കലാ പ്രിൻേററഴ്സ്
ഇടുക്കി റോഡ്, തൊടുപുഴ.


# ആധുനിക നാഗരികതയുടെ വികാസവും ധാർമ്മിക മൂല്യങ്ങളും


മറിയ ജോസഫ്, IInd B. A. Lit.


നാഗരികത ഇന്ന് ആധുനിക യുഗത്തിന്റെ മുഖമുദ്രയായിത്തീർന്നിരിക്കുന്നു. അതേസമയം സമൃദ്ധിയുടെ പരമോന്നതയിലെത്തിയ മാനവസമുദായം തങ്ങൾ പിന്നിട്ടുപോന്ന കാലഘട്ടത്തെക്കുറിച്ച് മനപ്പൂർവ്വം വിസ്മരിക്കുകയും ചെയ്യുന്നു.

വനാന്തരങ്ങളിൽ ഊടാടിയും, മൃഗങ്ങളെ വേട്ടയാടിയും, പഴവർഗ്ഗങ്ങൾ ഭക്ഷിച്ചും ജീവിച്ചുവന്ന ആദിമ മനുഷ്യൻ ക്രമേണ ആ ജീവിതക്രമം ഉപേക്ഷിക്കുകയും, സാമൂഹ്യജീവിതം കെട്ടിപ്പടുക്കുകയും ചെയ്തു. അധികം താമസിയാതെ പ്രബലരായ വ്യക്തികളുടെ കീഴിൽ ഭരണകൂടം സ്ഥാപിതമായതോടെ ആ ഗവൺമെന്റിന്റെ കീഴിൽ ജനങ്ങൾ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽ പുരോഗതി പ്രാപിക്കുവാൻ തുടങ്ങി. വളർച്ചയുടേതായ ഈ ഘട്ടത്തിൽ സമൂഹങ്ങൾ തമ്മിൽ അന്യോന്യം ഇടപഴകുകയും വ്യത്യസ്തമായ പരിതഃസ്ഥിതിയിൽ സ്വന്തമായ പരിഷ്കാരം ഉടലെടുക്കുകയും ചെയ്തു.

ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യത്ത് ആധുനിക നാഗരികത പുരോഗതിയോടൊപ്പം വളരെ അധികം അഭിശാപങ്ങളും ചൊരിഞ്ഞിട്ടുണ്ട്. ഇന്ത്യൻ ജനതയിൽ 76% ഗ്രാമങ്ങളിൽ ജീവിക്കുന്നവരാണ്. എങ്കിലും യാന്ത്രികവും, സാങ്കേതികവുമായ ചടുല പരിവർത്തനങ്ങളുടെ പല വീചികളും നമ്മുടെ ഗ്രാമവീഥികളിൽ അടിച്ചെത്തിക്കഴിഞ്ഞിരിക്കുന്നു. ചെറുകിട വ്യവസായങ്ങളും, കൈത്തൊഴിലുകളും ചെയ്തു ദൈനംദിന ജീവിതം പുലർത്തിയിരുന്ന ജനങ്ങൾ, വ്യവസായവൽക്കരണം വന്നതോടുകൂടി തൊഴിൽ രഹിതരായിത്തീരുകയും, ഫാക്ടറികളുടേയും മററു തൊഴിൽ ശാലകളുടേയും ചുററുമുള്ള ചേരി പ്രദേശങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു കാരണമാകുകയും ചെയ്തു. ഒരു ചാൺ വയറിന്റെ പ്രശ്നം ഇന്ന് എല്ലാ അവികസിത രാജ്യങ്ങളിലും രൂക്ഷമായ ഒരു അന്തരീക്ഷം സംജാതമാകുന്നതിന് ഹേതുവായിരിക്കുന്നു. എന്നാൽ പരിഷ്കാരത്തിന്റെ ഉത്തുംഗ കോടിയിലെത്തിയ വികസിത രാജ്യങ്ങളിലെ ജനങ്ങൾക്കോ?

തങ്ങളുടെ ജീവിതം ഇനി എതെല്ലാം തരത്തിലാണ് ആഡംബരപൂർണ്ണമാക്കേണ്ടതെന്നു ചിന്തിക്കുന്നു. അമേരിക്കയെ നോക്കൂ? സാമ്പത്തികവും, ശാസ്ത്രീയവും, സാങ്കേതികവുമായ രംഗങ്ങളിൽ വളരെയധികം വികാസം പ്രാപിച്ച അമേരിക്കയിലെ ജനസംഖ്യ അവിടെ ലഭ്യമാകുന്ന ഭൂവിഭാഗത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ തുലോം പരിമിതമാണ്. (നാം അസൂയപ്പെട്ടിട്ടു യാതൊരു കാര്യവുമില്ല) അതിനാൽ രാജ്യത്തുല്പാദിപ്പിക്കുന്ന ഉപഭോഗ വസ്തുക്കളുടെ ഭൂരിഭാഗവും മററു രാജ്യങ്ങൾക്കു കൈമാററം ചെയ്തു വൻതോതിൽ വിദേശ നാണ്യം സമ്പാദിക്കുന്നു. ഈ കാലഘട്ടത്തിൽ നിഷ്ക്രിയരായ ഇത്തരം ജനതതി ഉണ്ടാകുന്നതിനു കാരണം ധാരാളമായി അവരുടെ കൈയിൽ വന്നുചേരുന്ന ധനമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

സൗന്ദര്യമത്സരങ്ങൾക്കും, ഫാഷൻ പരേഡിനും യുദ്ധോപകരണങ്ങൾക്കും വേണ്ടി കോടിക്കണക്കിന് ഡോളർ അമേരിക്ക

ചെലവാക്കുമ്പോൾ മറുവശത്ത് ആധുനിക നാഗരികതയുടെ കരാളഹസ്തങ്ങൾ നശിപ്പിച്ച യുഗോസ്ലോവ്യൻ ജനതതി പട്ടിണിയും രോഗവും കാരണം പിടഞ്ഞുമരിക്കുന്നു. എന്തൊരു വൈരുദ്ധ്യം! ഈ മത്സര ഓട്ടത്തിൽ, പട്ടിണിയുടെ ഭീകരതയിൽ മനുഷ്യമനസ്സിന്റെ മൃദുത്വം നശിപ്പിച്ചു ശിഥിലീഭവിച്ചുകൊണ്ടിരിക്കുന്ന ഈ നാഗരികതയിൽ, മനുഷ്യൻ എന്തിനാണ് മൂല്യം കല്പിക്കുന്നത്?

“പണമില്ലാത്തവൻ പിണമാണ്” എന്ന പഴഞ്ചൊല്ല് അക്ഷരികമായി അർത്ഥവത്തായിക്കൊണ്ടിരിക്കുന്നു. പണം കൊടുത്താൽ നേടാൻ വയ്യാത്തതായി ഇന്നവന്റെ മുമ്പിലൊന്നും തന്നെയില്ല. ഈ സ്ഥിതിവിശേഷം സംജാതമായതോടെ സാമൂഹ്യജീവിതത്തെ കൂട്ടിയിണക്കുന്ന മനുഷ്യത്വത്തിന്റെ നേർത്ത ഇഴകൾ കുടുംബമുണ്ടെങ്കിലും അതിനുള്ളിൽ ജീവിക്കുന്ന മനുഷ്യാത്മാക്കൾ വ്യത്യസ്തമായ ധ്രുവങ്ങളിൽ വിഹരിക്കുന്നവരാണ്. ബലാത്സംഗവും, കൊലപാതകവും, തട്ടിപ്പറിയും ഇന്ന് നിത്യസംഭവങ്ങളാണ്. ഒരു കൂട്ടർ മണിമേടകളിൽ സുഖിച്ചുജീവിക്കുമ്പോൾ മറ്റൊരു കൂട്ടർ ഇടുങ്ങിയ ചേരികളുള്ളിൽ തങ്ങളുടെ ജീവിതം തള്ളിനീക്കുന്നു. ആധുനികതയുടെ ഈ തീരത്തള്ളച്ചിൽ ഓരോരുത്തരും ഏകാന്ത ജീവിതത്തെ കൂടുതൽ ഇഷ്ടപ്പെട്ടു ഇടങ്ങിയിട്ടുണ്ട്.

കഴിഞ്ഞുപോയൊരു കാലഘട്ടത്തിൽ മനുഷ്യൻ മതത്തെ പരിപാവനമായി കണക്കാക്കുകയും സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുന്നതിൽ അപ്രധാനമല്ലാത്തൊരു സ്ഥാനം കല്പിക്കുകയും ചെയ്തിരുന്നു. അന്ധവിശ്വാസത്തെ വളർത്തുന്ന മനുഷ്യന്റെ പ്രായോഗിക ബുദ്ധിക്കതീതമായ കാര്യങ്ങളെ മെനഞ്ഞൊരുക്കുന്ന ഒരു ‘മൂശ’യായി മാത്രം അവൻ മതത്തെ വീക്ഷിക്കുന്നു. ആരെങ്കിലും ഈശ്വര വിശ്വാസികളാണെന്നു പറഞ്ഞാൽ തന്നെ അവൻ ‘പരിഷ്കാരി’കളുടെ മുമ്പിൽ വെറും ‘പഴഞ്ചനായി’ മാറുന്നു. മനുഷ്യശിശുക്കളെ വരെ മാനവലോകത്തിന് കാഴ്ചവയ്ക്കുവാൻ ശാസ്ത്രത്തിന് കഴിവുള്ളപ്പോൾ ഈശ്വരനെ കൊണ്ടിനി എന്തു നേടാൻ? ഈ ഒരു ചിന്താഗതി ഇന്ന് മനുഷ്യമനസ്സിനെ സർവ്വഥാ മഥിച്ചുകൊണ്ടിരിക്കുന്നു. നാഗരികതയുടെ ഈ കുതിച്ചുപായലിൽ മനുഷ്യത്വം നഷ്ടപ്പെടാതെ ശേഷിക്കുന്നവർക്ക് ഈ പരിണതിയോർത്ത് നെടുവീർപ്പിടാൻ കഴിയൂ.

ഇങ്ങനെ ഏതു മണ്ഡലത്തിൽ നോക്കിയാലും ലൗകികമായ വളർച്ചയോടൊപ്പം അത്രതന്നെയോ അതിലധികമോ ധാർമ്മികാധഃപതനവും വന്നുഭവിച്ചതായി കാണുവാൻ കഴിയും. യാന്ത്രികമായ ഈ കാലഘട്ടത്തിൽ മനുഷ്യമനസ്സിന്റെ സംവേദനശീലം നശിച്ച് ശിഥിലീഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പണ്ടത്തെ ആ ലാളിത്വവും, ലാഘവത്വവും, മനുഷ്യത്വവും നിശ്ശേഷം അണഞ്ഞുപോകാതെ ആ കാണികളെ നമ്മുടെ ജീവശ്വാസംകൊണ്ടു് ഉജ്ജ്വലിപ്പിക്കുവാൻ ശ്രമിക്കുകയാണ് വേണ്ടത്.

ഇതൊന്നു മാത്രമാണ് നമുക്ക് ചെയ്യുവാനുള്ളത് ആധുനിക നാഗരികതയിൽ ധാർമ്മികമൂല്യശോഷണം വന്നുപോകാതെ മനോജ്ഞമായ മനുഷ്യത്വത്തെ കാത്തു സൂക്ഷിക്കുക.

## മുഖം

ഷാജി അലക്സ്
Ist Chem.

കാലാവസ്ഥപോലും കാലുമാറുന്നു! ശിലകൾ പോലും ശീലം മറക്കുന്നു! പിന്നെയോ മനുഷ്യമുഖങ്ങളുടെ മാറ്റം?

പിറന്നു വീഴുന്ന ശിശുവിന്റെ മുഖം എത്ര വേഗത്തിൽ മറയുന്നു! ഏറിയാൽ നാലോ, അഞ്ചോ സംവത്സരങ്ങൾ മാത്രം മിക്കവാറും അതിനു മുമ്പേ മൂടിയണിയുന്ന മുഖങ്ങൾ!

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുന്നു. പക്ഷെ ....ചുറ്റുപാടുകൾക്കനുസൃതമായി സ്വാർത്ഥതയുടെ മൂടിയണിഞ്ഞ് ദൈവത്തിന്റെ ഛായ മായ്ക്കുന്നു, മനുഷ്യൻ.

മോട്ടോർ വാഹനങ്ങൾ നിശബ്ദതയെ കൊല്ലുന്ന നിരത്തുകളിൽ, ആഡംബരത്വം ആരെയും കൂസാതെ വിലസുന്ന മണിമന്ദിരങ്ങളിൽ.........അല്ല, പരിഷ്കാരത്തിന്റെ വിത്തുകൾ നിഷ്കളങ്കത തച്ചുടച്ച് ഗ്രാമ്യതവെടിഞ്ഞ നഗരങ്ങളിൽ വർണ്ണച്ചേലകളും, ഇമിറേഷൻ ആഭരണങ്ങളും മുഖങ്ങളുടെ തനിമയെ പരിഹസിക്കുന്നു.

കൃത്രിമതകളിൽ അസ്വാഭാവികതയാർന്ന പൊയ്മുഖങ്ങൾ!

പട്ടണത്തിന്റെ ഓരോ ഓരങ്ങളിലും കണ്ണുകൾ ഉഴിഞ്ഞു.

ഇല്ല. മുഖങ്ങൾ തേടിനടന്നു!

നഗരത്തിന്റെ തെക്കേ ഓരം ചേർന്ന വേനലിൽ ശോഷിച്ച പുഴയുടെ പടിഞ്ഞാറോട്ടുള്ള അപസഗമനം. കുറുകെയുള്ള പാലം കടന്ന് അക്കരെയെത്തി. ഗ്രാമ്യതയുടെ കന്യാത്വം വെടിഞ്ഞ് നാഗരികതയോടിണചേർന്ന് പരിഷ്കാരത്തിന്റെ സന്തതികളെ ഗർഭം ധരിച്ചു നിൽക്കുന്ന നാട്ടിൻപുറം. തിരക്കൊഴിഞ്ഞ നിരത്തുകളിൽ, മൂടികളുടെ നിഴലുകൾ വീണ മുഖങ്ങൾ.

ചിത്രകാരന് തൃപ്തിവന്നില്ല.

കാണപ്പെടുന്നതെല്ലാം മൂടിയണിഞ്ഞ് തനിമയില്ലാത്ത മുഖങ്ങളാണ്. കാലടികൾക്കു പിന്നെയും നീളം വർദ്ധിച്ചു. കുന്നുകളും, മലമടക്കുകളും പിന്നിട്ടയാൾ ആലസ്യത്തോടെ തിരിഞ്ഞു നോക്കുമ്പോൾ നഗരങ്ങളും നാട്ടിൻപുറങ്ങളും ദൂരങ്ങളിൽ നിഴലുകളായ്.........ഗ്രാമം.

കുയിലുകൾ പാടുന്ന, കുടമുല്ല പൂക്കുന്ന കുഗ്രാമം !

നിശബ്ദത സ്വച്ഛന്ദം വിഹരിക്കുന്ന കാട്ടുപാതയിലൂടെ നടന്നു. കറാച്ചിപ്പുല്ലുകളുടെ ഹരിതാഭമായ താഴ്വരയിൽ കുത്താടി മേയുന്ന കന്നിൻ പറ്റങ്ങൾ.

അങ്ങകലെ....... തെല്ലകലെ ... ...പുൽത്തകിടിയിലെ പടർന്ന വൃക്ഷത്തിനു ചുവട്ടിലൊരു പാറക്കല്ലിൽ ഒറ്റപ്പെട്ട മനുഷ്യരൂപം. കന്നുകാലികൾക്കു കാവലാവാം. പുറം തിരിഞ്ഞുള്ള ഇരിപ്പിൽ മുഖം കണ്ടുകൂടാ.

കാട്ടുപൂച്ചയെപ്പോലെ നിശബ്ദം അരികത്തെത്തി.

“ഹേ.........പെണ്ണേ”

ഞെട്ടൽ. മന്ത്രിമാരുടേതല്ലാത്ത ഞെട്ടൽ യഥാർത്ഥവും സ്വാഭാവികതയാർന്നതുമായ ഞെട്ടൽ!! ഭയത്തോടെയുള്ള തിരിഞ്ഞുനോട്ടം. ചിത്രകാരന്റെ കണ്ണുകൾ വികസിച്ചു.

മൂടിയില്ലാത്ത മുഖം! ഭയത്താൽ മൂടിമാറ്റപ്പെട്ടതോ? സൂക്ഷ്മതയോടെ ശ്രദ്ധിച്ചു. ഒരിക്കൽ കൂടി. ആ മുഖത്തും മൂടിവീഴും മുമ്പേ.........തിരിഞ്ഞു നടന്നു. മനസ്സിൽ ജീവനുള്ളൊരു ചിത്രത്തിനു രൂപകല്പന ചെയ്തുകൊണ്ട്' കാലാന്തരങ്ങളിൽ തേടിയലഞ്ഞ ലക്ഷ്യം കണ്ടെത്തിയ നിർവൃതിയോടെ

അപ്പോൾ അവൾ ഓർത്തിരിക്കണം.

“ഏതോ ഒരു ഭ്രാന്തൻ.”

## വാടകവീട്

തോമസ് ററി. ജെ. II Eco.

തൽക്കാലനേരത്തു വാസത്തിനായെത്തി
താനറിഞ്ഞീടാതീ വീട്ടിനുള്ളിൽ
വാടകവീടല്ലോ ഇക്കൊച്ചുമൺകുടിൽ
വാതിലോ ദുർബലമാണുതാനും.

എന്നുമീ മൺകുടിൽ മോഹനമാക്കുവാൻ
എത്രയോ നേരം ഞാൻ പാഴിലാക്കി
സ്വന്തമെൻ ദേശവും സ്വന്തം ഭവനവും
സ്വാർത്ഥമാമെൻ ദേഹി വിസ്മരിച്ചു.

നശ്വരമാകുമീ വാടകവീടിനെ
വിശ്വത്തിലേറ്റവും പാലിച്ചു ഞാൻ
ആനന്ദമെങ്കിലുമല്പവും തന്നില്ലീ
ആലംബഹീനമാമേറുമാടം.

എന്നിരുന്നാലുമിതിന്നഭിവൃദ്ധിയ്ക്കായ്
എൻ രക്തം സ്വേദബിന്ദുക്കളാക്കി
കാലം കടിഞ്ഞാണില്ലശ്വത്തെപ്പോൽ വേഗം
കത്തിയെരിഞ്ഞങ്ങു ധൂമികയായ്.

വാർദ്ധക്യ വാല്മീകമേറുദ്രവിച്ചോരെൻ
വാടകവീട്ടുതകർന്നു വീണു.
ദേഹമാമീവീട്ടുവിട്ടു പിരിയുവാൻ
ദീനമോടെൻ ദേഹി കേണിടുന്നു.

അപ്പോഴും മന്ത്രിപോൽ തെളുന്നന്നാത്മാവു–
രാപ്പകലെല്ലാം ഞാൻ പാഴിലാക്കി.
വേലയിൽ കിട്ടിയ കൂലികളൊക്കെയും
വാടക വീട്ടിൽ ചിലവഴിച്ചു.
സ്വർഗ്ഗസ്വദേശം മടങ്ങുവാൻ നേരമായ്......
സ്വന്തമായ് യാതൊന്നുമില്ല കഷ്ടം!


**BIBIN PHOTOS**
MARKET ROAD, THODUPUZHA.



**POPULAR OFFSET PRINTERS**
Near Municipal Office,
**KOTHAMANGALAM**

**OFFSET PRINTING**
OF
MULTICOLOUR:
POSTERS, LABELS, CARTONS,
CALENDARS, COVER PAGES,
PHOTO PAGES OF MAGAZINES,
WEDDING CARDS,
VISITING CARDS etc. etc.

**Also Letter Press Printing of any Description and Volume**

Prompt Delivery — Quality finishing — Low rates

Our Parent Unit - POPULAR PRINTERS, Mathirappally, Kothamangalam.

# മനസാക്ഷിക്കു മുൻപിൽ......

വത്സമ്മ ഫ്രാൻസീസ്, II Zool.

പരിശുദ്ധിയുടെ പരിമളം വിതറുന്ന മന്ദമാരുതൻ ഏതോ സ്നേഹത്തിന്റെ സന്ദേശവുമായി ആകലങ്ങളിലേക്ക് പറന്നു പോകുമ്പോൾ, അതിന്റെ പുഞ്ചിരിക്കുന്ന മുഖത്തേക്ക് ഉറ്റുനോക്കി നിൽക്കുമ്പോഴും, മനുഷ്യ മനസ്സിന്റെ അഗാധതയിലെവിടെയോ വിഷാദത്തിന്റെ അലകൾ ഉയർന്നു പൊങ്ങുന്നു, ഹൃദയത്തിന്റെ ഏതോ ഒരു കോണിൽ സ്നേഹത്തിന്റെ അഗ്നി സ്ഫുലിംഗങ്ങൾ വിടരാൻ ശ്രമിക്കുമ്പോൾ ഭൗതികതയുടെ മാസ്മരലഹരിയിൽ അത് വെറും പ്രഹസനമായി മാറുന്നു. പുഞ്ചിരിക്കുന്ന മുഖവുമായി നിൽക്കുന്ന മനുഷ്യന്റെ അന്തരംഗത്തിലേയ്ക്കൊന്നു കടന്നു ചെല്ലൂ... അവിടെ നിരർത്ഥതാ ബോധത്തിന്റെ വൻകോട്ടകൾ; പലരും ജീവിതത്തെ തന്നെ വെറുക്കുന്നു. പലരും ജീവിതത്തിന്റെ ചുക്കാൻ നിയന്ത്രിക്കാൻ കഴിയാതെ കുഴഞ്ഞു വീഴുന്നു. നക്ഷത്രപ്പരപ്പിൽ ശിരസ്സും ചന്ദ്രനിൽ പാദങ്ങളുമുറപ്പിച്ചിരിക്കുന്ന മനുഷ്യൻ ജീവിതത്തിൽ പരാജയപ്പെടാൻ കാരണമെന്ത്? ഈ പരിഷ്കൃതയുഗത്തിന്റെ അന്ത്യഘട്ടത്തിലും, ഇവയ്ക്കൊരന്ത്യമില്ലാത്തതെന്തുകൊണ്ട്? മനുഷ്യ ഹൃദയങ്ങളിലേക്ക് അല്പമൊന്നു കടന്നു ചെല്ലൂ.—

ശാസ്ത്രത്തിന്റെ ഏടുകളിൽ ജീവിക്കുന്ന മനുഷ്യൻ സത്യത്തെയും നീതിയേയും പററി അന്വേഷിക്കുവാൻ തയ്യാറാവുന്നില്ല. സത്യത്തിനും നീതിക്കും വേണ്ടി ഉയരുന്ന കരങ്ങൾ പണത്തിന്റെയും പ്രതാപത്തിന്റെയും കഠാര കൊണ്ട് അരിഞ്ഞു വീഴ്ത്തപ്പെടുന്നു. ഒരുവന്റെ ജീവൻ നഷ്ടപ്പെട്ടാലും എനിക്ക ജീവിതം ആസ്വദിക്കണം, ലഹരിയിൽ സന്തുഷ്ടരാകണം, ഇതാണ് ഈ തലമുറയുടെ മുദ്രാവാക്യം. "ജീവിതം ആസ്വദിക്കാനുള്ളതാണ്" എന്ന കീറ്റ്സിന്റെ വാക്കിന്റെ അന്തഃസത്ത മനസ്സിലാക്കാതെ ഭൗതികസുഖം മാത്രമാണ് ജീവിതം എന്ന കാഴ്ച്ചപ്പാടിൽ ഒതുങ്ങിക്കഴിയാൻ മനുഷ്യൻ വെമ്പൽ കൊള്ളുകയാണ്. ഈ നീചപ്രവർത്തികൾക്കെല്ലാം മൂകസാക്ഷിയായി ജീവിച്ചിട്ടായിരിക്കാം, സത്യത്തിനും നീതിക്കും വേണ്ടി മരിക്കുവാൻ പോലും മഹാനായ സോക്രട്ടീസ് തയ്യാറായത്. "സൗന്ദര്യം സത്യമാണ്" എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ഹൃദയത്തിലെ വേദന അകറ്റുവാനുള്ള ദിവ്യ ഔഷധം തേടുന്നവർ തന്നെ സത്യത്തിനും നീതിക്കും വേണ്ടി പടവെട്ടുന്നവരെ സമൂഹത്തിൽ നിന്നും പുറംതള്ളുന്നു. ഭൗതികതയുടെ അഴിഞ്ഞാട്ടം ഒരുവശത്തു നടക്കുമ്പോൾ മനുഷ്യ മനസ്സുകളിൽ നിരാശയുടേയും അവ്യക്തതാബോധത്തിന്റെയും അതിശൈത്യം മറുവശത്ത് ഉറഞ്ഞുകൂടുന്നു. നീതിയുടെ നിയമപാലകർ തന്നെ സ്വന്തം ജീവിതത്തെ അനീതിയുടെ അഴിഞ്ഞാട്ടത്തിനായി വച്ചു നീട്ടുന്നു.

ഈ കിരാത പ്രവർത്തികൾക്ക് പ്രതിവിധിയില്ലേ? ഇവയ്ക്കൊരന്ത്യമില്ലേ? സത്യവും നീതിയും ഇന്നത്തെ ലോകത്തിൽ ചവിട്ടിമെതിക്കപ്പെടുകയല്ലേ? എത്രയെത്ര ജീവിതങ്ങളാണ് അനീതിയുടെ ബലിക്കല്ലിൽ ഹോമിക്കപ്പെടുന്നത്?

യുവസുഹൃത്തുക്കളെ, കലാലയ വാസികളെ,

ഇന്നത്തെ ഈ പരിതഃസ്ഥിതിയിൽ കലാലയ വിദ്യാർത്ഥികൾക്കു മാത്രമേ ഇതിനൊരു ഉത്തരം കൊടുക്കാനാവൂ. നിരന്തരമായ കിരാത പ്രവർത്തികൾക്കു മുൻപിൽ പകച്ചു നിൽക്കുന്ന ഈ ലോകം ഉറ്റുനോക്കുന്നത് കലാലയ വിദ്യാർത്ഥികളെയാണ്. ഇന്നത്തെ ലോകത്തിന്റെ ഏകപ്രത്യാശയവരാണ്. അതുകൊണ്ട് ലോകത്തിന്റെ, കറുത്ത മുഖം മാത്രംകണ്ട് പകച്ചുനിൽക്കാതെ നാം മുന്നേറേണ്ടിയിരിക്കുന്നു. ഭൗതികമായ ഈ സുഖങ്ങളെല്ലാം നൈമിഷികങ്ങളാണെന്നോർക്കുക. കലിംഗയുദ്ധത്തിനു ശേഷം നാം കണ്ട അശോകനെപ്പോലെ വാട്ടർലൂ യുദ്ധത്തിനു ശേഷം നാം കണ്ട നെപ്പോളിയനെപ്പോലെ, തന്നോടു തന്നെയുള്ള യുദ്ധത്തിനു ശേഷം നാം നമ്മുടെ അന്തരംഗമാവുന്ന യുദ്ധക്കളം കണ്ട് ഭയപ്പെടാതിരിക്കാൻ കരുതലോടെ ഇരിക്കുക. സത്യത്തിനും നീതിക്കും വേണ്ടി ഇന്നത്തെ യുവതലമുറ ഉണർന്നാൽ അതൊരു വിപ്ലവത്തിന്റെ തുടക്കമായിരിക്കും.

എന്നാൽ ഇതിനെല്ലാം അപ്പുറത്ത് എല്ലാ ബാഹ്യശക്തികൾക്കും അധീനമായി മനുഷ്യ മനസ്സ് എന്തിനോവേണ്ടി കേഴുന്നു. അന്വേഷിച്ചു കണ്ടെത്താനാവാത്ത അമൂല്യരത്നത്തിനായി - ഈശ്വരനു വേണ്ടിയുള്ള ഒടുങ്ങാത്ത ദാഹം അവനെ പിൻതുടരുന്നു. മനുഷ്യ ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും കണ്ടെത്തണമെങ്കിൽ നാം ഹൃദയത്തിന്റെ ഉള്ളറയിലേക്ക് കടന്നു ചെല്ലണം. 'Life is not a bed of roses.' വിടർന്നു വിലസുന്ന പനിനീർ പൂവിന്റെ സൗന്ദര്യം നുകരാൻ നാം ആഗ്രഹിക്കുന്നുവോ? എങ്കിൽ മുള്ളുകൾ കൊണ്ട് മുറിവേൽക്കേണ്ടി വരും. പൊട്ടിവിടരുന്ന പ്രഭാതത്തിന്റെ നിർവൃതിക്കായി നാം ആഗ്രഹിക്കുന്നുവെങ്കിൽ രാത്രിയുടെ ഇരുണ്ടയാമങ്ങൾ പിന്നിട്ടേ മതിയാവൂ. ജീവിതത്തിന്റെ ലക്ഷ്യം പ്രാപിക്കണമെങ്കിൽ ഈശ്വരഹിതം നിറവേററണം. 'നിന്റെ ജീവിതമായിരിക്കട്ടെ നിന്റെ സന്ദേശം.' എന്ന മഹത് വചനം മറക്കാതിരിക്കുക. അസത്യവും സത്യവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ സത്യം തോൽവി സമ്മതിച്ചാലും അസത്യം വിജയിക്കയില്ലെന്ന് ഉറച്ചു വിശ്വസിച്ചു കൊണ്ട് പ്രത്യാശയുടെ കിരണങ്ങൾ തെളിക്കുന്ന പാതയിലൂടെ മുന്നോട്ട് പോകൂ.

മനുഷ്യ മനസ്സു തേടുന്നതു് – ശാന്തി.
മനുഷ്യ മനീഷ തിരയുന്നതു് – സമാധാനം
മനുഷ്യ ഹൃദയം ദാഹിക്കുന്നതു് – സ്നേഹം
മനുഷ്യാത്മാവ് കേഴുന്നതു് – ഈശ്വരൻ


**ദർശനാ സ്റ്റുഡിയോ കളർ ലാബ്**

"കാക്ക കുളിച്ചാൽ കൊക്കാകുകയില്ല" ഈ വാക്യം ഫോട്ടോഗ്രാഫിയിലും പ്രസക്തമാണ് ഫോട്ടോഗ്രാഫി എന്തെന്ന് കാലത്തിന് തെളിയിച്ചുകൊടുത്ത മാതൃകാ സ്ഥാപനമാണ് "ദർശന" ഞങ്ങളുടെ സേവനം നിങ്ങൾക്കാവശ്യമായി വരുമ്പോൾ നേരിട്ടന്വേഷിക്കുക

**ദർശനാ സ്റ്റുഡിയോ**
**കളർ ലാബ്**

പാലാറോഡ്- **തൊടുപുഴ.**

Phone: Office:
Resi. Karimkunnam. 65.

# സംവരണം സാമുദായികമോ സാമ്പത്തികമോ!

ദിലീപ് കുമാർ ബി.

ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 37 വർഷങ്ങൾ കഴിഞ്ഞു. 1947 ൽ ഭാരതത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് കടുത്ത അവഗണനയാണ് നേരിടേണ്ടി വന്നതു്. ഡോ. അംബേദ്കർ, മഹാത്മാഗാന്ധി തുടങ്ങിയവർ ഈ സ്ഥിതിക്കെതിരെ ശബ്ദമുയർത്തുകയും പിന്നോക്ക സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനും ജോലിക്കും സംവരണം ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇന്ന് പിന്നോക്ക സമുദായങ്ങളോടൊപ്പം ന്യൂനപക്ഷക്കാർക്കും സർക്കാർ സംവരണം ഏർപ്പെടുത്തിയിരിക്കുന്നു. സാമ്പത്തികമായി വളരെ ഉയർന്ന നിലവാരം പുലർത്തുന്ന പിന്നോക്ക സമുദായംഗങ്ങളും ന്യൂനപക്ഷ അംഗങ്ങളും സംവരണത്തിന്റെ മുഖംമൂടിയണിഞ്ഞു് സർക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ സാമ്പത്തികമായി വളരെ അധഃപതിച്ചുകിടക്കുന്ന ഭൂരിപക്ഷ വർഗ്ഗക്കാരും, മുന്നോക്കസമുദായംഗങ്ങളും ജോലിക്കുവേണ്ടി വാതിലിൽ മുട്ടി നിരാശരാകേണ്ട ഗതികേട് ഭാരതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു പ്രത്യേകജാതിയിൽ ജനിച്ചു എന്ന ഒറ്റകാരണത്താൽ അവന് സർക്കാർ ജോലി എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വളരെ ദൂരം പോകേണ്ടിയിരിക്കുന്നു. ബഹിരാകാശത്ത് പോകുവാൻപോലും സംവരണം ഏർപ്പെടുത്തുവാൻ ആലോചിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു നേരത്തെ കഞ്ഞികുടിക്കാൻ വകയില്ലാതെ കഷ്ടപ്പെടുന്ന മുന്നോക്കസമുദായക്കാർ, മതേതരരാജ്യമായ ഭാരതത്തിന് ഭൂഷണമല്ല.

# സംവരണം സാമുദായികമോ സാമ്പത്തികമോ?

ലാൽ ആർ.

ഭാരതത്തെപ്പോലുള്ള ഒരു മതേതര ജനാധിപത്യ രാഷ്ട്രത്തിന് സമുദായിക സംവരണം എന്ന ആശയം തികച്ചും അടിസ്ഥാന രഹിതമാണ്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ കടുത്ത അവഗണനക്ക് പാത്രീഭൂതരാകേണ്ടിവന്ന പിന്നോക്ക സമുദായക്കാർക്ക് വിദ്യാഭ്യാസ കാര്യങ്ങളിലും സംവരണം ഏർപ്പെടുത്താൻ മഹാത്മാരായ ചിലരുടെ ശ്രമഫലമായി സാധിച്ചു. പക്ഷേ ഇന്ന് നമുക്ക് കാണുവാൻ സാധിക്കുന്നത് ന്യൂനപക്ഷസമുദായമെന്ന പേരിൽ സംവരണത്തിന്റെ ആനുകൂല്യങ്ങളനുഭവിക്കുന്ന സമുദായത്തിന്റെ മേലേക്കിടയിലുള്ളവരെയാണ്. ഈ ദുഷിച്ച വ്യവസ്ഥമൂലം ധനികരായ സംവരണ സമുദായക്കാർക്ക് എല്ലാകാര്യത്തിലും മുൻഗണന കിട്ടുമ്പോൾ, ഉയർന്ന ജാതിയിലായിപ്പോയതുകൊണ്ടുമാത്രം ദരിദ്രർക്ക് ജോലി കിട്ടാതെപോകുന്നു. അടിസ്ഥാനരഹിതമായ ഈ സംവരണംനയം മാററി സാമ്പത്തിക സംവരണം നൽകിയാൽ മാത്രമേ ഭാരതത്തിൽ താഴേക്കിടയിലുള്ളവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിച്ചു എന്ന് നമുക്ക് പറയാനാവൂ.


Fashion Tailoring for men of today

DRUM PANTS

SHOP- DE- TAILORS

THODUPUZHA

Perfect Stitch - Prompt Delivery

TRUE TO LIFE COLOUR

★ EV'ES STUDIO ★

COLOUR LAB

MARKET ROAD

THODUPUZHA

*Best Compliments from:-*

# THE PUTHUPARIYARAM
## SERVICE CO-OPERATIVE BANK LTD.

No. E. 55

PUTHUPARIYARAM

THODUPUZHA

WE OFFER

**Attractive rates of Interest**

**on Deposits**

Agricultural and Non agricultural

LOANS

and other Banking Business

Consumer & Business is our

SPECIALIT

Pnilip Benchamin
President

K. K. Rugmini Amma
Secretary.



# എങ്ങിനെയുണ്ടേലിയാമ്മേ.....

സി. എം. ചാണ്ടി. IInd History

“നമുക്ക് എന്റെ വീട്ടിൽ പോയി രണ്ടു മൂന്നു ദിവസം താമസിച്ച് വിവാഹ വാർഷികം കൊണ്ടാടാം എന്താ?”

ധർമ്മദാരം ഏലിയാമ്മയുടെ അഭിപ്രായം കേട്ട് മേലേ വീട്ടിലെ കുഞ്ഞവുതയുടെ കിറി മേലോട്ട് പൊങ്ങി. “അതു പിന്നെ ഈ നല്ല ദിവസം തന്നെ വേണോ എന്റെ ഏലിയാമ്മേ .....” കുഞ്ഞവുത ചോദിച്ചു.

“അതിന് എന്റെ വീടെന്നാ വല്ല നരകവുമാണോ ?” ഏലിയാമ്മ സിനിമാ സ്റ്റൈലിൽ ഒന്നിളകി ഇരുന്നു.

“നരകമായിരുന്നേ വേണ്ടീലായിരുന്നു. അത് അടി നരകമാ. എന്തായാലും ഞാനില്ല ഒരു നല്ല ദിവസമായിട്ട് അങ്ങോട്ടേക്ക്” കുഞ്ഞവുത തറപ്പിച്ചു പറഞ്ഞു. കുഞ്ഞവുതയുടെ സംസാരം കേട്ടപ്പോൾ ഏലിയാമ്മയ്ക്ക് അടിമുതൽ മുടിവരെ വിറഞ്ഞു.

“എങ്കിൽ പിന്നെ എന്തിനാ മനുഷ്യേനേ നിങ്ങളെന്നെ ആ നരകത്തിൽ നിന്നും ഈ സ്വർഗ്ഗത്തിലോട്ട് കെട്ടിയെടുത്തത്.” ഏലിയാമ്മയ്ക്ക് ചൂടുകയറുന്നതു കണ്ടപ്പോൾ കുഞ്ഞവുത ഐസാകാൻ തുടങ്ങി.

“അതേ, എന്റെ ഏലിയാമ്മേ നീ ഇങ്ങടുത്തുവാ - ഈ സ്വർഗ്ഗവും നരകവുമുണ്ടല്ലോ. അതു തമ്മിലേ ഒരു നയതന്ത്രബന്ധം സ്ഥാപിക്കാനല്ലിയോ നിന്നെ ഞാൻ കെട്ടിയത്”. ഭർത്താവിന്റെ പത്തിതാഴ്ന്നത് കണ്ട് ഏലിയാമ്മ ഉള്ളിൽ ചിരിച്ചു. അവസാനം തങ്ങളുടെ 50-ാം വിവാഹ വാർഷികം എറണാകുളത്ത് കൊണ്ടാടണമെന്ന തീരുമാനത്തിൽ ഇരുവരും എത്തിച്ചേർന്നു.

“എന്റെടീ ഏലിയാമ്മേ. ഈ എറണാകുളത്തെ കുളമൊന്ന് കാണേണ്ടതു തന്നെയാടീ. ലോകത്തിലെ ഏറ്റവും വലിയ കുളമല്ലിയോ” കാണാൻ പോകുന്ന കുളത്തെ കുറിച്ചുള്ള സ്വപ്നത്തിൽ മുഴുകിയിരുന്ന ഏലിയാമ്മയ്ക്ക് ഭർത്താവിന്റെ ഭൂമിശാസ്ത്ര വിജ്ഞാനത്തിൽ അഭിമാനം തോന്നി. യാത്രയ്ക്കുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയായി. ഡ്രസ്സു ചെയ്തു നില്ക്കുന്ന കുഞ്ഞവുതയുടെ മുൻപിൽ പോളിയസ്റ്റർ തുണി കൊണ്ടു തുന്നിയ ചട്ടയും മുണ്ടും ധരിച്ച് കവിണിയും പുതച്ച് സുസ്മേരവദനയായി ഏലിയാമ്മ നിന്നു.

“എന്റെ കർത്താവേ നീ എന്നാ പള്ളീ പോകുവാണോ? എടീ നമ്മൾ എറണാകുളത്തിനാ പോകുന്നത്. പത്ത് ജനമുള്ള സ്ഥലമാ. ഇതു മാറി നീയൊരു സാരിയുടുത്തോണ്ടുവാ.” നിമിഷങ്ങൾക്കകം ഏലിയാമ്മ സാരിയുമുടുത്ത് സെന്റും പൂശി എത്തി. ഏലിയാമ്മയെ അടിമുടി നോക്കിയപ്പോൾ കുഞ്ഞവുതയുടെ നെഞ്ചിലൊരാന്തൽ.

“ഈ വേഷത്തിൽ നീ എന്റെ കൂടെ പോന്നാൽ ഞാൻ നിന്റെ അപ്പനാണെന്ന് തോന്നുമല്ലോടീ. വേണ്ട നീ ഇത് കളഞ്ഞിട്ട് ആ ചട്ടയും മുണ്ടും തന്നെ ഇട്ടാൽ മതി.”

“ഈ മനുഷ്യനേതാണ്ട് കിറുക്കാ.” ചവിട്ടികുലുക്കി പോകുന്നതിനിടയിൽ ഏലിയാമ്മ പിറുപിറുത്തു. എന്തായാലും ചട്ടയും മുണ്ടും ധരിച്ച് സെന്റും പൂശി കുഞ്ഞവുതയുടെ ഒപ്പം ഏലിയാമ്മ എറണാകുളത്തെത്തി. കുളത്തിനു പകരം ജനസമുദ്രത്തെ ക

ണ്ട ഏലിയാമ്മ അന്തം വിട്ട് കുന്തം വിഴുങ്ങിയ പോലിരുന്നു. എറണാകുളം പട്ടണം മുഴുവനും ചുററിനടന്നിട്ടും കുളം കാണാഞ്ഞതിൽ രണ്ടു പേർക്കും കുണ്ഠിതമുണ്ടായി. കുളം കാണാഞ്ഞതിലുള്ള സങ്കടം മാററാനായി കുഞ്ഞവൃത ഏലിയാമ്മയേയും കൂട്ടി ഒരു ഹോട്ടലിൽ കയറി.

“എടീ ഈ ടൗണിലെ ഊണുണ്ടല്ലോ എന്തൊരു സ്വാദാണെന്നോ ? നൂറു കൂട്ടം കറികളാ. അവിയല്, കിവിയല്, സാമ്പാറ്, കീമ്പാറ്, പച്ചടി, കിച്ചടി...... ഊണിനെപ്പററി ചെറിയൊരു വിവരണം ഏലിയാമ്മയ്ക്ക് കൊടുത്ത ശേഷം കുഞ്ഞവൃത ഞെളിഞ്ഞിരുന്നു. “റൂ ഊൺസ് പ്ലീസ്.” കുഞ്ഞവൃത തനിക്കറിയാവുന്ന ഇംഗ്ലീഷിൽ കാച്ചി. കെട്ടിയവന്റെ സായിപ്പിന്റെ ഭാഷ ഏലിയാമ്മയ്ക്ക് നന്നേ പിടിച്ചു. “കറച്ച് സാമ്പാറു കൂടി ഇങ്ങൊഴിച്ചേ.” കുഞ്ഞവൃത ഊണിന്റെ ഇടയിൽ സപ്ലയറോട് ആവശ്യപ്പെട്ടു. കൈനിറച്ച് സാമ്പാർ. കുഞ്ഞവൃതയ്ക്ക് സന്തോഷം. കുഞ്ഞവൃത മുഖം സാമ്പാറിനോടടുപ്പിച്ചു. കാടിവെള്ളത്തിൽ തലയിട്ടശേഷം കന്നുകാലി തലകുടയുന്നതുപോലെ കുഞ്ഞവൃത തല ഒരു കുടച്ചിൽ. ഏലിയാമ്മയുടെ ചട്ടയിൽ സാമ്പാർ പുതിയ ഡിസൈനുകൾ സൃഷ്ടിച്ചു. സാമ്പാറു കുടിച്ചു പൂസായ കുഞ്ഞവൃത ചോദിച്ചു. “എങ്ങിനെയുണ്ടേ...” പൂർത്തിയാക്കുന്നതിനു മുൻപ് ഏലിയാമ്മയുടെ കണ്ണിലെ 3 D ഫിലിം കണ്ട് കുഞ്ഞവൃത വളിച്ച ചിരി ചാസ്സാക്കി.

നെഹ്റു ട്രോഫി ഫുട്ട്ബോൾ നടക്കുന്ന സമയമാണ്. ഏലിയാമ്മയെ അതു് കാണിക്കാം. ഹോട്ടലിൽ നിന്നിറങ്ങുമ്പോൾ കുഞ്ഞവൃത മനസ്സിൽ പ്ലാൻ ചെയ്തു. ഫുട്ട്ബോൾ കളി കാണാൻ ടിക്കററെടുക്കാനായി ക്യൂവിൽ നിന്നു. അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും കയ്യിലിരുന്ന പണം ഏലിയാമ്മയെ ഏൽപിച്ച് കുഞ്ഞവൃത ഓടി. ഏലിയാമ്മ അന്തം വിട്ടു പോയി. “എന്തു പററി കർത്താവേ ഇതിയാന്.” ഏലിയാമ്മയും പുറകേ ഓടി. ചോറുണ്ട ഹോട്ടലിലേയ്ക്ക് കുഞ്ഞവൃത കയറുന്നതു് കണ്ടപ്പോൾ ഏലിയാമ്മ ചോദിച്ചു. “എന്തു പററി.” ഞെളിപിരി കൊള്ളുന്ന കുഞ്ഞവൃത തനിക്കടനെ കക്കൂസിൽ പോകണമെന്ന് ആംഗ്യ ഭാഷയിൽ അറിയിച്ചു. തനിക്കടനെ കാര്യം സാധിക്കണമെന്നറിയിച്ചപ്പോൾ മാനേജർ ഒരു മുറി കാട്ടികൊടുത്തു. കുഞ്ഞവൃത റോക്കററിന്റെ വേഗത്തിൽ കക്കൂസിലേക്ക് ചാടിക്കയറി. യൂറോപ്യൻ രീതിയിലുള്ള ക്ലോസററ് കണ്ടപ്പോൾ കുഞ്ഞവൃത ഞെട്ടിപ്പോയി. ഇങ്ങനെയൊരു സാധനം അയാൾ ആദ്യമായി കാണുകയാണ്.

“കർത്താവെ നീ എന്നെ ഈ കക്കൂസിൽ വച്ച് പരീക്ഷിക്കുകയാണോ? കുഞ്ഞവൃത ഉള്ളുരുകി പ്രാർത്ഥിച്ചു. പിന്നെ ഒന്നും ആലോചിച്ചില്ല. നാടൻ രീതിയിൽ മുറിയിലിരുന്ന് കാര്യം സാധിച്ചു. ഹോ എന്തൊരാശ്വാസം. ഇപ്പോഴാണ് കുഞ്ഞവൃത ശരിക്കും കണ്ണുതുറന്നത്. അതാ നില്ക്കുന്നു ഏലിയാമ്മയും മററ് ചിലരും. തിരക്കിനിടയിൽ വാതിൽ അടയ്ക്കാൻ മറന്ന കാര്യം അപ്പോഴാണ് അയാളോർത്തത്. തനിക്കു പററിയ അമളി പുറമേ കാണിക്കാതെ കുഞ്ഞവൃത പുറത്തിറങ്ങി.

അഞ്ചു മണിയായപ്പോഴേക്കും രണ്ടു പേരും നെഹ്റു ട്രോഫി കാണാനായി ടിക്കററെടുത്ത് ഗ്യാലറിയുടെ മദ്ധ്യഭാഗത്ത് ഇരിപ്പുപിടിച്ചു. എന്തൊരു ജനക്കൂട്ടം. ഏലിയാമ്മ അമ്പരന്നു.

“ഓരോ എരണം കെട്ടവന്മാരു് മേത്തോട്ടല്ലിയോ വന്നു കേറുന്നതു്.” ഏലിയാമ്മയ്ക്ക് പരിഭവം. “നീ ചട്ടയിട്ടു കൊണ്ടു വന്നപ്പോൾ ഇത്രയും സാരിയായിരുന്നെങ്കിലോ.” കുഞ്ഞവൃത ചോദിച്ചു.

“നിങ്ങള് സാമ്പാറു കുടിച്ചിട്ട് കീമ്പാറായതുപോലിരുന്നേനെ.” ഭാര്യ തനിയ്ക്കിട്ട് ഒരു വയ്പ് വച്ചതാണെന്ന് മനസ്സിലാക്കിയ കുഞ്ഞവൃത മിണ്ടാതിരുന്നു.

കളി ആരംഭിച്ചു. വാശിയേറിയ മത്സരം. ഒരു പന്തിന്റെ പുറകേ പത്തിരുപത് പേരോടുന്നത് ഏലിയാമ്മയ്ക്ക് പിടിച്ചില്ല.

“ഈ ഒരു പന്തിനു വേണ്ടിയാണോ മത്സരിക്കുന്നേ. എല്ലാവർക്കും ഓരോ പന്ത് മേടിച്ച് കൊടുത്താലെന്താ.” ഏലിയാമ്മയുടെ ആത്മഗതം ഉറക്കെയായി. അടുത്തിരുന്ന ചെറുപ്പക്കാർ ഊറി ചിരിച്ചു. ഏലിയാമ്മയ്ക്ക് ഒന്നും മനസ്സിലായില്ല. അവരുടെ ശ്രദ്ധ താൻ പൂശിയിരിക്കുന്ന സെന്റിലേക്ക് തിരിഞ്ഞു. ഇത്രയും ജനം ഇരിക്കുന്നതല്ലേ. താൻ സെന്റ് പൂശിയ വിവരം പത്തു പേരറിയണം.

“ഇവിടെന്താ ഒരു മണം. ആരെങ്കിലും വല്ല മണക്കണ സോപ്പോ, സെന്റോ പൂശിയതായിരിക്കും.” ഏലിയാമ്മയുടെ പ്രയോഗം ശരിക്കും ഏററു. അടുത്തിരുന്ന ചെറുപ്പക്കാരൻ പറഞ്ഞു. “അത് ചേടത്തി കുളിക്കാത്തതിന്റെ നാററമായിരിക്കും.” തന്നെ ചേടത്തി എന്ന് വിളിച്ചതും. കുളിക്കാത്തതാണെന്ന് പറഞ്ഞതും ഏലിയാമ്മയ്ക്ക് പിടിച്ചില്ല. അവർ മുണ്ടിന്റെ അട്ടക്ക് ശക്തിയായി വലിച്ചിട്ട് തന്റെ പ്രതിഷേധം രേഖപ്പെടുത്തി.

ഇതിനിടയിൽ ഒരു ടീം ഗോളടിച്ചു. കാണികൾ എല്ലാം ഗ്യാലറിയിൽ നിന്നും ചാടി എഴുന്നേററ് നിന്ന് ഡാൻസ് കളിച്ച് തങ്ങളുടെ ആഹ്ലാദം പ്രകടിപ്പിച്ചു. കുഞ്ഞവൃതയും എഴുന്നേററു. എല്ലാവരും എഴുന്നേററപ്പോൾ ഏലിയാമ്മയും എഴുന്നേററു. ആകപ്പാടെ ബഹളം. ഗ്യാലറി ഇളകി. തിക്കും തിരക്കും കൂടി വന്നു. അതാ ഏലിയാമ്മ മറിഞ്ഞു വീണു. ഏലിയാമ്മയുടെ ഗോൾ കീപ്പറായ കുഞ്ഞവൃതയ്ക്ക് നോക്കി നില്ക്കാനെ സാധിച്ചുള്ളു. എങ്കിലും സൈക്കിളിന്റെ മുകളിലിരിക്കുന്നതു പോലെ ചുളമര കൊമ്പുകളിലൊന്നിൽ അള്ളിപ്പിടിച്ചിരിക്കുന്ന ഏലിയാമ്മയെ കണ്ടപ്പോൾ കുഞ്ഞവൃത ചിരിച്ചു പോയി.

“എങ്ങിനെയുണ്ടേലിയാമ്മേ...”

കുഞ്ഞവൃത ഉറക്കെ ചോദിച്ചു.

തരക്കേടില്ല എന്ന മട്ടിൽ ഏലിയാമ്മ തലകുലുക്കി. അങ്ങിനെ വിവാഹവാർഷികം ഗംഭീരമായി കൊണ്ടാടി രണ്ടു പേരും വീട്ടിൽ തിരിച്ചെത്തി.


NEHRU COLLEGE
KANJAR & THODUPUZHA
Narimattam Unique Coaching Offers
Surest guarantee for Success
Courses:- M.A., B.A., P.D.C. and S.S.L.C.

## മോഹങ്ങൾ

ചന്ദ്രോദയൻ നായർ എൻ. ബി., II B. A. Lit.

തളിർത്ത താരാപഥ പുളിനത്തിൽ
കിളർത്തു സന്ധ്യാപ്പുളകങ്ങൾ
പകച്ചുനില്ക്കേ പൗർണ്ണമി മന്ദം-
മൃദു സ്മിതത്തോടെഴുന്നെള്ളി

ഉളുമ്പിയൊഴുകിയ നിലാവിനൊരിക്കിളി-
ചാർത്തി ഉടിച്ചു നീന്തുമിളം തെന്നൽ
പ്രപഞ്ചശില്പ മനോഹാരിതതൻ
തപം സമാധിയുണർത്തുകയായ്

തരിച്ചു നില്ക്കും പ്രകൃതി മുഴുവൻ
വിടർന്നൊരോമൽ ചേതനയിൽ
മനസ്സിനുള്ളിൽ തടവിൽവാഴും
പാഴ്സ്വപ്നം മുരളികയായ്

പറന്നുപോയ പുഷ്പങ്ങളിലെ
പരാഗഭംഗിയിൽ മുങ്ങിടുവാൻ
തെററുവേദന ഒരു പുഞ്ചിരിയിൽ
പുരട്ടുമാത്മജ നിർവൃതിയിൽ

സ്വയം മറന്നിട്ടിളകിടുന്നതി-
ലലിഞ്ഞിടുന്നു കുളിരണിയൽ
കടന്നു വാരിപ്പുണരാനെന്നിൽ
പിടഞ്ഞുനില്പൂ മോഹങ്ങൾ.

*Best Wishes:-*

**WEEJAY MEDICALS**
**Thodupuzha**

## ചിരഞ്ജീവി

മുളപ്പുറം സജി, I B. A. Econo.

ഇന്നലെ സായാഹ്നത്തിലും ഞാൻ ആ മനുഷ്യനെ കണ്ടിരുന്നു. കരിങ്കല്ലുകൊണ്ടു തീർത്ത രാഷ്ട്രപിതാവിന്റെ പ്രതിമയുടെ കീഴിൽ ഒരു ചിന്തകനേപ്പോലെ നിൽക്കുകയായിരുന്നയാൾ. ആ കണ്ണുകൾക്ക് അസാധാരണമായൊരു തിളക്കമുണ്ടായിരുന്നു. അത് അനന്ത വിഹായസ്സിൽ എന്തോ തിരയുകയാണോ എന്ന് എനിക്ക് സംശയം തോന്നിയിരുന്നു. എങ്കിലും ഒരിക്കലും ഞാനയാളുടെ സമീപം പോയിട്ടില്ല എന്നതായിരുന്നു സത്യം.

അഴുക്കു പുരണ്ടു പിഞ്ചി തുടങ്ങിയ കാലുറയും ളോഹപോലുള്ള ജുബ്ബയും കീറിപ്പറിഞ്ഞ തുകൽ സഞ്ചിയും തോൾ വരെ നീണ്ട എണ്ണമയം കണ്ടിട്ടു തന്നെ ദിവസങ്ങളായ മുടിയും അമിതമായി വളർന്ന ശ്മശ്രുക്കളും അയാളുടെ മാത്രം പ്രത്യേകതയായിരുന്നു. അതോടൊപ്പം അത്ഭുതവും അകാരണമായൊരു ഭയവും എന്നെ വലയം ചെയ്തു. കാരണം അയാളാരാണെന്നോ എവിടെ നിന്നു വന്നുവെന്നോ എനിക്കജ്ഞാതമായിരുന്നു.

പുരോഗമനത്തിന്റെ തേർവാഴ്ചയിൽ ചവുട്ടി മെതിക്കപ്പെട്ട ആർഷ ഭാരത സംസ്കാരത്തിന്റെ ജീർണ്ണിച്ചു; ദുർഗ്ഗന്ധം വമിക്കുന്ന കബന്ധങ്ങളിൽ നോക്കി നെടുവീർപ്പിട്ട് മററൊരു ഗാന്ധിജിയെപ്പോലെ അയാൾ നിന്നു.

എന്തുകൊണ്ടോ എന്റെ ഉള്ളിൽ അയാളെപ്പററി അറിയുവാനുള്ള അഭിവാഞ്ഛ അനുദിനം വർദ്ധിച്ചു വന്നു.

പലരും ഒരു ഭ്രാന്തനെന്ന് അയാളെ മുദ്ര കുത്തി. എന്തുകൊണ്ടോ എനിക്കതിനു കഴിഞ്ഞില്ല വിവേചിച്ചറിയുവാനാകാത്ത ഒരു വികാരമാണെന്നിൽ അപ്പോഴൊക്കെ നാമ്പിട്ടുക.

അവരുടെ വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഞാൻ പറഞ്ഞു "അയാൾ ഭ്രാന്തനല്ല" !!

"പിന്നെയാരാണയാൾ" ? അനേകം കണ്ഠങ്ങളിൽ നിന്നും ഒരുപോലെ ചോദ്യമുണ്ടായി. "ഞാനല്ലമൊന്നു പറഞ്ഞി."

ആരാണയാൾ ? ഞാൻ സ്വയം ചോദിച്ചു.

പെട്ടെന്നു മറുപടി കൊടുക്കുവാൻ എനിക്കു കഴിഞ്ഞില്ല. "അയാളെപ്പററി തനിക്കെന്തറിയാം." അല്പനേരം ആലോചിച്ചു.

അതിനുശേഷം...

ഇരുകൈകളും ഉയർത്തി വിളിച്ചു പറഞ്ഞു. "അയാളൊരു ചിന്തകനാണ്... ഒരു മഹാൻ !! ...

എന്ത് ? "മഹാൻ" ! അവർ അന്യോന്യം നോക്കി. എന്നിട്ട് സംശയത്തോടെ എന്നെ നോക്കി. സഹതാപപൂർവ്വം ചിരിച്ചു. ആ മനുഷ്യനെപ്പോലെ അവർ എന്നേയും വെറുത്തു... അവരുടെ മുന്നിൽ രണ്ടാമതൊരു ഭ്രാന്തൻ കൂടി ജന്മമെടുത്തു .. അതെ... ഞാനുമൊരു ഭ്രാന്തനായി.

മനസ്സിന്റെ അന്വേഷണതല്പരതയെ അടക്കിനിറുത്തുവാൻ കഴിയാതെ അവസാനം ഞാനയാളുടെ അടുത്തെത്തി. അപ്പോഴും ആയാൾ പതിവു പോലെ ആകാശനീലിമയിൽ എന്തോ തിരയുകയായിരുന്നു. എന്റെ സാമീപ്യം പോലും അയാളറിഞ്ഞില്ല. ഞാനയാളുടെ ആപാദചൂഡം ഒന്നു നോക്കി. ആ നിമിഷത്തിൽ ഞാനൊന്നു നടുങ്ങി. സിരകളിലൂടെ മിന്നൽ പിണരുകൾ

പാഞ്ഞു പോയ പ്രതീതി. കഴിഞ്ഞ ദിവസം പത്രങ്ങളിൽ കണ്ടവാർത്തയും ഫോട്ടോയും ഓത്തു. ഹോട്ടൽമുറികളിൽ കയറി കൊലപാതകം നടത്തുന്ന ഭീകരനായ കൊലയാളി.

ഒന്നു ഞാൻ തീർച്ചയാക്കി. അയാളുടെ സഞ്ചിയിൽ മാരകായുധങ്ങൾകാണും. അയാളതു കൊണ്ട് തന്റെ നേക്കപാഞ്ഞുവരും. ഒരു ജഡം കൂടി നാളെ ജനങ്ങൾ കാണും. ഞാൻ വിറച്ചു. വിയർത്തു പാദത്തിൽ നിന്നും തലച്ചോറുവരെ ഒരു മരവിപ്പു ബാധിച്ച പോലെ എനിക്ക തോന്നി.

അവസാനം ധൈര്യം സംഭരിച്ചു ചോദിച്ചു:-

"നിങ്ങൾ ആരാണ്? ചോദ്യം കേട്ട് നിരീക്ഷണം നിറുത്തി സാവധാനം എന്നെ നോക്കി പതുക്കെ ചിരിച്ചു. പിന്നെയും പഴയപടി തന്നെ നിന്നു.

അയാളുടെ നേരേ വിരൽ ചൂണ്ടി ഞാനലറി

"നിങ്ങൾ ഒരു കുററവാളിയാണ് ഭീകരനായ കൊലപാതകി"

ആ ആക്രോശം കേട്ട് അയാളൊന്നു ചിരിച്ചു എന്നിട്ട് എന്റെ കണ്ണുകളിൽ തറപ്പിച്ചു നോക്കി സാവധാനംപറഞ്ഞു.

"സുഹൃത്തേ നിങ്ങൾ ഒരു കുററവാളിയാണെനിക്കറിയാം എന്നാൽ ഞാനിതു ആരോടും പറയില്ല"

ഞാൻ കോപം കൊണ്ട് വിറച്ചുപോയി താനൊരു കുററവാളിയാണെന്നയാൾക്കറിയാം പോലും പെട്ടന്നൊരു സംശയം തോന്നി. മററുള്ളവർ പറയുന്നതുപോലെ ഇയാൾ ഒരു ഭ്രാന്തൻ തന്നെയായിരിക്കുമോ?

എന്നിൽ നാമ്പെട്ടത്ത ചിന്തകളെ അയാളുടെ കഠോരമായ ശബ്ദം തകർത്തു.

നോക്കു സുഹൃത്തേ നിങ്ങൾ ശാന്തനായാലും ഇതൊന്നു കേൾക്കു.

നിങ്ങൾ കുറ്റവാളിയെന്നാക്ഷേപിച്ച് എന്റെ നേരെ വിരൽ ചൂണ്ടിയപ്പോൾ ആ കൈയുടെ മൂന്നു വിരലുകൾ നിങ്ങളുടെ നേരേ ചൂണ്ടപ്പെട്ടിരുന്നത് നിങ്ങൾ കണ്ടില്ലേ?

ആ വിരൽ മാത്രമെന്നെ കുറ്റക്കാരനായികണ്ടപ്പോൾ നിങ്ങളെ മൂന്നു വിരലുകൾ കുറ്റവാളിയായി കണ്ടു. ഇനി പറയൂ ആരാണ് യഥാർത്ഥ കുറ്റവാളി എന്ന്. നമുക്ക പറ്റുന്ന ഏററവും വലിയതെററിതാണ്. സ്വന്തം തെറ്റുകൾ ദൂരീകരിക്കാത്തവർക്ക് മററുള്ളവരുടെ തെററുകളെ ചോദ്യം ചെയ്യുവാനെന്തർഹതയാണുള്ളത്. അതായത് നാം മററുള്ളവരുടെ നേരേ ഒരു വിരൽ ചൂണ്ടുമ്പോൾ ആ കൈയുടെ തന്നെ മൂന്നു വിരലുകൾ നമ്മെയും ചൂണ്ടുന്നു.

ആ പ്രഭാഷകനെ പോലെ വീണ്ടും അയാൾ തുടർന്നു.

സ്വയം തെററുകൾതിരുത്തിയ ശേഷം മാത്രമേ മററുള്ളവരുടെ പോരായ്മകളെ ചോദ്യം ചെയ്യാവൂ... എങ്കിൽ മാത്രമേ സമൂഹം നന്നാവുകയുള്ളു.

അയാളുടെ വാദഗതിയെ ഖണ്ഡിക്കുവാൻ എനിക്ക വാക്കുകളില്ലായിരുന്നു. അപ്പോഴും ചൂണ്ടപ്പെട്ടുനിന്നിരുന്ന എന്റെ കയ്യിലേക്കു ഞാൻ നോക്കി. അതെ... മൂന്നു രാക്ഷസൻമാരെ പോലെ ആ വിരലുകൾ എന്നെ തുറിച്ചു നോക്കി. സാവധാനം എന്റെ കൈതാഴ്ന്നു. എത്ര മഹത്തരമായൊരു തത്വം, എനിക്കാ മനുഷ്യനോടു അടങ്ങാത്ത ആദരവു തോന്നി. ഈ മനുഷ്യൻ ആരായിരിക്കും?

വററിയതൊണ്ടയിൽ നിന്നും രണ്ടുവാക്കുപുറത്തുചാടി പഴയതിന്റെ ആവർത്തനമെന്ന പോലെ.

ഇനിയെങ്കിലും പറയുമോ നിങ്ങൾ ആരാണെന്ന്.

അയാളെന്റെ നേരേ നോക്കി, നിർന്നിമേഷനായി നില്ക്കുന്ന എന്നിൽ നിന്ന് ദൃഷ്ടി പിൻ വലിച്ച് വിദൂരതയിലേക്കു നോക്കി സാവധാനം പറഞ്ഞു.

ഞാനാണ് ചിരഞ്ജീവി!! എന്നിട്ടയാൾ പൊട്ടിച്ചിരിച്ചു

ചിരഞ്ജീവി...... ആവാക്കുകൾക്ക് ആയിരം പ്രതിദ്ധ്വനി ഉണ്ടായതു പോലെ എനിക്ക തോന്നി......

---

# നിറഭേദം വരാത്ത സന്ധ്യകൾ

വനജകമാരി ടി. കെ.
IIIrd B. A. Hist.

കറുത്ത ചിറകുകൾ കാററിൽ പറത്തി രാത്രി കടന്നുപോകുന്നതു ഞാനറിയുന്നില്ല.

ഏതോ മരത്തിന്റെ കൊമ്പിലിരുന്നു മൂങ്ങകൾ നെടുവീർപ്പിടുന്നതു ഞാനറിയുന്നില്ല.

ഇലകളുടെ ഇടയിലിരുന്ന് ചീവീടുകൾ കരയുന്നതും ഞാനറിയുന്നില്ല........ കാരണം...

അതു ഞാൻ നിന്നോട് പറയണോ

എന്റെ പഞ്ചേന്ദ്രിയങ്ങളുടെയും പ്രവർത്തനം നിൽക്കുന്നു.

എന്റെ മനസ്സിന് .. എന്റെ ശരീരത്തിന്...

പക്ഷേ എന്റെ ഈ കൈകൾ തളരാതിരുന്നെങ്കിൽ അതു മാത്രമാണു മോളേ ഈ അമ്മയുടെ ഇപ്പോഴത്തെ പ്രാർത്ഥന. ഇപ്പോൾ ഞാനെന്തു പറഞ്ഞാലും നിനക്ക് മനസ്സിലാവില്ലല്ലോ. കാരണം നീ ഒരു പിഞ്ചുകുഞ്ഞായതുകൊണ്ട് തന്നെ. ഇന്നലെയുടെ ഏതോ ശപിക്കപ്പെട്ട മുഹൂർത്തത്തിൽ ഈ ഭൂമിയിലേക്ക് നീ പിറന്നു വീണു.

എന്തിനുവേണ്ടി......?

ആർക്കുവേണ്ടി......?

എവിടെയോ, ആർക്കോ, തെററുപറ്റിയിരിക്കുന്നു. ആർക്കാണ്? എനിയ്ക്കു തന്നെയാവാം. ശരിയാവും എന്നു ചിന്തയിൽ ചെയ്യുതെററ് അതോ ജന്മശാപമോ...

ജാതകഫലം പ്രവചിക്കുന്ന കണിയാന്റെ വാക്കുകൾ നീ കേട്ടില്ലേ? അല്ലെങ്കിൽ നീ എങ്ങിനെ കേൾക്കാനാണ്. ഇറയത്തു് നിന്റെ അച്ഛനും, മുത്തച്ഛനും, മറെറല്ലാവരും കണ്ണടച്ചു് കവിടി നിരത്തുന്ന കണിയാന്റെ മുൻപിൽ ഇരുന്നപ്പോൾ നീ ഉറക്കെ കരയുകയായിരുന്നല്ലോ ആരോടോ പക തീർക്കാനെന്നപോലെ. പക്ഷേ എന്റെ കണ്ണുകളും ചെവികളും ഇറയത്തായിരുന്നു. അതുകൊണ്ട് തന്നെ ഞാനതു കേട്ടു. ഒരിടിത്തീ വീണാലെന്നപോലെ, വീഴാതിരിക്കാൻ കട്ടിളപ്പടിയിൽ മുറുകെ പിടിക്കുമ്പോഴും എന്റെ പൊന്നുമോള, നിന്റെ കരച്ചിൽ ഞാൻ കേട്ടില്ല. പക്ഷേ കണിയാന്റെ വാക്കുകൾ എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു. "പൂരാടമാണു, അച്ഛൻ കാല്...ഈ കുട്ടി അച്ഛന്റെ മൂട്ടി നൊപ്പം എണ്ണുമ്പോഴേക്കും ഇത്രയും പറഞ്ഞയാൾ നിന്റെ അച്ഛന്റെ നേരെ ഒന്നു നോക്കി. താടിക്ക് കൈകൊടുത്തു് ചിന്താമഗ്നനായിരിക്കുന്ന നിന്റെ അച്ഛനെ കണ്ടില്ലെന്നു് നടിയ്ക്കാൻ എനിക്കാവില്ല മോളേ. നിന്റെ മുത്തശ്ശിയമ്മ പറയുന്നതു് നീ കേൾക്കുന്നില്ലേ. "ആ അശ്രീകരത്തിന്റെ വയററിലല്ലേ ജനിച്ചതു് എന്ന്." എന്റെ മോളേ ഈ അമ്മയുടെ ദുർവ്വിധി...നീ എന്തിനു് എന്റെ വയററിൽ ജനിച്ചു. ആരോടും പഴിക്കാൻ എനിയ്ക്കാവില്ലല്ലോ? ഏതോ ജന്മത്തിന്റെ ചെയ്ത ദുഷ്കർമ്മങ്ങളുടെ ഫലമാവും അല്ലേ. അല്ലെങ്കിൽ മോഹന സ്വപ്നങ്ങളുടെ മയിൽപീലികൾ കാത്തു സൂക്ഷിക്കേണ്ട ഇളംപ്രായത്തെ കുറിച്ചോർക്കുമ്പോൾ പോലും എന്നിൽ ഭയം ഉണ്ടാകുന്നതെന്തിനാണ്. ജനിച്ചനാൾ മുതൽ ശാപവാക്കുകൾ കേൾക്കുക എന്നതു് ലോകത്തിലേതൊരു സ്ത്രീയ്ക്കാണ് ഉണ്ടായിട്ടുള്ളതു്... സീതയല്ലേ...? ശകുന്തളയല്ലേ...? സാവിത്രിയല്ലേ......? ഊർമ്മിളയല്ലേ......? ആർക്കുമില്ല. അവരെല്ലാം ജീവിതത്തിന്റെ ഏതെങ്കിലും ഒരു കോണിൽ ആഹ്ലാദിച്ചവരാണ്...

...പക്ഷേ നിന്റെ ഈ ഭാഗ്യംകെട്ട അമ്മയോ. കൂട്ടുകൂടി കളിച്ചുനടക്കേണ്ട കൗമാരപ്രായത്തിലും, സ്വപ്നങ്ങൾ നെയ്തുകൂട്ടേണ്ട പാവാടപ്രായത്തിലും ഈ അമ്മയ്ക്ക് ദുഃഖങ്ങളേ കൂട്ടിനുണ്ടായിരുന്നുള്ളൂ. പക്ഷേ സഹോദരീ സഹോദരന്മാർക്ക് സ്നേഹം വാരിക്കോരി കൊടുത്തു കൊണ്ടിരുന്ന എന്റെ അമ്മയ്ക്കോ, എന്റെ മുത്തശ്ശിക്കോ മറ്റ് ബന്ധുക്കൾക്കോ ആർക്കും എന്റെ ദുഃഖം കാണണ്ടിയിരുന്നില്ല. അവർക്കെല്ലാം ഞാൻ എന്നും കണ്ണിലെ കരടായിരുന്നില്ലേ. എന്റെ ഭാഗത്തുനിന്നും ഉണ്ടായ തെറ്റെന്തെന്ന് മനസ്സിലാവാതെ തലയിണയിൽ മുഖമമർത്തി ഏങ്ങിക്കരഞ്ഞ എത്ര എത്ര രാത്രികൾ...ഞാൻ ജനിച്ചപ്പോഴേ എന്റെ അച്ഛൻ വിഷം തീണ്ടി മരിച്ചതു് എന്റെ കുറ്റമാണോ? കാലുള്ള നക്ഷത്രത്തിൽ ഞാൻ ജനിച്ചതുകൊണ്ടാണത്രെ അച്ഛൻ മരിച്ചതു്. അതുകൊണ്ടായിരുന്നില്ലേ എന്റെ അച്ഛന്റെ അമ്മ കൂടെ കൂടെ "ഈ കരത്തംകെട്ടതിന്റെ തല കണ്ടപ്പോഴെ എന്റെ കുഞ്ഞിന്റെ ജീവനെടുത്തു" എന്നുപറഞ്ഞുകൊണ്ടിരുന്നതു്. ഓർമ്മ വച്ച നാൾ മുതൽ ഞാൻ അനുഭവിച്ചിരുന്ന ഹൃദയവ്യഥ, നിനക്കെന്നല്ല ലോകത്താർക്കും മനസ്സിലാവില്ല മോളേ...എന്റെ ചേട്ടന്മാരേയും, ചേച്ചിമാരേയുമെല്ലാം ചോറുകൊടുത്തു ഉറക്കിയശേഷം വളർത്തുനായക്ക് ചോറിട്ടു കൊടുക്കുന്നതുപോലെ ചോറുതന്നിട്ട് വേണമെങ്കിൽ തിന്നു്" എന്നു പറയുമായിരുന്ന എന്റെ അമ്മ. കണ്ണുനീരോടെ കിട്ടിയ ചോറ് വാരി വിഴുങ്ങിയിരുന്ന നിന്റെ അമ്മയെ കുറിച്ച് നിനക്ക് ചിന്തിക്കാനാവുമോ മോളെ.

ഓണത്തിനും, വിഷുവിനും, മറ്റ് വിശേഷദിവസങ്ങളിലും, പുതുവസ്ത്രങ്ങളും പലഹാരങ്ങളുമായി വരുന്ന കൊച്ചച്ഛനെ ദൂരെ നിന്നും കാണുമായിരുന്നു. വിളിക്കും, എനിക്കും കോടിവസ്ത്രം കിട്ടും എന്ന സ്വപ്നവുമായി കതകിനു മറവിൽ ചേച്ചിമാർ കൊച്ചച്ഛനോട് തമാശ പറയുന്നതു് കേട്ട് നില്ക്കുമായിരുന്നു. പക്ഷേ വലുതാകുംതോറും ആ സ്വപ്നങ്ങൾക്കും നിറം മങ്ങി വന്നു. ചെറിയ തെറ്റുകൾക്കും മറ്റുള്ളവർ ചെയ്യുന്ന തെറ്റുകൾക്കും വലിയ ശിക്ഷ ഏറ്റുവാങ്ങി കൊണ്ടിരുന്ന കാലം എന്തെങ്കിലും പറഞ്ഞാൽ 'തന്തയെ തിന്നവൾ ഇനി ബാക്കിയുള്ളതിനേ കൂടി തിന്നേ അടങ്ങൂ' എന്നു് ശപിക്കുന്ന അമ്മയും മുത്തശ്ശിയും...ഇങ്ങിനെ കഴിഞ്ഞുവന്ന എന്റെ സ്വപ്നങ്ങൾക്ക് എങ്ങിനെ ചിറകുകളുണ്ടാവും, നീ തന്നെ പറയൂ മോളേ... 'ആരോ ഒഴുക്കിവിട്ട പൊങ്ങുതടിപോലെ നദിയുടെ ഒഴുക്കിനനുസരിച്ച് എവിടേക്കോ ഒഴുകിയിരുന്ന നാളുകൾ... നിന്റെ അച്ഛന്റെ കൈപിടിച്ച് ഈ വീട്ടിൽ വന്നു കയറുമ്പോൾ ഏതോ തീരത്തണഞ്ഞു എന്നൊരു തോന്നലുണ്ടായി...പക്ഷേ അതു് വെറും തോന്നൽ മാത്രമായിരുന്നു എന്നും ചുഴിയിലാണകപ്പെട്ടതെന്നു, പിന്നീടറിഞ്ഞപ്പോഴേക്കും വൈകിയിരുന്നു. ആദ്യമെല്ലാം നിന്റെ അച്ഛനു് ഞാനെന്നു് പറഞ്ഞാൽ ജീവനായിരുന്നു. പക്ഷേ പെട്ടെന്നുള്ള നിന്റെ ചിറ്റയുടെ മരണം......അച്ഛന്റെ ഏക സഹോദരി..."ഈ നശിച്ചവൾ ഇവിടെ കാലുകുത്തിയതുകൊണ്ടാ. എന്റെ കുഞ്ഞിനെ ദൈവമെടുത്തതു്" എന്നുള്ള നിന്റെ അച്ഛന്റെ അമ്മയുടെ സ്ഥിരം പല്ലവി കേട്ടാവാം നിന്റെ അച്ഛനും അങ്ങിനെ തോന്നി തുടങ്ങിയതു്.. വൈകി വരുന്ന രാത്രികളുടെ എണ്ണം വർദ്ധിക്കുന്തോറും കഴിക്കുന്ന മദ്യത്തിന്റെ അളവും കൂടി വന്നുകൊണ്ടിരുന്നു. എന്റെ ദുഃഖത്തിന്റെ വിഴുപ്പ് നിന്റെ മുൻപിൽ അലക്കുന്നതെന്തിനാണെന്നാവും നിന്റെ ഇപ്പോഴത്തെ ചിന്ത. നീ എങ്കിലും എന്നെ മനസ്സിലാക്കാൻ...

ഞാൻ ചെയ്തതൊന്നും, ചെയ്യുന്നതൊന്നും തെറ്റല്ലെന്നു് നിനക്കെങ്കിലും ബോദ്ധ്യമാവാൻ...

രാവേറെ ചെല്ലുമ്പോൾ കുടിച്ച് ബോധം നശിച്ചുവരുന്ന നിന്റെ അച്ഛനെ കുറിച്ചാണല്ലോ ഞാൻ പറഞ്ഞുകൊണ്ടിരുന്നതു്. അല്പമെങ്കിലും ബോധം മിച്ചംനില്ക്കുന്ന രാവിൽ സ്നേഹംകൊണ്ട് തലോടേണ്ടിയിരുന്ന കൈകൾകൊണ്ടുതന്നെ എന്നെ മർദ്ദിക്കുമായിരുന്നു. എല്ലാം സഹിച്ച് തേങ്ങികരയാനല്ലാതെ ഈ അമ്മയ്ക്ക് മറ്റൊന്നിനും സാധിച്ചിരുന്നില്ല. പരാതിപ്പെടാനോ പരിഭവിക്കാനോ കഴിഞ്ഞിരുന്നില്ല. എന്തും താങ്ങില്ലാതായപ്പോൾ ആത്മഹത്യ ചെയ്യാൻ വരെ ഞാൻ മുതിർന്നു. പക്ഷേ എന്റെ ദൗർഭാഗ്യം എന്നെ അതിനും അനുവദിച്ചില്ല. അതോടെ സ്വന്തം വീട്ടുകാർക്കോ ഭർത്താവിന്റെ വീട്ടുകാർക്കോ വേണ്ടാത്ത എന്നെ നാട്ടുകാർ കൂടി തള്ളിപ്പറഞ്ഞു യാഥാസ്ഥിതികത്വത്തിന്റെ മതിൽ കെട്ടിനുള്ളിൽ നിന്നവർ എന്നെ കല്ലെറിഞ്ഞു.

"അവരുടെ പ്രിയങ്കരനായിരുന്ന എന്റെ അച്ഛന്റെ മരണത്തിനുത്തരവാദി ഞാനായതു കൊണ്ടാവാം...ഭർത്തൃഗൃഹത്തിന്റെ അനാസ്ഥയുടെയും ഐശ്വര്യമില്ലായ്മയുടെയും നാശങ്ങൾ പതിവിടത്തിയാടുന്നതിനുള്ള ഉത്തരവാദി ഞാനായതുകൊണ്ടാവാം..."

"വെള്ളത്തുണികൊണ്ട് മൂടി അച്ഛൻ വീടിന്റെ തെക്കേപറമ്പിൽ വിശ്രമിക്കുമ്പോൾ ഞാൻ ചെന്നു് വിളിച്ചു......എഴുന്നേറ്റു് വരൂ അച്ഛാ.. അച്ഛന്റെ സ്ഥാനത്തു് ഞാൻ വന്നു് കിടക്കാം...എന്തോ വാഹനത്തിന്റെ അടിയിൽ വീണു് ഞെരിഞ്ഞമർന്ന ശരീരവുമായി ആശുപത്രിയിലെ ശവപറമ്പിലുറങ്ങുന്ന നിന്റെ ചിറ്റയെ ഞാൻ ചെന്നു് വിളിച്ചു. വരൂ അനുജത്തീ നിന്റെ സ്ഥാനത്തു് ഞാൻ കിടക്കാം...... പക്ഷേ അവരാരും വന്നില്ല. എന്നെ എന്റെ ദുഃഖങ്ങളുടെ ഊഞ്ഞാലിൽ ആടാൻ വിട്ടിട്ട് അവർ പോയി...

എന്റെ പ്രഭാതങ്ങളും സന്ധ്യകളും മുറതെറ്റാതെ കടന്നു പൊയ്ക്കൊണ്ടിരുന്നു. അങ്ങിനെയുള്ള ഒരു സന്ധ്യയിൽ ആണ് ഞാൻ നീ എന്റെ ഉദരത്തിൽ വളരുന്ന വാർത്ത അറിഞ്ഞതു്. ഞാൻ സന്തോഷിച്ചു. ഇനിയുള്ള എന്റെ പ്രഭാതങ്ങൾക്കും സന്ധ്യകൾക്കും നിറഭേദം വരുമെന്നു് കരുതി ഞാൻ ആശ്വസിച്ചു. തലമുറകളുടെ സംഗീതം ഏറ്റുപാടേണ്ടിയിരുന്ന നിന്റെ വളർച്ചയെ കുറിച്ചറിഞ്ഞപ്പോഴും എല്ലാവർക്കും പുച്ഛമായിരുന്നു. എന്തോ ശകുനപ്പിഴപോലെ......സ്നേഹം ചൊരിയേണ്ടിയിരുന്നവരുടെ വായിൽ നിന്നും വീണ്ടും വീണുകൊണ്ടിരുന്നതു് ശാപവചനങ്ങളായിരുന്നു. പിന്നിട്ട് ഞാൻ എല്ലാം മറക്കാൻ ശ്രമിച്ചു. സഹിക്കാൻ ശ്രമിച്ചു......എല്ലാം നിനക്കുവേണ്ടി...നിന്റെ ജന്മം എന്റെ ദുഃഖത്തിനറുതി വരുത്തുമെന്നു്...കരുതി പക്ഷേ......ഇപ്പോൾ ഞാനറിയുന്നു എന്റെ കണക്കുകൂട്ടലുകൾ ആകെ തെറ്റിയിരുന്നു എന്നു് എവിടെയോ പിഴപറ്റി...എവിടെയായിരിക്കും...? എല്ലാവരുംഅവസാനം വിധിയെ പഴിക്കുന്നതുപോലെ എല്ലാം വിധിക്ക് വിട്ടുകൊടുത്തുകൊണ്ട് രക്ഷപ്പെടാൻ എനിയ്ക്കാവില്ലല്ലോ എന്റെ മോളേ...ഈ അമ്മ ഇത്രയുംനാൾ അനുഭവിച്ച ദുഃഖത്തിന്റെ തീവ്രത നിനക്കിപ്പോൾ അല്പമെങ്കിലും മനസ്സിലായിട്ടുണ്ടാവും. ഇനി നീ പറയൂ... "ഈ ദുഃഖത്തിന്റെ മേഖലയിലേക്ക് നിന്നെ ഞാൻ മേയാൻ വിടണോ...?"

"എന്റെ ദുഃഖം തന്നെ വീണ്ടും ഞാൻ നിന്നിലേക്ക് കൈമാറണോ?..." വേണ്ട നീ ഇതൊന്നും അറിയരുതു്......മററുള്ളവരുടെ കുത്തുവാക്കുകൾ കേട്ട് സ്വയം ശപിക്കാൻ നിനക്കൊരിക്കലും ഇട വരരുതു്... നീ എങ്കിലും രക്ഷപെടണം...അതാണു് ഈ അമ്മയുടെ ഇപ്പോഴത്തെ ആഗ്രഹം... ഇപ്പോൾ തന്നെ ഒരു ജന്മം അനുഭവിക്കേണ്ടതു് മുഴുവനും ഞാൻ അനുഭവിച്ചു. ഇനി ഒരിക്കലും എന്റെ ജീവിതത്തിൽ ഒരു സ്വപ്നവും വിരിയില്ല...അതിനു വേണ്ടതാണല്ലോ ഞാനിപ്പോൾ ചെയ്യാൻ പോകുന്നതും... ഇനി ഒരു സ്വപ്നം...അതു് ഞാൻ ആഗ്രഹിക്കുന്നും ഇല്ലല്ലോ...

നീ ഒരിക്കലും ഈ അമ്മയെ കുററം പറയരുതേ...മററുള്ളവർ എന്തുപറഞ്ഞാലും ഞാൻ സഹിക്കും...പക്ഷേ...നീ...നീ മാത്രം...നിന്റെ നന്മയെ കരുതി മാത്രം......ഞാൻ ജനിച്ചപ്പോൾ എന്റെ അമ്മയ്ക്ക് എന്നോട് ചെയ്യാൻ തോന്നാത്ത കാര്യം ഞാൻ നിനക്കുവേണ്ടി ചെയ്യുന്നു......ഇല്ലെങ്കിൽ പിന്നീടൊരിക്കൽ നീ എന്നെ പഴിപറയും...അതുകൊണ്ടാണു് ഞാൻ പ്രാർത്ഥിക്കുന്നതു്...നിന്റെ ഈ പിഞ്ചുകഴുത്തിൽ കൈയമർത്തി നിന്റെ ശ്വാസം നിൽക്കുന്ന മുഹൂർത്തവും കാത്തിരിക്കുമ്പോഴും എന്റെ കൈകൾ തളരാതിരിക്കണേ എന്നു്...

ആശംസകൾ!

# മരീന

എന്റർപ്രൈസസ്

ഇരുമ്പു വ്യാപാരം

മാതാ ഷോപ്പിംഗ് ആർക്കേഡ്

തൊടുപുഴ

With Best Compliments from:-

**EVERSHINE STUDIO**

Kanjiramattam Junction

THODUPUZHA

COLOUR and

Black & White.

Photos.

# ഇതൾ കൊഴിഞ്ഞ സ്വപ്നങ്ങൾ

റാണി ഫിലിപ്പ് മുണ്ടയ്ക്കൽ, II B. A. Hist.

കട്ടിലിൽ കിടന്നുകൊണ്ട് ജാലകത്തിലൂടെ വെറുതെ പുറത്തേയ്ക്ക് നോക്കി. കനത്ത ഇരുട്ട്, മഴയുടെ ആരോഹണാവരോഹണത്തിലുള്ള താളം മാത്രം കേൾക്കാം. ഇടയ്ക്കിടെ തെളിയുന്ന മിന്നലിൽ പുറത്ത് തൊടിയിൽ നൃത്തമാടുന്ന വാഴക്കൂട്ടങ്ങളെ നോക്കി അവൾ ഉറങ്ങാതെ കിടന്നു.

വിനീതയുടെ മനസ്സിൽ അനുമോളുടെ ചോദ്യം ഒരു മിന്നലായി പൊന്തി വന്നു. ''Anti, why did you not marry. Do you hate married life ?'' No, No എന്ന് ഉറക്കെപ്പറയുവാൻ മനസ്സ് വെമ്പി. മോളേ നിന്റെ ആന്റിയ്ക്കും നിന്നെപ്പോലെ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. വിനീതയുടെ മനസ്സിൽ ഭൂതകാലത്തിന്റെ ഓർമ്മകൾ ഓരോന്നായി പൊങ്ങിവന്നു.

അന്നൊരു ദിവസം കോളേജിൽ പോയപ്പോൾ സാരിയിൽ ചെളിയും തെറിപ്പിച്ചു കൊണ്ട് കടന്നുപോയ സ്കൂട്ടറുകാരൻ ക്ഷമ പറയാനായി വന്നപ്പോൾ ഒരാട്ടുകൊടുക്കാനാണ് തോന്നിയത്. താൻ ആദ്യമായി ഉടുത്ത ചുവന്ന ബോർഡറുള്ള ചന്ദനകളറിലുള്ള ഷിഫോൺ സാരി ആകെ വൃത്തികേടായി. അയാളെ മനസ്സാ ശപിച്ചുകൊണ്ട് കടന്നുപോയി. പിറ്റെ ദിവസവും ആ സ്കൂട്ടറുകാരൻ അവിടെത്തന്നെ നിൽക്കുന്നു. അയാളെ കണ്ടിട്ടും കണ്ടില്ലമട്ടിൽ നടന്നു. കുട്ടീ Excuse പറഞ്ഞാൽ തിരിഞ്ഞുനോക്കുന്ന മര്യാദപോലുമില്ലേ ? പിറകിൽ നിന്നുള്ള അയാളുടെ ചോദ്യം; നുരഞ്ഞുപൊങ്ങിയ ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. എന്റെ സാരിയും കളഞ്ഞിട്ട് ഇപ്പോൾ മര്യാദ പഠിപ്പിക്കാൻ വന്നിരിക്കുന്നു. ഹേ മിസ്റ്റർ. തനിക്ക് പെൺകുട്ടികളുടെ വായിൽ നോട്ടമാണ് പരിപാടി ഇല്ലേ? ചോദ്യവും കഴിഞ്ഞു തിരിഞ്ഞു നടന്നപ്പോൾ അത്രയും വേണ്ടായിരുന്നു എന്നു തോന്നി. പിന്നെ എന്നും അവിടെ വരുമ്പോൾ അറിയാതെ നോക്കുമായിരുന്നു. പക്ഷെ ഒരിക്കലും അയാളെ കാണുവാൻ കഴിഞ്ഞില്ല.

എന്നാണ് പിന്നീട് അയാളെ കണ്ടത്. തന്റെ Friend മിനിയുടെ ചേട്ടന്റെ കല്യാണത്തിനുപോയപ്പോൾ, മിനി പരിചയപ്പെടുത്തി; വിനീതേ, ഇത് ചേട്ടന്റെ Friend Advocate Baby. ഒരുമിച്ചാണ് ലോകോളേജിൽ പഠിച്ചത്. പരിചയപ്പെടുത്തലിനുശേഷം വിനി പോയപ്പോൾ താനറിയാതെ രണ്ടുവാക്കുകൾ ഉതിർന്നുപോയി. ''Excuse me Sir.'' No, ക്ഷമ ചോദിക്കേണ്ട ആവശ്യമില്ല. Because I like you Vineetha എന്ന് മന്ത്രിച്ചപ്പോൾ താൻ ഒരു നിമിഷം പകച്ചു നിന്നുപോയില്ലേ. ആ ബന്ധം വളരുകയായിരുന്നു. Baby എന്നാണ് തനിക്ക് ബേബിച്ചായനായത്? വാകമരത്തിന്റെ തണലിൽ ചോരപ്പൂക്കൾപോലെ അടർന്നുവീഴുന്ന വാകപ്പൂക്കളുടെ നടുവിലിരുന്ന് ''വിനീതേ നീ എന്റെ മനസ്സ് നിറയെ നിറഞ്ഞു നിൽക്കുകയാണ്. നിന്നെ ഞാൻ ഒരിക്കലും കൈവെടിയുകയില്ല. You are my treasure എന്ന് ബേബിച്ചായൻ തന്റെ കാതിൽ പറഞ്ഞപ്പോൾ ഈ ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവതി താനാണെന്ന് അഹങ്കരിച്ചിരുന്നില്ലേ. എന്നും last hour cut ചെയ്തു സിവിൽകോർട്ടിന്റെ താഴെക്കൂടെ പോകുവാൻ അന്നൊക്കെ എത്ര തിടുക്കമായിരുന്നു. പഠിത്തത്തിൽ മുൻനിരയിലായിരുന്ന

താൻ പിൻനിരയിലായപ്പോൾ ഒരിക്കലെങ്കിലും അന്ന് ദുഃഖിച്ചിരുന്നോ College പഠനം കഴിഞ്ഞപ്പോൾ എത്ര വേദനയോടെയാണ് പോന്നത്. പിന്നീട് ബേബിച്ചായനുമായുള്ള ബന്ധം എഴുത്തുകൾ മൂലമായി. അതും കുറഞ്ഞപ്പോൾ താൻ വിശ്വസിച്ചു തിരക്കായിരിക്കും, practice കൂടുതലുണ്ടെന്നല്ലേ പറഞ്ഞത്.

ഒരു ദിവസം പള്ളിയിൽ കഴിഞ്ഞു വന്നപ്പോൾ നാത്തൂൻ തന്റെ കാതിൽ മന്ത്രിച്ചു. വിനീ നിന്നെ കാണാൻ ഒരു പാർട്ടി വരും വേഗം ഒരുങ്ങ്. പെണ്ണ്. ബോംബെയിലുള്ള ഏതോ ഒരു വലിയ ഉദ്യോഗസ്ഥനാണത്രേ. പെണ്ണു കാണലും കഴിഞ്ഞ് അവർ പോയി. തന്നെ ഇഷ്ടപ്പെട്ടുവത്രേ. ഇനി അങ്ങോട്ടു പോകണമെന്ന് അപ്പച്ചൻ സന്തോഷത്തോടെ പറഞ്ഞപ്പോൾ എവിടെ നിന്നോ കടം വാങ്ങിയ ധൈര്യത്തോടെ താൻ പറഞ്ഞു. ഈ വിവാഹം എനിക്കു വേണ്ട. തന്റെ മനസ്സിലിരുപ്പുകൾ പറഞ്ഞപ്പോൾ പിടിവാശിക്കാരിയായ കുഞ്ഞുമോളുടെ ആഗ്രഹത്തിനു വഴങ്ങാതിരിക്കാൻ അപ്പച്ചനു കഴിഞ്ഞില്ല. പിറ്റെ ദിവസം തന്നെ അപ്പച്ചൻ ബേബിയുടെ വീട്ടിൽ പോയി. താൻ പ്രതീക്ഷയോടെ കാത്തിരുന്നു.

മീനച്ചൂടിന്റെ തിളയ്ക്കുന്ന വെയിലിൽ വിയർത്തൊലിച്ചു വന്ന അപ്പച്ചൻ പറഞ്ഞു. ആ കാര്യം നടക്കുമെന്നു തോന്നുന്നില്ല. വീട്ടിൽ എല്ലാവരുടെയും പ്രതീക്ഷകൾ നശിച്ചു. പക്ഷെ തന്റെ ബേബിച്ചായൻ തന്റെ മനസ്സിൽ സ്വപ്നത്തേരിലെഴുന്നള്ളിയ രാജകുമാരൻ തനിക്ക് അന്യനാവുകയില്ലെന്ന് ഉറച്ചു വിശ്വസിച്ചു.

എന്നാണ് തന്റെ സ്വപ്നങ്ങളുടെ ഇതളുകൾ കൊഴിഞ്ഞത്. എന്നാണ് താൻ വെള്ളവസ്ത്രങ്ങളിലൊതുങ്ങി കൂടുവാൻ ശീലിച്ചത്. ജീവിതത്തിൽ എത്ര പെട്ടെന്നാണ് മാറ്റങ്ങൾ ഉണ്ടാകുന്നത്, രാത്രി പകലിനു വഴി മാറുന്നതുപോലെ ഒരു തിര മറ്റൊരു തിരയ്ക്ക് വഴിയൊരുക്കുംപോലെ മിനിയുടെ എഴുത്ത് ഒരിക്കലേ വായിക്കുവാൻ കഴിഞ്ഞുള്ളു. ചേട്ടന്റെ Friend Babyയുടെ കല്യാണം കഴിഞ്ഞു. വധു നമ്മുടെ കോളേജിലെ Miss. Anila.

പിന്നീട് തന്റെ ചേട്ടൻ തനിക്ക് പല വിവാഹാലോചനകളും കൊണ്ടുവന്നു. ചേട്ടൻ പറഞ്ഞു. മോളെ, നമ്മെ സ്നേഹിക്കാത്തവരെ നാം സ്നേഹിച്ചിട്ടെന്തു ഫലം അതു വേദന മാത്രമേ നൽകു. മോളു വിനീ, ബേബിക്ക് നിന്നെ ആവശ്യമില്ലാത്തതുകൊണ്ട് നീ അവനെ മറന്നേക്ക്. ബേബിയേക്കാൾ മിടുക്കനായ ഒരു അഡ്വക്കേറ്റിനെ തന്നെ ചേട്ടൻ നിനക്ക് കൊണ്ടുവരാം. വേണ്ട ചേട്ട, ചേട്ടൻ ഈ അനിയത്തിക്ക് ഒരു Advocateനെയോ ഒരു ബേബിയെയോ കൊണ്ടുവരാൻ സാധിക്കും. പക്ഷെ എന്റെ ബേബിച്ചായനെ ഒരിക്കലും തിരിച്ചു തരാനാവില്ല. അതുകൊണ്ട് എന്നെ നിർബന്ധിക്കരുത്. എന്റെ പ്രതീക്ഷകളാകുന്ന പൊട്ടിച്ചിതറിയ ആ പളുങ്കുപാത്രത്തിന്റെ ഓരോ തുണ്ടും കൂട്ടിച്ചേർത്ത് ജീവിക്കാൻ ഞാൻ ശ്രമിക്കാം. എന്നാലും എന്റെ ബേബിച്ചായ പൂക്കൾ തോറും പാറന്നു നടക്കുന്ന മധുപൻമാരുടെ കൂട്ടത്തിൽ അങ്ങയെ കാണാൻ തെല്ലും ആഗ്രഹിച്ചിരുന്നില്ല. എന്റെ രാജകുമാരന് എല്ലാപ്പൂക്കളും സ്വന്തമാണെന്ന് മനസ്സിലാക്കിയപ്പോൾ വീണുടഞ്ഞത് ഒരു സ്ഫടികപാത്രമായിരുന്നില്ല. എന്റെ മനസ്സായിരുന്നു. അന്ന് അങ്ങനെ നിന്റെ ആൻറി ജീവിതത്തെ തന്നെ വെറുത്തു, കുട്ടീ.

---

# മദ്യപാനവും പുകവലിയും യുവാക്കളിൽ

രമേശൻ എൻ., II B. A. Eco.

മനുഷ്യൻ പണ്ടുമുതലെ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാറുണ്ടായിരുന്നു. ഇന്നും ആ അവസ്ഥയ്ക്ക് യാതൊരു മാറ്റവും വന്നിട്ടില്ല. പഴയകാലത്ത് വീഞ്ഞു കുടിക്കുകയും ഹുക്കവലിക്കുകയുമാണ് ചെയ്തിരുന്നതെങ്കിൽ, ഇപ്പോൾ ആൽക്കഹോൾ ചേർന്നിട്ടുള്ള വിദേശമദ്യങ്ങളും കഞ്ചാവുമാണ് കൈയ്യടക്കിയിരിക്കുന്നത്. പഴയകാലത്ത് വയസ്സായവർ അല്പനേരത്തെ സുഖത്തിനു വേണ്ടിയാണ് ഇവ ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ യുവാക്കളാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്. അവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളാണെന്നുള്ളതാണ് പ്രത്യേകത.

വിദ്യാലയങ്ങളിലേക്കും കോളേജുകളിലേക്കും പഠിക്കാൻ എന്ന വ്യാജേന എത്തുന്ന വിദ്യാർത്ഥികളിൽ കുറെ ഭാഗം മദ്യഷാപ്പുകളിലും മറ്റൊരു കൂട്ടർ മയക്കമരുന്നുമായി തിയേറ്ററുകളിലേയ്ക്കോ, കോളേജിന്റെ തന്നെ ഏതെങ്കിലും മൂലയിലോ ആയിരിക്കും സാധാരണ എത്തിച്ചേരാറുള്ളത്. സിഗററ്റ് പുകയ്ക്കുന്നത് ചിലർ മാന്യതയായി കരുതുന്നു. ഒരു പടികൂടെ കടന്ന് കഞ്ചാവ് വലിക്കുന്നത് ഒരു പരിഷ്കാരമായി ചില യുവാക്കൾ കരുതുന്നു. ഒരിക്കലെങ്കിലും മദ്യമോ കഞ്ചാവോ രുചിച്ചു നോക്കാത്തവരെ ഇവർക്ക് പുച്ഛമാണ്. പാശ്ചാത്യരെ അനുകരിച്ച് നമ്മുടെ കലാലയങ്ങളിലും വിദ്യാർത്ഥികൾ കഞ്ചാവിന്റെ അടിമകളാകാറുണ്ട്. ഇവരിൽ ഭൂരിപക്ഷം പേർക്കും ഇത് വരുത്തിവയ്ക്കുന്ന അപകടത്തെക്കുറിച്ചറിയാം. എങ്കിൽ തന്നെയും അവർ ഉപയോഗിക്കുന്നു. മദ്യപാനത്തിന്റെയും പുകവലിയുടെയും ദോഷഫലങ്ങളെക്കുറിച്ച് യുവാക്കൾക്ക് ബോധ്യമുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

ചെറുപ്പത്തിൽ തന്നെ മദ്യപാനവും മയക്കമരുന്നിന്റെ ഉപയോഗവും ശീലിച്ചാൽ ഭാവിയിൽ അതൊരു തീരാശാപമായിത്തീരും. അതിന്റെ ദൂഷ്യഫലങ്ങൾ അവർ മാത്രമല്ല അനുഭവിക്കുന്നത് അവരുടെ ഭാവിതലമുറയ്ക്കും ആപത്തായി തീരും. മദ്യത്തിലടങ്ങിയിരിക്കുന്ന ആൽക്കഹോൾ തുടർച്ചയായ മദ്യപാനത്തിലൂടെ രക്തത്തിലെ ഒരു ഘടകമായി തീരുന്നു. ഏതെങ്കിലും അസുഖം പിടിപെട്ടാൽ മാർക്കറ്റിൽ സാധാരണ കിട്ടുന്ന മരുന്നുകൾ ഫലപ്രദമാകാതെ വരും. ആൽക്കഹോൾ ചേർത്ത് പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ള മരുന്നുകൾ ഉപയോഗിക്കേണ്ടതായി വരും. മദ്യപാനികൾക്ക് മാത്രമല്ല ഇത് ബാധകം അവരുടെ സന്താനങ്ങൾക്കും ഇത് ബാധകമാണ്.

ഇന്നു വിപണിയിൽ ധാരാളം മയക്കമരുന്നുകളും വിവിധ തരത്തിൽപ്പെട്ട മദ്യങ്ങളും സുലഭമാണ്. ഭീമമായൊരു വരുമാനം ഇതിൽ നിന്നും ലഭിക്കുന്നു. ഇന്നു ലഭിക്കുന്ന മയക്കമരുന്നുകളിൽ ഏതാണ്ട് മുക്കാൽ ഭാഗവും യുവാക്കളാണ് ഉപയോഗിക്കുന്നത്. മയക്കമരുന്നുകൾ പലതരം ഉണ്ട്. സാധാരണയായി ഇവ ആറേഴുതരമുണ്ട്. കറുപ്പ്, മോർഫിൻ, ഹിറോയിൻ തുടങ്ങിയ മയക്കമരുന്നുകൾ. മാൻഡ്രാക്സ്, വെസ്പരാക്സ് തുടങ്ങിയ ഉറക്കമരുന്നുകൾ. ഡെക്സഡ്രിൻ, മെത്തിഡ്രിൻ, ബെൻസിഡ്രിൻ തുടങ്ങിയ ഉത്തേജക മരുന്നുകൾ. കൊക്കെയ്ൻ, മെസ്കലിൻ, എൽ. എസ്. ഡി. തുടങ്ങി

യ അനുഭൂതിദായക മരുന്നുകൾ. ഹഷീഷ്, മരിജുവാന, ചരസ്‌ തുടങ്ങിയ കഞ്ചാവിന്റെ വിഭാഗത്തിൽപ്പെട്ട അനുഭൂതിദായക മരുന്നുകൾ. ഇവയിൽ മിക്കതും യുവാക്കളാണ്‌ ഉപയോഗിക്കുന്നത്‌.

മയക്കമരുന്നിനു് അടിമയാകേണ്ടിവന്നവർ, മനസ്സിന്റെ വേദന മാറുന്നതിനെന്നോ, മാനസികോല്ലാസത്തിനെന്നോ, മനോധൈര്യത്തിനെന്നോ മറ്റും പറഞ്ഞാണ് ഇതിനെ ന്യായീകരിക്കുന്നത്‌. മയക്കമരുന്നുകളുടെ നിരന്തരമായ ഉപയോഗം മൂലം മനോരോഗികളായെന്നു വരാം. മയക്കമരുന്നുകളുടെ ഉപയോഗം കൂടുന്നതനുസരിച്ച്‌ കുറ്റം ചെയ്യുന്നതിനുള്ള പ്രവണത കൂടിവരുന്നു. മയക്കമരുന്നു ഉപയോഗിച്ചു് ശീലിച്ച ഒരു യുവാവിനു് വീട്ടിൽ നിന്നും പണം ലഭിക്കാതെ വരുമ്പോൾ മോഷണം, പിടിച്ചുപറി, ഭവനഭേദനം, പണത്തിനുവേണ്ടി കൊലപാതകം നടത്തുക എന്നീ കൃത്യങ്ങൾ ചെയ്യുന്നു. മദ്യത്തിന്റെയും, മയക്കമരുന്നിന്റെയും ഉപയോഗംമൂലം ബന്ധങ്ങൾ തന്നെ താറുമാറായിപ്പോകും

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ആവശ്യം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്‌. ഈയിനത്തിൽ സർക്കാരിലേയ്ക്ക്‌ നല്ലൊരു തുക നികുതിയായി ലഭിക്കുന്നുണ്ട്‌. അതോടൊപ്പം മയക്കമരുന്നിന്റെ കള്ളക്കടത്തും കൂടിവരുന്നു. അതിന്റെ ഉപയോഗം കുറച്ചാൽ മാത്രമേ കള്ളക്കടത്ത്‌ കുറയുകയുള്ളൂ. അതിനു് സർക്കാർ മാത്രം വിചാരിച്ചാൽ സാധിക്കുകയില്ല. യുവാക്കളായ നാമെല്ലാരും ഒത്തുകൂടി മുന്നോട്ടിറങ്ങിയാൽ മാത്രമേ ഇതിന്റെ ഉപയോഗം കുറയ്ക്കാനും അതുവഴി ഇതിന്റെ കള്ളക്കടത്തും കരിഞ്ചന്തയും ഇല്ലാതാക്കാൻ സാധിക്കൂ. ഇതിനു നമുക്കു കഴിയണം. കഴിഞ്ഞില്ലെങ്കിൽ നാളെയുടെ വാഗ്ദാനമായ നമ്മൾ ഉയിർത്തെഴുന്നേൽക്കാനാവാത്ത വിധം അഗാധഗർത്തത്തിലേക്ക്‌ വീണുപോകും

For Colour and Black & White Photos

UNIVERSAL PHOTOS

THODUPUZHA

റെഡിമെയ്ഡ് വസ്ത്ര വ്യാപാരരംഗത്ത് സുദീർഘമായ പരിചയസമ്പത്തുള്ള "ശ്രീധർ ഡ്രസ്സസ്" ഇന്ത്യയിലെ പ്രമുഖ കമ്പനികളിൽ നിന്നും വിദഗ്ദ്ധമായി തെരഞ്ഞെടുത്ത ഏററവും പുതിയ റെഡിമെയ്ഡ് വസ്ത്രങ്ങൾ, വാങ്ങി ആസ്വദിക്കുവാൻ സന്ദർശിക്കുക!

ശ്രീധർ ഡ്രസ്സസ്

തൊടുപുഴ

ലോകപ്രശസ്തങ്ങളായ **Oscar, Elegance Climax**
എന്നീകമ്പനികളുടെ റെഡിമെയ്ഡ് വസ്ത്രങ്ങൾ ലഭിക്കുന്ന
ഇടുക്കി ജില്ലയിലെ ഏക സ്ഥാപനം.

ആധുനിക രീതിയിലുള്ള നൂരിസെറാ, ചുരിദാർ, മിഡി, ബാബാ
സൂട്ട്, പെഡൽ, ബുഷ്, ഷർട്ട് തുടങ്ങിയ വസ്ത്രങ്ങൾക്കും
ഞങ്ങളെ സമീപിക്കുക.

ഇമാശംസകളോടെ!

## കാവളക്കാട്ട് ബ്രദേഴ്സ്.
### ജുവല്ലേഴ്സ് & ഹാർഡ്‌വെയേഴ്സ്.

മാർക്കററ് റോഡ് **തൊടുപുഴ.**

ഉത്തരവാദിത്വമുള്ള 22ct സ്വർണ്ണാഭരണങ്ങൾ, ഇനാമലുകൾ, പെയിന്റുകൾ, കാർഷികോപകരണങ്ങൾ എല്ലാവിധ ഇരുമ്പുസാധനങ്ങൾ മുതലായവ ഞങ്ങൾ മിതമായ വിലക്ക് ഉത്തരവാദിത്വത്തോട്ടുകൂടി വിതരണം ചെയ്യുന്നു.
ഞങ്ങളുടെ സ്വർണ്ണാഭരണ സമ്പാദ്യപദ്ധതിയിൽ അംഗങ്ങളായി ചേർന്ന് 25 രൂപ വീതം 30 മാസം അടച്ച് 800 രൂപയുടെ അവരവരുടെ മനസ്സിനിണങ്ങുന്ന സ്വർണ്ണാഭരണങ്ങൾ സൗകര്യപ്രദമായി തിരഞ്ഞെടുക്കാവുന്നതാണ്.

*Economy and Quality are our watch words*

CALL US FOR
★ LAMINATED SHEETS
★ WINDOW GLASSES
★ MIRRORS
★ PLYWOODS

*Novopan - Swiss Style Boards*

## MAAS
## PLYWOOD & GLASS HOUSE
THODUPUZHA Ph: 2427

MAAS - is a fair Price Shop.



# കോളേജിലേക്കൊരു ദിവസം

ജയിംസ് ററി. സി. Ist D. C. CHEMISTRY

അക്ഷരമാലയും ഞാനുമായി അട്ട
ത്ത ബന്ധമുണ്ടെന്ന രീതിയിൽ 'S' പോ
ലെ കിടന്നുറങ്ങുമ്പോഴാണ് റോഡേ പോയ
ഏതോ ഒരുത്തന്റെ കക്കടസമാനമായ ച്ചു
മകേട്ട് പരിസരബോധം എന്ന വികാരം
എന്നെ ഉറക്കത്തിൽ നിന്നും ഉണർത്തിയ
ത്. കട്ടിലിൽ കവഞ്ചി നിവർത്തിയതുപോ
ലെ ചെറിയൊരു സൈറന്റെ ശബ്ദാരവ
ത്തോടെ ഒരു ഏമ്പക്കം വിട്ടു. ഇത്രയും ആ
മുഖമായി കഴിച്ചുകഴിഞ്ഞപ്പോഴാണ് 'ദി
നചര്യ' എന്ന കൃത്യത്തിലേക്ക് തിരിച്ചത്.
വെടിവരുന്നിന് തീ കൊടുക്കുന്നതുപോലെ
എത്രയും വേഗം അതെല്ലാം കഴിഞ്ഞു - ത
ലേ ദിവസം വെച്ചിടത്തു നിന്നും അണ
വിട ചലിക്കാത്ത തന്റെ കലാലയ ജീവി
തത്തിന്റെയെന്നല്ല സാമ്പത്തിക ഭദ്രതയു
ടെ തന്നെ അടിസ്ഥാന കേന്ദ്രമായ ആ പു
സ്തക സമൂഹങ്ങളെ കാക്ക നോക്കുന്നതുപോ
ലെ ഒന്നു വീക്ഷിച്ച ശേഷം അതിലൊരെ
ണ്ണം കൊത്തിയെടുത്ത് കക്ഷത്തിൽ തിരു
കി. നിലക്കണ്ണാടിയിൽ ഒന്നുകൂടി നോക്കി
തന്റെ കഷണ്ടി ബാധിത പ്രദേശത്തേക്ക്
പുറകിൽ നിന്ന് കുറെമുടിയെടുത്ത് പറി
ച്ചു നട്ടതു മാതിരി മറച്ചു വച്ചു രംഗം ക്ലി
യർ. ഒട്ടും സമയം കളയാതെ ബസ്സ്റ്റോ
പ്പിലേക്ക് വിട്ടു.

ബസ്സ്റ്റോപ്പിൽ ആ ജനപ്രളയത്തി
ന്റെ ഒരു ഓരം ചേർന്ന് ഒരു തൂണെന്ന രീ
തിയിൽ വടിപോലെ നില്ക്കുമ്പോഴാണ്
പുറകിൽ നിന്നും ആരുടേയോ നിരന്തരമായ
തോണ്ടൽ. ശ്ശെടാ! ഇതാരാ ഈ രാവിലെ
അതും എന്നെ തോണ്ടുവാനുള്ളത്? ആ
തോ വല്ല തരുണിയുടെയോ മറോ മുദ്രക
രാംഗുലം എന്റെ ശരീരത്തിൽ എങ്ങാൻ
അറിയാതെ തൊട്ടതാണോ എന്ന ചിന്ത
യോടെ ടേബിൾഫാൻ തിരിയുന്ന മാതിരി
ഒന്നു തിരിഞ്ഞപ്പോൾ കേൾക്കാം. പത്തു
പൈസ തരണമെന്നു പറഞ്ഞു് വളരെ
ശോചനീയമായ രീതിയിൽ ഒരുത്തന്റെ
നില്പ്. ഇതു കേട്ടാൽ തോന്നും അങ്ങേരുടെ
മിനിമം ചാർജ്ജ് പത്താണെന്ന്. എ
ടോ, എനിക്ക് റിസേർവ്വ് ബാങ്കിലൊന്നു
മല്ല ജോലി എന്നു പറയുവാൻ ഭാഗവതരുടെ
മട്ടിൽ വാ പൊളിച്ചപ്പോഴാണ് പുറകിൽ
കൂടി നിന്നിരുന്ന മഹിളാസമാജത്തെകണ്ട
ത്. പറയാൻ വന്നതെല്ലാം തൊണ്ടയിൽ
പുഴുത്തവന്റേതു പോലെ താഴോട്ടിറക്കി. ക
ണ്ടാൽ കൊള്ളാവുന്ന മഹിളാരത്നങ്ങളെ
നോക്കി പുന്നെല്ലുകണ്ട എലിയെപ്പോലെ
ഒരു ചിരിപാസ്സാക്കി, കൂടെ തനിക്കിപ്പം
എന്തോ വേണം എന്നു് മട്ടുള്ള നിന്നവ
നോടൊരു ചോദ്യം അപ്പോഴും കക്ഷി വേ
ദോപദേശകന്റെ രീതിയിൽ ഒലലം വിളി
തന്നെ 'പത്തുപൈസ' നിന്റെയൊരു പ
ത്തുപൈസ എടോ? വേറാതം ഇല്ലാത്ത സ
മയത്തായിരുന്നെങ്കിൽ നിന്റെ പാത്രത്തി
ൽ പത്തിട്ടിട്ട് ഇതുപത്തഞ്ചെങ്കിലും എടു
ത്തേനെ എന്നു മനസ്സിൽ വിചാരിച്ച് കീ
ശയിൽ തപ്പി ഒരു അഞ്ചു പൈസയെടുത്ത്
ദുരിതാശ്വാസം നല്ലന മന്ത്രിയുടെ ഗമ
യിൽ നാലുപേർ കേൾക്കുന്ന ശബ്ദത്തിൽ
പാത്രത്തിലേക്കിട്ടു. ഇത്രയും നേരം വല്ല
തും തരണെയെന്നും പറഞ്ഞു നിന്നിരുന്ന
വൻ നീയൊക്കെയാടാ എന്റെ വരുമാന
മാർഗ്ഗം നിന്നെപ്പിന്നെക്കണ്ടോളാം എന്ന
മട്ടിൽ അട്ടത്തയാളുടെ പുറം തോണ്ടുവാൻ
വലിച്ചു നടന്നു.

നേരം വെടിയുണ്ട കണക്കെ പോയ
തിലും ഒരു ശകടം പോലും ഗമിച്ചില്ല! അ

ങ്ങനെ നില്ലമ്പോഴാണു് ഒരു സർക്കാരു വാഹനം ക്ഷയരോഗിയെപ്പോലെ വരുന്നതു് കണ്ടതു്. പ്രഥമദൃഷ്ട്യാ അതു് ഇങ്ങെത്തുമെന്നു് വിചാരിച്ചെങ്കിലും ഇതിനു നല്ല ബ്രേക്കാ ആശാനെ എന്ന രീതിയിൽ ഒരു മൈലകലെ അതിന്റെ ചലനം നിർത്തി, ചെള്ള കടയുന്ന ശ്വാനകനെപ്പോലെ മൂന്നു നാലു പേരെ അവിടെ ഇറക്കിയിട്ടു് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന മട്ടിൽ പാഞ്ഞുപോയി. ഇനി വരുന്നതെല്ലാം പ്രൈവറ്റു് എന്നു് വ്യാകരണം ചെയ്യുന്നവയാണു്. അവന്റെ വരവു കണ്ടാൽ തോന്നും ഈ നിൽക്കുന്നതെല്ലാം എനിക്കുള്ളതാണെന്നു്. ഒരു ദീർഘ നിശ്വാസത്തോടെ ഒരെണ്ണം വന്നു നിന്നു. ഹാവൂ! രക്ഷപെട്ടു എന്ന ശബ്ദാകമ്പടിയോടെ ഇറങ്ങിയ എന്നെ കണ്ടപ്പോൾ എല്ലാം പുസ്തകക്കോളാ എന്നു പറഞ്ഞു് ഡബ്ബിൾ ബെൽ.. ഇതിനിടയിൽ പരൽമീൻ തെറിക്കുന്നതുപോലെ ഫുട്ബോഡിൽ കയറിക്കൂടിയ ഒന്നാണ്ടു പെൺ പിള്ളേരെ ഇതു തന്നെ അവസരങ്ങൾ എന്ന രീതിയിൽ കിളിയെന്ന മഹാൻ തന്റെ കരപല്ലവാശ്ലേഷണങ്ങളാൽ അകത്തേയ്ക്കാനയിച്ചു.

തന്നെ പിന്നെക്കണ്ടോളാം എന്ന മനോവിചാരത്തോടെ തലവെട്ടിച്ചു് തിരിയാൻ തുടങ്ങിയപ്പോൾ പുറകിലൊരുത്തൻ വന്നു നിന്നു. പിന്നെ ഒട്ടും നോക്കി നിന്നില്ല, ഉളിചാണ്ടുന്നതുപോലെ ഒരു ചാട്ടം ചാടി അകത്തു പാറിയപ്പോൾ കണ്ടക്ടർ എന്ന വ്യക്തിയുടെ ആപാദചൂഡമുള്ള വീക്ഷണവും അവജ്ഞ പുരണ്ട നോട്ടവും കണ്ടപ്പോൾ ഇവന്റെയൊക്കെ തന്തയുടെ വകയാണോ ബസ്സ് എന്നു് ചോദിക്കണമെന്നു് ഉള്ളിൽ വിചാരിച്ചെങ്കിലും ജനഹിതത്തെയും അതിലുപരി ആരോഗ്യത്തെയും മാനിച്ചു് നാക്ക് പെൻറിംഗിൽ വെച്ചു.

പ്രസ്തുത വാഹനം കുറെ ദൂരം പോയപ്പോൾ കാണാം ഓരോ വ്യക്തിയുടേയും ബസ്സു നിർത്തുന്നതിലുള്ള പാടവങ്ങൾ. ഒരു ചേട്ടൻ ഞാനിവിടെ വളരെയധികം ബസ്സുകൾ നിർത്തിച്ചിട്ടുണ്ടു് എന്നു് തോന്നുമാറു് കൈനീട്ടിയപ്പോൾ ഞാനിതെത്ര കണ്ടതാണെന്നമട്ടിൽ ചവിട്ടി വിട്ടതും പൊടുന്നനെ ഒരു വീട്ടിൽ നിന്നും അന്നനടയിൽ ഇറങ്ങി കൈവള കിലുങ്ങുവാൻ മാത്രം കൈകാണിച്ച ഒരു താമരക്കണ്ണിയുടെ ഓരം ചേർത്തു് എല്ലാം നിനക്കുവേണ്ടി എന്നതുപോലെ ചലനമറ്റു. അടുത്ത സ്റ്റോപ്പിനോട്ടു് വണ്ടിയടുത്തപ്പോൾ ഒരു വിദ്വാൻ ഇതു കണ്ടോ എന്റെ കട. ഇതു കണ്ടാൽ വണ്ടി നിർത്താതിരുന്നിട്ടില്ല എന്നു വിളിച്ചു പറയുമാറു് നടുക്കു കയറി നില്ക്കുകയാണു്. നിന്ന വണ്ടിയിൽ വിദ്വാന്റെ കൂടെ എവിടെ നിന്നോ കുറെ സ്ത്രീകളും കയറിപ്പറ്റി. ഉടനെ പുറകിൽ നിന്നിരുന്ന കാറവിരുതന്മാർ വെള്ളം പോന്ന പിറകെയേ മീനും പോകുകയുള്ളു എന്ന പ്രകൃതിയുടെ നിയമത്തിനു് ഭംഗം വരുത്താതെ മുന്നോട്ടു് ഗമിച്ചു.

ഇങ്ങിനെയെല്ലാം കണ്ടും കേട്ടും നിന്നപ്പോഴാണു് ഈ തിരക്കിൽ നിന്നും ഒന്നിറങ്ങണമല്ലോ എന്ന ബോധം പെൺ ബുദ്ധികണക്കെ എന്നിൽ ഉദിച്ചതു്. അതിന്റെ ഇടക്കുമാതി സർവ്വശക്തിയും ശരീരത്തിൽ കേന്ദ്രീകരിച്ചു് ഗുസ്തിക്കാരന്റെ പോസിൽ മുമ്പോട്ടൊന്നു് നുഴഞ്ഞു കയറുവാൻ ശ്രമിച്ചപ്പോഴാണു് അടുത്തുനിന്നവരെല്ലാം ആണിയടിച്ചമാതിരി നില്ക്കുന്നു. അപ്പോഴാണോർത്തതു് ഇതിൽ കയറുന്നതിനു മുൻപു് ദേഹത്തു് അല്പം കുഴമ്പു് ലേപിച്ചിരുന്നെങ്കിൽ തിരുത്തു് സൗജന്യമായി കിട്ടിയേനെയല്ലയോ എന്നു്. ഇതിനിടയിൽ ഒരു മാന്യൻ ഇതു് തനിക്കുള്ളതാണെന്ന മട്ടിൽ ഒരു തള്ളു്. എന്താടോ ? ഇതു വല്ല അറക്കത്തടിയുമാണോ ഇങ്ങിനെ തള്ളിക്കൊടുക്കാൻ എന്ന വിധത്തിൽ ഞാനവനെയൊന്നു രൂക്ഷമായി വീക്ഷിച്ചു... ഞാനും ഇറങ്ങുകയാ ആശാനെ കക്ഷിയുടെ മറുപടി... ഒരു വിധത്തിൽ ഞെരങ്ങിയും മൂളിയും ഫുട്ബോർഡ് എന്ന കവാടത്തിൽ എത്തിയപ്പോൾ ... ഇങ്ങു് ഇറങ്ങടോ ... കിളിയുടെ ഗർജ്ജനം !! പിന്നെ ഞാനെന്താ ഇതിനകത്തു് കുടിയേറിപ്പാർക്കാൻ വന്നതാണോ ? എന്ന ചോദ്യം ഒരു ഇരുത്തി മൂളലിന്റെ രൂപത്തിലാക്കി ഞാൻ കാറ്റു കുത്തിയ ബലൂൺ മാതിരി കലാലയ ലക്ഷ്യണ വലിച്ചു വിട്ടു.

അവിടെച്ചെന്നപ്പോൾ കാണാം നിറം കൂടിനു് തോട്ടിക്കു് കുത്തിയാലെന്നപോലെ അവിടേയും ഇവിടേയും ഹിപ്പികൾ മുതൽ കഷണ്ടികൾ വരെ ചീറി നടക്കുന്നു. എന്താണു് കാരണമെന്നറിയാതെ ഞാൻ നിലാവത്തഴിച്ചു വിട്ട കോഴിയെപ്പോലെ അവിടെ നില്ക്കുമ്പോൾ കേൾക്കാം കൂട്ടമണി. രണ്ടും കല്പിച്ചു് നേതാവിനെ ഒത്തനോട്ട ചോദിച്ചു ഇന്നത്തെ സമരോദ്ദേശം ? ചോദ്യം എന്നോടോ ? എന്ന മട്ടിൽ ഇഷ്ടൻ മുഖമൊന്നു് വക്രിപ്പിച്ചിട്ടു് ഒപ്പുശേഖരിക്കുവാൻ ചെല്ലുമ്പോഴുള്ള ഗസറ്റഡ് ഓഫീസറുടെ ഗമയിൽ മൊഴിഞ്ഞു. സമരകാരണമെന്നു പറഞ്ഞാൽ ആ വടക്കേക്കോണിൽ നില്ക്കുന്ന വാകമരമാണു്. 'വാകമരമോ' ഞാൻ ജിജ്ഞാസോന്മുഖനായി !! അതെ അതു തന്നെ അവനാണു് ഇന്നത്തെ ഇര, കാരണമുണ്ടു് അതിന്റെ മുകളിൽ വന്നിരുന്നു് വിശ്രമംകൊള്ളുന്ന പക്ഷികൾ നമ്മുടെയെന്നല്ല ഈ കലാലയത്തിലേക്കു കടന്നു വരുന്ന ഏതൊരു വ്യക്തിയുടേയും തലയിൽ പക്ഷഭേദമന്യേ കാഷ്ഠിക്കുന്നു. കൂടാതെ ഇന്നിതിലെനടന്നു പോയ നമ്മുടെ പ്രിയ നേതാവിന്റെ തലയിൽ കാഷ്ഠാഭിഷേകം നടത്തിയതിൽ പ്രതിഷേധിച്ചു് (അല്ല അതിനൊരു പ്രത്യേകതയുമുണ്ടല്ലോ?) ഇതിനുടൻപരിഹാരം കാണണമെന്നും അധികാരികളെ ബോധവന്മാരാക്കുന്നതിനുംവേണ്ടി ഇന്നു വിദ്യാർത്ഥികൾ പഠിപ്പുമുടക്കുന്നു. ഇത്രയും അദ്ദേഹം ഒരു കാഥികന്റെ പോസിൽ പറഞ്ഞൊപ്പിച്ചശേഷം ശുനകൻ നാക്കുനീട്ടുന്നതുപോലെ നിന്നു കിതക്കുവാൻതുടങ്ങി അതിനു നിങ്ങളിങ്ങനെ ചാവാൻതുടങ്ങിയാൽ!! ഞാനൊരു ഉപദേശിയുടെ രൂപത്തിൽ സമാധാനിപ്പിച്ചു. എന്നിട്ടു് എങ്കിലും നേതാവെ നിന്റെയൊക്കെ തൊലിക്കട്ടി എന്നോർത്തു കൊണ്ടു് അബട്ടാത വാഹനത്തിന്റെ ഗമനംനോക്കി ബസ്സ്റ്റോപ്പിനെ ലക്ഷ്യമാക്കി പ്രയാണം ആരംഭിച്ചു....

Best Compliments from

AZAD BOOK CENTRE

THODUPUZHA

# 'ഞാൻ കണ്ടെത്തി'

ഷെർമി പോൾ മേനൻ, I B. Sc. Chem.

'ദുഃഖം നിറഞ്ഞൊരീ ലോകത്തിലേകയായ്
ഏതോ വിഷാദാത്മ സംഗീതമേളയായ്
ഇന്നിന്റെ സപ്തസ്വരങ്ങളും തേടി ഞാ-
നലയുന്നിന്നെവിടെയോ, ഉഴലുന്നു വ്യർത്ഥമായ്

ഇന്നിന്റെ സംഗീതധാരയായൊഴുകുവാൻ
ആശിച്ചു മോഹിച്ചോരെൻ കൊച്ചുമാനസം
ആത്മാവിലാളിപ്പടരും വിഷാദവും
പേറിയനന്തമീ ജീവിത പാതയിൽ

താരകം മിന്നിമറയുമീ വിണ്ണിന്റെ
താഴെയീ മണ്ണിൽ വിരിയും മനോഹരീ
നിന്നെത്തിരഞ്ഞു ഞാനീലോകയാത്രയിൽ
കാണാൻ കഴിഞ്ഞില്ല നിന്നെയീ വീഥിയിൽ

ഏതിൽ വിതുമ്പുന്ന ദുഃഖവും പേറിഞാ-
നെൻ പ്രയാണത്തിൽ ലയിച്ചിരുന്നു
കണ്ടെന്നു വ്യർത്ഥമായാശിച്ച നിന്നെ ഞാൻ
എൻ സ്വപ്നനായികേ! വർണ്ണസ്വരൂപമേ!

കദനം നിറയുമെൻ ജീവിത വീണതൻ
പൊട്ടിത്തകർന്നോരീ കൊച്ചുതന്ത്രികൾ
എല്ലാം മറന്നു ഞാൻ മീട്ടാൻ ശ്രമിക്കവേ
എൻ കൈകളയ്യോ! തളർന്നുവീഴുന്നിതേ

കാലമാം ജീവിത വീഥിയിൽ മൊട്ടിട്ട
മോഹപുഷ്പങ്ങൾ ചവിട്ടിമെതിക്കവേ
മനസ്സിലെൻ കദനഭാരവും പേറി നീ-
യൊരു ചാരുസ്വപ്നമായെൻ മുമ്പിൽ
വന്നു നീ

മായാതെ മിന്നിമറഞ്ഞുനിന്നീടവേ
എല്ലാം മറന്നു ഞാൻ നോക്കിനിന്നീടവേ
ഏതിലൊരായിരം പൂവിടർത്തിയെന്റെ
കാമിനീ! നിന്നെ ഞാൻ കണ്ടുമുട്ടി.

മൃതമാകുമിന്നിന്റെ സ്വപ്നങ്ങളേ യാത്ര!
മൃദുരാഗം മീട്ടുമെൻ ഭാവഗീതങ്ങളേ യാത്ര!!
ഇന്നതിൻ സീൽക്കാരനാദത്തിൽ മാഞ്ഞു
പോ-
യെന്നുടെ നഷ്ടവിഷാദ സ്വപ്നങ്ങളും.'



Athletics Starts
Inset SAUJAMMA, Champion



PRINCIPAL RECEIVES THE SALUTE

JOSSY. M. VELACHERIL
Mr. NEWMAN I

JAYAKRISHNAN T. S.
II





GEORGE K. M.
III



# വ്യക്തിഗത പ്രതിഭകൾ

State & Uni· Athlet



StateJr. Foot Ball Player



Univercity Athlet



Cyril Mancherril
Dt. Jr. Volley Player



Santhosh Babu. P.
Dt. Basket Ball Player



Sebastian T. J.
Dt. Jr. Volley Player



Mathew Joseph
IInd Uni. Weight Lifting



Shaju. K. Pazhayidom

Sebastian. V. J.
Ist prize in Hindi speech



James V. C.

Saji Joseph
Chess Champion



Jemmy Joseph

# OUR TEAMS



BASKET BALL - MEN



BASKET BALL - WOMEN



FOOTBALL- MEN



CRICKET TEAM



VOLLEY BALL

ATHLETIC TEAMS











Shaji K. J. S/uo    Ramesh. R.    Geerge Jacob    B. Jayaram    Haridas. K  A.



PLEDGED TO PROTECT NATION......... OUR N. C. C. Members.

# 'नव भारत की एक दूसरी शक्ल'

Mathew O. A. III B A. Economics

वह एक विशेष दिन था । मैं अपने बडे भाई के साथ पाटना जा रहा था । हम लोग रेलगाडी से यात्रा कर रहे थे । रास्ते में जब कलकत्ता पहुँचे तब हम लोग वहाँ उतरे । मेरेलिए यह एक अत्भुत नगर था । कलकत्ता में उतरते समय मुझे ऐसा लगा जैसे "नील आमस्ट्रोंग" मैं पहली बार चन्द्र उपग्रह पर उतरा है । सुबह का समय था इसलिए भाई ने नाश्ते का प्रबध कर रखा था । तब मैंने इस स्वतन्त्र भारत के बहुत ही अजीब एक दृश्य देख लिया । मैं सपने में भी नहीं सोचता था कि यहाँ इस नगर में ऐसे छोटे अनाथ और भूख म व्याकुल और अभावग्रस्त बच्चों को देख पाऊँगा ।

हम लोग नाश्ता केलिए कुछ पूरी और करी खरीद कर खाने ही वाले थे कि उन में से कुछ बच्चे पास आकर हाथ फैलाते हुए 'बाबूजी' 'बाबूजी' पुकारने लगे । उन भूखे बच्चों के पुकार सुन कर मैंने अपना नाश्ता उन को दे दिया । उसके बाद अपने भाई के साथ घुमने चल पडा ।

चलते समय बहुत - सारे तस्वीरें मेरे मन के परदे पर चल आते रहे । भगवान ने मनुष्य को अपने सादृश्य में ही बनाया और इस धरती और आस्मान के पूरे अधिकारी बना दिया ताकि वह इस दुनिया की सारी सम्पत्ति और आसमान के तारों को खोजे और अनश्वर सुख और समृद्धि पा सके । लेकिन मुझे शँका है कि इन बच्चों का ईश्वर का कोई सादृश्य है या नहीं । वे इतने विकृत रूपी है कि ज्यादा उन्हें नरक के जीवियों से सादृश्य करना उचित है । लेकिन मुझे विश्वास है कि उनकी आत्मा ज़रूर ईश्वर के समान होती है । बाहर जो गंदा और विकृत क्यों न हो भगवान की नज़र में वे अमूल्य हैं । मुझे मालूम होता है सुख और दुःख उन लोगों केलिए अज्ञात है । उनकेलिए जीवन का अर्थ और लक्ष्य क्या है । भूख से एक बार बिमुक्त होना उन लोगों की एकमात्र अभिलाषा है ।

अब चार वर्ष बीत गये तो अब भी भूख से पीडित, अनाथ और अभावग्रस्त इन लोगों का 'बाबूजी' 'बाबूजी' पुकार मेरे कानों में गूंजती है । इन लोगों की उन्नति केलिए प्रयास करना मेरा लक्ष्य है । मुझे ऐसा लगता है कि हम इस दुनिया में एक बार से जीता है । इसलिए उन अभावग्रस्त लोगों की उन्नति केलिए कुछ करने का कोई अवसर मिले तो यह काम अब करना चाहिए । क्यों कि हम को इस दुनिया में जीने केलिए कोई अवसर नहीं मिलेंगे ।



# धर्म की उत्पत्ति और प्रभाव

Rshikesan Nair R. II B. A. History

धर्म मनुष्य की चिन्ताशक्ति का बहुत प्रभावित करता है। दुनियां के कई प्रदेशों में विभिन्न परिस्थितियों में जन्म लेकर धर्म साधारण मानवराशी की उन्नति को ही स्वयं लक्ष्य मानता है। लेकिन वह लक्ष्य कभी भी पूर्ण कर न सका। अच्छा या बुरा मानकर समाज के कुछ नियमों के अनुसार मनुष्य को बंधन में डालने का श्रम वह कभी कभी करता है। जो भी हो, धर्म मनुष्य की उन्नति को, उसके विकास को अपना लक्ष्य मानता है।

प्राचीन मनुष्य प्रकृतिशक्ति से भयभीत होकर जीवन बिताते थे। वर्षा झंझावत और शैलपात उनकेलिए डरावने थे। यद्यपि वह सहजीवियों के साथ अपना साहस और धैर्य दिखासके तो भी उनके अधीन होने जाने की अवस्था हो गयी। अंत में "उपासना" का आरंभ हुआ। एक अदृश्य शक्ति को सभी एक प्रकार समझने के कारण एकता का अवसर हो गया। कुछ लोगों ने अपने साहसपूर्ण कर्मों से इस बात को ठीक समझने केलिए प्रयत्न किया और इसी कारण से वे पुरोहित या आदरणीय पंडित माने गये। उन्हों ने कुछ नियमों और तत्वों का निर्धारण किया। यों विभिन्न भागों में विभन्न रूप में धर्म व्यक्त हो गये। इस प्रकार जब तक धकधकी मनुष्य को पकडने लगे, तब तक धर्म उत्पन्न होते रहेगा। इसी गयब चेतना को मनुष्य ने अपने अनुमान के अनुसार रूप और भाव दिया। अभी तो अधिकार और अहंकार कई प्रकार के अत्याचार और अनीतियों के कारणभूत है। लेकिन एक अच्छा फल यह है कि मनुष्य की शोध भावना व्यापक हुई और कई प्रकार के परिवर्तन भी आ गये।

दुःख या गरीबी आदि कठिनाइयाँ धर्मोत्पत्ति के दूसरे कारण हैं। "बौद्ध-धर्म", "जैन-धर्म" आदि इसके उदाहरण है। विविध देशवासियों के संपर्क से धर्मों के बीच में विवाद और वैर उठने लगे। वहाँ भी धार्मिक निष्ठा दृढ रही। इतिहास की ओर देखें तो हमारे लक्ष्य के विपरीत सद्गुणों के ऊपर दुर्गुणों की विजय भी दृष्टिगत होंगे।

धर्म का विश्लेषण करें तो दो अपरिहार्य भाग हमको मिलेगा। एक तो उसके स्थापक दूसरा एक अमूल्य सारांश सम्मिलित धर्म पुस्तक। "मुसलमानों" केलिए "खुरान" जिसप्रकार मार्गदीप है, उसी प्रकार है, इसाइयों केलिए "बाईबिल"। स्वदेश प्रेम से अलग होकर धर्म की ओर चलनेवाला व्यक्ति राष्ट्र के सच्चे सेवक नहीं। सामाजिक चिन्ता और पूँजीवादी चिन्ता भी इससे भिन्न नहीं।

धार्मिक मैत्री हम सभी का लक्ष्य है और उस केलिए तीव्रतर प्रयत्न भी हो रहे हैं। लेकिन इन सब को पूर्ण करने केलिए हमें थोडा अर्पण करना आवश्यक है। ईश्वर से संबधित नयी मान्यताओं का विश्लेषण कर धार्मिक कट्टरता के बंधन से मोचित होकर बलिदान की भावना के साथ आगे बढे तो हमारा जीवन सफल हो जाएगा।


വസ്ത്രങ്ങൾ കുറഞ്ഞ വിലയ്ക്ക്

**ചെട്ടിപ്പറമ്പിൽ**

**ടെക്സ്റ്റയിൽസ്**

**തൊടുപുഴ**

Phone: 2562



**റെക്സിൻ, സോഫാമെറ്റീരിയൽസ്**
**ഫോം ബെഡ്ഡുകൾ**

**ചെട്ടിപ്പറമ്പിൽ**
**സ്റ്റോഴ്സ്**

മാർക്കറ്റ് റോഡ്,

**തൊടുപുഴ**

Phone: 2562

# JOS ELECTRICALS & AGENCIES



THODUPUZHA

PHONE 2380 2375 (Res.)

**KIRLOSKAR, G. E. C., BEACON, MOTORS & PUMPSETS, ZEAL VALVES & COCKS, ZENITH PLATFOAM BALANCE, K. A. C. AIR COMPRESSOR, DUTRON KANAFLEX HOSES, BAJAJ HOME APPLIANCES, MAX INDIA WELDING SETS. SUN BRAND RICE HULLER P. V. C. PIPES & FITTINGS & ALL KINDS OF ELECTRICAL GOODS**

# DEEPAK

EXCLUSIVE VIMAL SHOW ROOM

MATHA SHOPPING ARCADE

THODUPUZHA

GRAMS: DEEPAK PHONE: 2864

FOR SHIRTINGS, SUITINGS, SAREES, DRESS MATERIALS POLYSTER LUNGIES AND DHOTHIES

VISIT & SELECT

MILLS APPROVED SHOW ROOM

DEEPAK

# DEEPAK SAREES

MATHA SHOPPING ARCADE

THODUPUZHA

**FOR WEDDING SAREES AND ALL OTHER REQUISITES.**

VISIT

DEEPAK SAREES

കാലോചിതമായ ഫാഷനുകൾ!

വൈദഗ്ധ്യമാർന്ന സേവനം!

ബ്രൈററ് ടൈലേഴ്സ്

കാഞ്ഞിരമററം ജംഗ്ഷൻ

തൊടുപുഴ

ആരാധന
ബിൽഡിംഗ് ഡിസൈനേഴ്സ്

തൊടുപുഴ. Ph: 2689

ആധുനിക രീതിയിലുളളതും ചിലവുകുറഞ്ഞതുമായ കെട്ടിടങ്ങളുടെ പ്ലാൻ, എസ്ററിമേററ് മുതലായവ തയ്യാർ ചെയ്തു കൊടുക്കപ്പെടും.

എല്ലാവിധ റെഡിമെയ്ഡ് ഡ്രസ്സുകൾക്കും തയ്യൽ ജോലികൾക്കും സമീപിക്കുക.

ആരാധനാ ഡ്രെസസ്

കാഞ്ഞിരമററം ജംഗ്ഷൻ

തൊടുപുഴ Ph· 2689


## വൈരുദ്ധ്യവാദം

# ഹെഗലിൻെറയും മാർക്സിൻെറയും വീക്ഷണത്തിൽ


മാത്യു വി. യു. III Eco.


തത്വശാസ്ത്രങ്ങളുടെ ചരിത്രത്തിൻ
രൂപം കൊണ്ടിട്ടുള്ളതിൽ വച്ച് ഏററവും
വിപ്ലവകരമായ സിദ്ധാന്തമാണ് വൈ
രുദ്ധ്യവാദം. ഈ സിദ്ധാന്തത്തിന്റെ പ്രണേ
താവാണ് ഹെഗൽ.

എല്ലാം മാററത്തിനു വിധേയമായി
ക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം മാത്ര
മാണ് ലോകത്തിൽ മാററമില്ലാത്ത സത്യം.
ഒന്നിനും സ്ഥിരമായ നിലനില്പില്ല; ഒരു വ
സ്തുവിൽ പരസ്പര വിരുദ്ധങ്ങളായ ശ
ക്തികൾ നിലകൊള്ളുകയും അവ തമ്മിൽ
അന്യോന്യം ഏററുമുട്ടുകയും ചെയ്തുകൊണ്ടി
രിക്കുന്നു (ഉദ: ഒരു ആററത്തിലെ ഇലക്
ട്രോണും പ്രോട്ടോണും പരസ്പര വിരുദ്ധ
ങ്ങളായ ശക്തികളാണ്), അനുസ്യൂതം ഉടരു
ന്ന ഈ ഏററുമുട്ടലിൻെറ പരിണാമമെന്ന
നിലയ്ക്ക് ആ വസ്തു നശിക്കുകയും അതിൻെറ
സ്ഥാനത്ത് അതിനെക്കാൾ വളർച്ച പ്രാ
പിച്ച മറെറാന്ന് ഉത്ഭവിക്കുകയും ചെയ്യുന്നു.
ഇങ്ങനെ പുതുതായി രൂപംകൊണ്ട വസ്തു
വിലും പരസ്പരവിരുദ്ധ ശക്തികൾ പ്രവൃ
ത്തിക്കുന്നു; ഈ ശക്തികൾ തമ്മിലുള്ള ഏ
ററുമുട്ടലുകൾ നടന്നുകൊണ്ടിരിക്കും. ഇങ്ങ
നെ നിരന്തരമായ മാററങ്ങൾ, അല്ലെങ്കിൽ
ഒന്നിൻെറ നാശത്തിലൂടെ നടക്കുന്ന മറെറാ
ന്നിൻെറ ഉത്ഭവത്തിലൂടെയാണ് പ്രപഞ്ചം
പുരോഗമിക്കുന്നതും എന്ന സിദ്ധാന്തമാണ്
"വൈരുദ്ധ്യവാദം."

ഹെഗലിൻെറ വീക്ഷണത്തിൽ വൈ
രുദ്ധ്യവാദത്തിൻെറ അടിസ്ഥാനം ആശയം
അഥവാ ചിന്തയാണ്. ആശയം അഥവാ
ചിന്ത രൂപം കൊള്ളുന്നതു് മനുഷ്യമനസ്സിൽ
നിന്നാണെന്നാണ് ഹെഗൽ വാദിച്ചതു്
ആശയ രംഗത്തും, ചിന്താരംഗത്തും നടക്കു
ന്ന പരിവർത്തനമാണ് ഹെഗലിൻെറ
ചർച്ചക്ക് വിഷയീഭവിച്ചതു്. ചിന്താരംഗ
ത്തു നടക്കുന്ന പരിവർത്തനമാണ് പുരോഗ
തിക്ക് അടിസ്ഥാനമെന്ന് ഹെഗൽ വാദി
ച്ചു. എന്നാൽ ചിന്തയെന്ന പ്രക്രിയ എങ്ങ
നെ നടക്കുന്നുവെന്നോ, അതിൽ ബാഹ്യപ്ര
കൃതിയുടെ സ്വാധീനമെന്തെന്നോ വിശദീക
രിക്കാൻ വൈരുദ്ധ്യവാദത്തിൻ്റെ പ്രണേതാ
വായ ഹെഗലിനു കഴിഞ്ഞില്ല. ചിന്തയെ
ന്ന പ്രക്രിയ മനുഷ്യമനസ്സിൽ സ്വയം ഉള
വാകുന്നു, സ്വയം വളരുന്നു, സ്വയം മാറുന്നു
എന്ന സമീപനമാണ് ഹെഗൽ കൈകൊ
ണ്ടതു്. ഹെഗലിൻെറ ഈ സമീപനത്തെ
മാർക്സ് എതിർത്തു.

ആശയം അല്ലെങ്കിൽ ചിന്ത എന്നൊ
ന്നിന് തനതായ നിലനിൽപില്ലെന്നും അ
തു് ബാഹ്യപ്രകൃതിയിലധിഷ്ഠിതമാണെ
ന്നും മാർക്സ് വാദിച്ചു. (ഉദാ: റിസ്ററ്
വാച്ച് എന്ന ആശയത്തിനു് റിസ്റ്റ് വാച്ചി
ലൂടെയല്ലാതെ ഒരു നിലനില്പില്ല. വാച്ചി
ല്ലെങ്കിൽ ആ ആശയവും ഇല്ല.) ബാഹ്യപ്ര
കൃതി ചിന്തയുടെ സൃഷ്ടിയല്ലെന്നും, ബാഹ്യ
പ്രകൃതിയുടെ സൃഷ്ടിയാണ് ചിന്തയെന്നും
മാർക്സ് വാദിച്ചു. മനുഷ്യൻ അവന്റെ
ജീവിത ചുററുപാടുകളിൽ നിന്നാണ് അവ
ൻെറ ചിന്തയെ കരുപ്പിടിപ്പിക്കുന്നതു് എ
ന്ന് മാർക്സ് പറഞ്ഞു. ഇങ്ങനെ ബാഹ്യ

പ്രകൃതിയിൽ മനുഷ്യമനസ്സിൽ രൂപംകൊള്ളുന്ന ചിന്ത അഥവാ ആശയം രൂപംകൊണ്ടു കഴിഞ്ഞാലാകട്ടെ, അതു ബാഹ്യപ്രകൃതിയുടെമേൽ സ്വാധീനം ചെലുത്തുന്നു. ചിന്ത ചെലുത്തുന്ന ഈ സ്വാധീനം പ്രകൃതിയിൽ മാററമുണ്ടാക്കുന്നതിനു് കാരണമാകുന്നു. പ്രകൃതിയിൽ ഉണ്ടാകുന്ന ഈ മാററം വീണ്ടും ചിന്തയിൽ സ്വാധീനം ചെലുത്തുന്നു. ഇങ്ങനെ പ്രകൃതിക്കു് നിരന്തരം വന്നുകൊണ്ടിരിക്കുന്ന വിപ്‌ളവകരമായ പരിവർത്തനങ്ങളിൽ നിന്നു് ജന്മമെടുക്കുന്ന ചിന്ത അഥവാ ആശയം പ്രകൃതിയെത്തന്നെ മാററിമറിക്കാൻ കാരണമാകുകയും, അങ്ങനെ മാററിമറിക്കപ്പെടുന്ന പ്രകൃതിയാൽ സ്വയം മാററിമറിക്കപ്പെടുകയും ചെയ്യുന്നു. നിരവധി നൂററാണ്ടുകളോളം ബാഹ്യപ്രകൃതി ചിന്തയേയും ചിന്ത ബാഹ്യപ്രകൃതിയേയും പരസ്പരം മാററിക്കൊണ്ടിരിക്കുന്നതിലൂടെയാണു് മനുഷ്യസമുദായം പുരോഗമിക്കുന്നതെന്നു് മാർക്സ് കണ്ടു. ഇതാണു് മാർക്സിയൻ വൈരുദ്ധ്യവാദം.

ചിന്തയും അസ്തിത്വവും തമ്മിലും, ആത്മാവും പ്രകൃതിയും തമ്മിലുമുള്ള ബന്ധമെന്താണു്? ഏതാണു് ആദ്യം ഉണ്ടായതു്? ഈ രണ്ടു ചോദ്യങ്ങളാണു് തത്വശാസ്ത്രജ്ഞന്മാർ അഭിമുഖീകരിക്കുന്ന മഹാപ്രശ്നങ്ങൾ. ഇതിനുത്തരം കാണാൻ തത്വശാസ്ത്രകാരന്മാർ രണ്ടു വഴികളിലായി ചിന്തിക്കുന്നു. ആത്മാവാണു് ആദ്യമുണ്ടായതു്. പ്രകൃതിയല്ലെന്നും പ്രകൃതി ഏതോ പ്രപഞ്ചാതീത ശക്തിയുടെ സൃഷ്ടിയാണെന്നും വാദിക്കുന്നവർ ആത്മീയ വാദത്തിന്റെ ചേരിയിലും, മറിച്ചു് പ്രകൃതി ആദ്യമുണ്ടായി എന്നുപറയുന്നവർ ഏതെങ്കിലും ഭൗതിക വാദത്തിന്റെ ചേരിയിലും നിലകൊള്ളുന്നു. ഇതിൽ ആത്മീയാധിഷ്ഠിത വൈരുദ്ധ്യവാദത്തിന്റെ ചേരിയിൽ അണിനിരന്നവരിൽ ഏററവും മഹാനാണു് ഹെഗൽ. ഹെഗലിയൻ വൈരുദ്ധ്യവാദത്തിന്റെ ചുവടുപിടിച്ചാണു് മാർക്സ് തന്റെ വൈരുദ്ധ്യവാദത്തിനു് രൂപംകൊടുത്തതു്. ബാഹ്യപ്രകൃതി ചിന്തയിൽ ചെലുത്തുന്ന സ്വാധീനവും അതുളവാക്കുന്ന മാററവും വിശദീകരിക്കാൻ മാർക്സിനു കഴിഞ്ഞു. മാർക്സ് തന്റെ സ്വന്തം ഭാഷയിൽ പറയുന്നതിങ്ങനെയാണു്. "തലകുത്തി നിന്ന ഹെഗലിയൻ വൈരുദ്ധ്യവാദം നേരെ പിടിച്ചുനിറുത്തുക മാത്രമാണു് ഞാൻ ചെയ്തതു്."

22ct സ്വർണ്ണാഭരണങ്ങൾക്കു് സന്ദർശിക്കുക!
**പുൽപ്പറമ്പിൽ ജൂവലറി**
മാർക്കററ് റോഡ്, തൊടുപുഴ

## SHOULD YOU FEEL SAD......

Should you feel sad,
Recall a favourite song, your friends,
Remember jokes, good times you had,
Your heroes, famous men.........
Recall past days of happiness
And tell yourself that more will come
Some folk are unmoved by distress-
Rejoice that your heart is not numb.........
Then place your tiny grief beside-
The griefs and joys of all mankind
Whatever the grief's weight they bore,
Men lived and shall live evermore.
Remember there is much that's good,
Nor is life permanently bad.
Observe proportion, as you should.
One cannot be forever sad......
Should you feel sad......... please, cut it out!
You have so much to think about...... ..

Haridas. G. III D. C. MATHS

## THE BIGGEST LIE EVER TOLD

One fine morning, in the middle of the night,
Two dead boys came out to fight,
Back to back they faced each other,
Took out KNIVES AND SHOT EACH OTHER
Two deaf policemen, on hearing the noise,
Came and shot these two dead boys,
If you don't believe this tale to be true,
ASK THE BLIND MAN WHO SAW IT TOO.

KOCHUMOL JOHN
$E_2$ - BATCH.

JYOTHI EQUIPMENTS
Market Road, Thodupuzha - 685584

Phone. 2206

Dealers in:

★ MOTOR & PUMPSETS
★ HOME APPLIANCES
★ A WIDE RANGE OF INDUSTRIAL MACHINERIES

OUR INSTITUTE
Thodupuzha East
(Shift Base. All Subjects Tution classes for College going)

FREEZE ENGINEERS
(Refrigeration & Airconditioners)

# COLLEGE UNION
# ANNUAL REPORT 1984-85

The chief guest of the day Sri. Krishnan Nair I. P. S., Respected Principal, beloved teachers and my dear friends,

Let me present before you a brief report of our college union activities for the academic year 1984-85. The College Union elections were held on 12th October 1984. The following candidates are the office bearers of college union.

| | |
|---|---|
| T. C. Mathew | — Chairman |
| Molly Joseph | — Vice chairman |
| B. Vinod | — General Secretary |
| Thomas C. J. and Shaji Eappen | — University Union Councillors |
| Jaya Mohan T. S. | — Editor |
| Shaji P. G. | — Arts club Secretary |

Sheela N. B. and Sophy Jacob were elected Lady representatives. Santhosh, Tomy Sebastian, Hassan A. P., Anilkumar R., Shaji K. J., Kuriakose K. J., Baby Joseph, Mathew K. P. were elected secretaries of Maths, Physics, Chemistry, Zoology, Commerce, Economics, History, and Literature associations respectively.

George John, Sabu Varghese, Jose Joseph, Joshy Kuriakose, Jose T. Philip, were elected as representatives of I P D C, II P D C, I D C, II D C, III D C respectively.

The members of the Union were sworn in by our Principal. Prof. P. J. Mathew (Head of physics Dept) was nominated as the Staff Adviser. We are grateful to him for his guidance. Augusty. P. A. was nominated as the Sports Secretary. Madhugopal, Sibi Thomas and Sebastian T. L. were nominated as President and Secretaries of the Debating club.

The activites of the College Union commenced with the Union inauguration by Hon. Governor P. Ramachandran on 19 th November. Our patron His Exellency Rev. Dr. George Punnakkottil blessed the function with his presence.

Under the auspices of Debating club a debate was held on the disirability of presidential or parliamentary form of Govt for India. Prof. George James (Head of Economic Dept) spoke in favour of presidential form and Prof. K. A. Aprem in favour of parliamentary system. We plan to conduct debate on various topics of common interest.

A meeting for the women's affairs was held for the frist time in our College. Sister Berchamens, Vice Chairman Molly Joseph and Lady representatives Sheela N. B. and Sobhy Jacob deserves special regards. This being International youth year a youth day was celebrated on 15th February.

The Inauguration of our Arts club was held on 29th January. Famous film actress 'Rohini' chaired the meeting .Then the arts festivel was conducted. A Buddhist monk "Bhicker Olandha Ananda" gave an informative talk on Buddhism. Annual Sports was held on 21st and 22nd of February.

Enough funds were not available for our Union activities We collected funds from the teachers as well as from the students.

I take this oppertunity to thank our Principal for his timely help and guidance in all matters. I express any heart felt-feeling of gratitude to the Vice Principal Prof. T. S. Chacko who is our well wisher and the members of the staff for their valuable help and guidance and above all to the students for their kind Co-operation in all the activities.

Thank you

Vinod B.
General Secretary.

MATHS ASSOCIATION



Inaugurated by Dr. K. N. Sankara Narayanan
(Prof. M. A. College, Kothamangalam)

ZOOLOGY



Inaugurated by K. M. Girijan (Deputy Director, Animal Husbandary, Idukki)

PHYSICS ASSOCIATION



Inaugurated by Sri. P. K. Abraham AEE., M. V. I. P.

CHEMISTRY



Inaugurated by Prof. K. J. Scaria M. Sc.
(St. Thomas College, Palai)

## ECONOMICS



Inaugurated by Adv. E. A. Rahim

## HISTORY



Fr. Joseph Panthackal M. A., B.Ed. lights the lamp

## LITERATURE ASSOCIATION



Inaugurated by Prof. Sunny Thomas
(St Stephen's College, Uzhavoor)

## COMMERCE



Inaugurated by Sri Rudravarrier
(Manager, Union Bank of India.)

# REPORT OF THE ASSOCIATIONS

## English Association

Kindly allow me to present before you a short record of the activities of English Association during the academic year 1984-85.

The activities of English Associations began with the election of Mr. Mathew. K. P. II B. A. Literature as the English Association Secretary Prof. P. M. John. the head of the English Department was nominated as the director of the Association.

The formal inaguration of the Associations was done by P. Ramachandran, the governer of Kerala, held on 17th November 1984.

The inaugural meeting of our Association was conducted on 3rd December 1984. Prof. P. M. John presided over the function. Prof. Sunny Thomas, the head of the English department of St. Stephen's College Uzhavoor inaugurated the activities of the Association and made an excellent speech on English Literature and its necessities. He was also the National / Shooting. Champion. Variety of entertainments of our friends made the function unique. We successfully conducted various activities of our Association.

I conclude my report taking the opportunity to thank our beloved principal for his presence in the activities of the Association. I express my gratitude to Prof. P. M. John, the director of the Association and all the teachers of English Department for their valuable help and guidance and above all, the members of the Association for their sound co-operation.

Mathew, K. P.
II B. A. Literature.
Secretary, English Association

## Report of the Economics Association

With great pleasure and gratitude I present before you a brief report of the Economics Association in our college during the academic year 1984-1985.

The activities of the Economics Association commenced with the election of Mr. Kuriakose K. J. III, B. A. Economics as Secretary. Prof. George James was nominated as the President of the Association.

The inauguration of the Association was done by His Exellency P. Ramachandran Governer of Kerala.

The inauguration of the Economics Association was conducted on wednesday 12th December 1984. Advocate Sri. E. A. Rahim inaugurated the Association. Prof. George James with his eloquence and clarity instructed us the duties as the members of the Association. Due to lack of time and some special circumstances. I could not conduct many programmes which were planned out.

In conclusion, I express my heart felt- indebtedness to our beloved principal, Director members of the staff and above all the members of the Assocation for

their help and co-operation that they have rendered to me.

Thanking you all,

I remain
Kuriakose K. J. III B. A.
Secretary.

## Report of History Association

Let me present before you a brief report of the activities of History Association.

